ശ്രീ. സാജുപോൾ: സത്യത്തിൽ യാതൊരുവിധ പരിഗണനയുമില്ലാത്ത കാര്യങ്ങളാണ് പറഞ്ഞത്. ഒരു നാടകത്തിൽ അതിലെ ഒരു കഥാപാത്രം മുഖത്തേക്ക് തുപ്പരുത് എന്നു പറയുന്നുണ്ട്, അപ്പോൾ മറുപടി പറയുന്നത് തുപ്പുന്നിടത്ത് മുഖം വയ്ക്കരുത് എന്നാണ്. ഞാൻ പറയട്ടെ ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഉൾപ്പെടെ ക്ഷമയോടുകൂടി കേൾക്കണം. ഈ നിയമസഭയ്ക്കകത്തും പുറത്തും കഴിഞ്ഞ കുറേ ദിവസങ്ങളായി എന്താണ് സ്ഥിതി. ഭരണപക്ഷത്തുള്ള ബഹുമാന്യരായ ആർ. ബാലകൃഷ്ണ പിള്ള, ടി. എം. ജേക്കബ്, ഷിബു ബേബിജോൺ ഇവരൊക്കെ ഈ സഭയ്ക്കകത്ത് പറഞ്ഞ കാര്യങ്ങൾ എന്താണ്? യഥാർത്ഥത്തിൽ ടെലിവിഷനിൽ കോൺഗ്രസ് നേതാക്കൻമാരുടെ പ്രകടനങ്ങൾ കണ്ട് ബോധംകെടുന്ന വീട്ടമ്മമാരും, കുട്ടികളും ഡ്രാക്കുള സീരിയൽ കാണുമ്പോഴാണ് നോർമലാകുന്നത്. സർവ്വശ്രീ. കെ. മുരളീധരൻ, കെ. കരുണാകരൻ, എം. പി. ഗംഗാധരൻ ഇവരൊക്കെ കരിമണൽ ലോബി, മദ്യമാഫിയ, ഇങ്ങനെ നിരവധി കാര്യങ്ങളുമായി ബന്ധപ്പെട്ട് ഉയർത്തിയിട്ടുള്ള ആക്ഷേപങ്ങൾക്ക് എന്താണ് മറുപടി പറയാനുള്ളത്? അതിനെപ്പറ്റി കൃത്യമായ മറുപടി പറയാതെ പ്രതിപക്ഷ നേതാക്കൻമാരുടെ മേൽ മെക്കിട്ടു കേറുന്ന സമീപനം അവസാനിപ്പിക്കണം. ഈ ധനാഭ്യർത്ഥകളെ ഒരിക്കൽക്കൂടി ശക്തിയായി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കേരളത്തിലെ നയം പഴയ കാല സെമീന്താരി സിസ്റ്റത്തിന്റെ തുടർച്ചയായി രൂപപ്പെട്ട് വന്നിട്ടുള്ളതാണ്. ഇൻഡ്യയിലെ ഭൂവുടമ സമ്പ്രദായവും റവന്യൂ കളക്ഷനുമായും ബന്ധപ്പെട്ട് ഷേർഷായുടെ കാലം മുതൽ തുടർന്നുപോരുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പല സംവിധാനങ്ങളും ഇന്നും റവന്യൂ വകുപ്പിൽ യാതൊരു മാറ്റവുമില്ലാതെ തുടരുന്നുണ്ട്. ഏകദേശം 1453 വില്ലേജ് ഓഫീസുകളിലായി 63 താലൂക്ക് ഓഫീസുകളിലായി 21 ആർ.ഡി. ഓഫീസുകളിലായി 14 ജില്ലാ കളക്ടറേറ്റുകളിലായി വ്യാപിച്ചു കിടക്കുന്ന റവന്യൂ ഭരണം, കേരളത്തിന്റെ ഏറ്റവും ദീപ്തമായ ഭരണ സിരാകേന്ദ്രങ്ങളിൽ ഒന്നായി മാറിയിട്ടുണ്ട്. റവന്യൂവിന്റെ സാന്നിദ്ധ്യമില്ലാതെ ഈ ഭരണം മുന്നോട്ടുപോകില്ല എന്നുള്ളത് യാഥാർത്ഥ്യമായിരിക്കുകയാണ്. ജനങ്ങളുടെ നിത്യജീവിതത്തിൽ റവന്യൂ വകുപ്പിന്റെ സ്വാധീനം ഓരോ നിമിഷവും ഏവർക്കും ബോദ്ധ്യപ്പെടുന്ന ഒന്നാണ്. അതുകൊണ്ടുതന്നെ റവന്യൂ വകുപ്പിന്റെ നവീകരണവും പ്രവർത്തനക്ഷമതയും മുന്നോട്ടുള്ള പ്രയാണവുമൊക്കെ കേരളീയർ മുഴുവൻ നോക്കിക്കാണുന്ന ഏറ്റവും സുപ്രധാനമായ ഒന്നാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് രൂപംകൊണ്ട ലക്ഷംവീട് പദ്ധതി ഫലപ്രദമായി; പിന്നീട് അതിന് പുനഃപരിശോധന ഉണ്ടായിരുന്നില്ല. എന്നാൽ ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിലെ ലക്ഷംവീടുകൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി പുതിയ ഒരു പദ്ധതി കൊണ്ടുവന്നത് സാധാരണക്കാരിൽ സാധാരണക്കാരായ പാവപ്പെട്ടവരോടൊപ്പമാണ് ഈ ഗവൺമെന്റ് എന്ന് സൂചിപ്പിക്കുന്ന ശക്തമായ ഒരു നടപടിയാണ്. അതോടൊപ്പംതന്നെ 'ഓണം വന്നാലും ഉണ്ണിപിറന്നാലും കോരന് കഞ്ഞി കുമ്പിളിൽ' എന്ന പഴയ പാട്ടുപോലെ ഒരു തുണ്ട് ഭൂമിയില്ലായിരുന്ന പാവപ്പെട്ട പുറംപോക്കുകളിൽ താമസിക്കുന്നവർക്ക് ഭൂമി പതിച്ചുകൊടുക്കാനുള്ള ധീരമായ ഒരു തീരുമാനമാണ് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സർക്കാർ ശ്രീ. കെ. എം. മാണിയുടെ നേതൃത്വത്തിൽ എടുത്തിട്ടുള്ളത്. ഇടുക്കി അടക്കമുള്ള മലയോര മേഖലയിലെ കൃഷിക്കാർക്ക് പട്ടയം നൽകാനുള്ള തീരുമാനവും വളരെയേറെ സ്വാഗതാർഹമാണ്. അങ്ങനെ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ റവന്യൂ വകുപ്പിൽ നടന്നുകൊണ്ടിരിക്കുകയാണ്. ലോകത്തെ മുഴുവൻ നടുക്കിയ സുനാമി തിരമാലകൾ കേരള തീരത്ത് ആഞ്ഞടിച്ചപ്പോൾത്തന്നെ ഉണർന്നു പ്രവർത്തിക്കുവാനും അവസരോചിതമായി വേണ്ടപ്പെട്ട മറ്റു നടപടികൾ സ്വീകരിക്കുവാനും കേരളത്തിന് വെളിയിൽ മറ്റു സംസ്ഥാനങ്ങളിൽ ഉണ്ടായതിനേക്കാൾ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്താനുമൊക്കെ റവന്യൂ വകുപ്പ് എടുത്ത ശക്തമായ തീരുമാനം എതിരാളികൾ പോലും അംഗീകരിക്കുന്ന ഒരു വസ്തുതയാണ്. സുനാമി ദുരന്തത്തിൽപ്പെട്ടവരെ മാറ്റിപ്പാർപ്പിക്കാൻ താൽക്കാലിക ഷെഡ്ഡുകൾ സമയ ബന്ധിതമായി തീർക്കാൻ കഴിഞ്ഞു. കഴിഞ്ഞദിവസം ഞാൻ ആറാട്ടുപുഴ അടക്കമുള്ള സ്ഥലങ്ങളിലൊക്കെ പോയി, എനിക്ക് അവിടം കാണാനുള്ള അവസരമുണ്ടായി. അക്കാര്യത്തിലൊക്കെ ഗവൺമെന്റ് എടുത്ത നിലപാടുകൾ കേരളം മുഴുവൻ അംഗീകരിക്കുന്ന കാര്യമാണ്. ഇവിടെ ഒന്നുരണ്ടു കാര്യങ്ങൾ എനിക്ക് ചൂണ്ടിക്കാണിക്കാനുണ്ട്, അതിൽ പ്രധാനപ്പെട്ട ഒരു കാര്യം നമ്മുടെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടതാണ്. പൊന്നാനി വില്ലേജിൽ 1453 ഏക്കർ സ്ഥലമുള്ളതിൽ ആയിരം ഏക്കറിനു മാത്രമേ വില്ലേജിൽ നിയന്ത്രണമുള്ളൂ. എന്റെ ജില്ലയായ ഇടുക്കി ജില്ലയിലെ കെ.ഡി.എച്ച്. വില്ലേജ്

എന്നുപറയുന്നത് ഒരു ജില്ലയേക്കാൾ വലുതാണ്. അങ്ങനെ വലിയ വില്ലേജുകളും ചെറിയ വില്ലേജുകളും ഉണ്ട്. ഈ വില്ലേജുകളിൽ ഇപ്പോൾ ഒരു വില്ലേജ് ഓഫീസിൽ ഒരു വില്ലേജ് ഓഫീസറും രണ്ട് വില്ലേജ് അസിസ്റ്റന്റുമാരുമടക്കം അഞ്ച് ജീവനക്കാരാണുള്ളത്. പഞ്ചായത്ത് രാജ് നിയമം വന്നതിനുശേഷം സർട്ടിഫിക്കറ്റ് കൊടുക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്തിന് വിട്ടുകൊടുത്തുവെങ്കിലും ഇന്ന് 10 പേർക്ക് കൊടുക്കുന്ന ഒരു ആനുകൂല്യത്തിന്റെ സർട്ടിഫിക്കറ്റ് പോലും വില്ലേജ് ഓഫീസിൽ വീണ്ടും തിരിച്ചു വരുന്ന ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ട് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനത്തെ കാര്യക്ഷമമാക്കാൻ ഒന്നുകിൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കണം, അതല്ലെങ്കിൽ പരിപൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു കൊണ്ടുള്ള നടപടികൾ സ്വീകരിക്കണം. ഇപ്പോൾ എം.ജി.പി.-യിൽ ഉൾപ്പെടുത്തി കുറേ വില്ലേജ് ഓഫീസുകൾ നവീകരിക്കാനുള്ള പദ്ധതികൾ കൊണ്ടുവന്നിട്ടുണ്ട് എങ്കിലും ആ വില്ലേജ് ഓഫീസുകളിൽ ഫലപ്രദമായി അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരിക്കുകയാണ്.

ശ്രീ. എൻ. രാജൻ: ബഹുമാനപ്പെട്ട മെമ്പർ തന്നെ പറഞ്ഞു കേരളത്തിൽ ഏറ്റവും വലിയ വില്ലേജാണ് കെ.ഡി.എച്ച്. വില്ലേജ് എന്ന്. അവിടത്തെ പ്രവർത്തനങ്ങളും വിലയിരുത്തി പറയുകയുണ്ടായി. പാവപ്പെട്ടവന് സർട്ടിഫിക്കറ്റുകൾ വാങ്ങണമെങ്കിൽ 40-ഉം, 50-ഉം കിലോമീറ്റർ സഞ്ചരിച്ച് വേണം ഇവിടെ എത്താൻ. അതുകൊണ്ട് കെ.ഡി.എച്ച്. വില്ലേജിനെ പുനർ വിഭജിച്ച് ഒരു പുതിയ വില്ലേജ് രൂപീകരിക്കുവാൻ അങ്ങ് നിർദ്ദേശം കൊടുക്കുമോ?

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട ദേവികുളം മെമ്പർ ഇവിടെ ഒരു കാര്യം പറഞ്ഞു, 1978-ൽ അന്നത്തെ റവന്യൂ സെക്രട്ടറി ആയിരുന്ന കുഞ്ഞിക്കോയ വില്ലേജുകളുടെ പുനർവിഭജനത്തെ സംബന്ധിച്ച് റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് പതിനായിരം ജനസംഖ്യയും ഇരുപത്തിയഞ്ചു സ്ക്വയർ കിലോമീറ്ററും അതിനുമുകളിലുള്ളതെല്ലാം വിഭജിക്കണമെന്നാണ്. കേരളം മുഴുവൻ വിഭജിക്കേണ്ട ഒരു സാഹചര്യമാണുള്ളത്. ഇവിടെ വില്ലേജാഫീസുകളെ സംബന്ധിച്ച് പ്രധാനപ്പെട്ട മനുഷ്യത്വപരമായ ഒരു കാര്യം സഭയുടെ മുൻപിൽ അവതരിപ്പിക്കുകയാണ്. എന്താണെന്നു ചോദിച്ചാൽ 1453 വില്ലേജുകളിൽ 572 എണ്ണത്തിൽ മാത്രമാണ് പാർട്ട് ടൈം തൂപ്പുകാരുള്ളത്. അവരെ മാത്രമേ അംഗീകരിച്ചിട്ടുള്ളൂ, ബാക്കി വില്ലേജുകളിൽ കാഷ്വൽ ആയിട്ടുള്ള തൂപ്പുകാരാണ്—യഥാർത്ഥത്തിൽ ചുവപ്പുനാടയ്ക്കുപുകൾപെറ്റ റവന്യൂ വകുപ്പിലെ ഒരു ചുവപ്പുനാട കാരണമാണ് പാവപ്പെട്ട ആയിരത്തോളം വരുന്ന വില്ലേജാഫീസുകളിലെ താൽക്കാലിക തൂപ്പുകാരെ പാർട്ട് ടൈം തൂപ്പുകാരായി അംഗീകരിക്കാതെ പോയത്. വില്ലേജാഫീസുകളിൽ നിന്നും താലൂക്ക് ആഫീസുകളിൽ നിന്നും കളക്ടറേറ്റുകളിൽ നിന്നും റിപ്പോർട്ട് കൊടുക്കാൻ വൈകിയതാണ് ഇതിന് കാരണം. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുകയാണ്. തീർച്ചയായിട്ടും ആ പാവപ്പെട്ട താൽക്കാലിക തൂപ്പുകാരെ സ്ഥിരപ്പെടുത്താനുള്ള ധീരമായ നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തന്നെ ഒരു പ്രധാനപ്പെട്ട കാര്യമാണ്, വർഷംതോറും അനുമതി പുതുക്കികൊടുത്തില്ലെങ്കിൽ പ്രവർത്തനം നിന്നുപോകുന്ന കുറേ താൽകാലിക ഓഫീസുകൾ ഉണ്ട്. ഉദാഹരണത്തിന് തിരുവനന്തപുരത്തെ ശ്രീ. പണ്ടാരവക ഓഫീസിന്റെ പുരവയ്ക്കൽ നടന്നിട്ടില്ല. ജീവനക്കാർക്ക് ശമ്പളം കിട്ടിയിട്ട് ഒരു വർഷമായി, ഇടുക്കി ജില്ലയിലെ ലാന്റ് അസൈൻമെന്റുമായിട്ട് ബന്ധപ്പെട്ട മൂന്നു ഓഫീസുകൾക്കു പുനരനുമതി കൊടുത്തിട്ട് ഒരു വർഷത്തിലേറെയായി. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ തന്നെ കണ്ണൂർ ജില്ല അടക്കമുള്ള ജില്ലകളിൽ ലാന്റ് അക്വസിഷന്റെ കാര്യത്തിൽ ഒരു തീരുമാനമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ കമ്പ്യൂട്ടർവൽക്കരണം, കേരളത്തിലെ ആദ്യത്തെ കമ്പ്യൂട്ടർവൽക്കരിച്ച ജില്ലയാണ് പാലക്കാട് ജില്ല. ഞങ്ങൾ ഈ അടുത്ത ദിവസം നിയമസഭാ കമ്മിറ്റിയുമായി ബന്ധപ്പെട്ട് അവിടെ പോയപ്പോൾ അവിടുത്തെ മിടുക്കനായ കളക്ടർ ശ്രീ. അജയകുമാറിനെ കാണുകയുണ്ടായി. അപ്പോൾ കമ്പ്യൂട്ടർ വൽക്കരണത്തെ സംബന്ധിച്ച് ഞങ്ങൾ ചോദിച്ചു. ഞാൻ അവിടെയൊക്കെ കയറിയിറങ്ങി നടന്നു. അവിടെ മുഴുവൻ കമ്പ്യൂട്ടർ വച്ചിട്ടുണ്ട് എന്നുള്ളത് സത്യമാണ്. പക്ഷെ കമ്പ്യൂട്ടറധിഷ്ഠിതമായ പ്രവർത്തനം ഭാഗികമായി മാത്രമേ തുടങ്ങിയിട്ടുള്ളൂ. അവിടെ മുഴുവൻ കമ്പ്യൂട്ടർ വച്ച് നല്ല സംവിധാനങ്ങൾ ഏർപ്പെടുത്തി. പക്ഷേ നൂറു ശതമാനം കമ്പ്യൂട്ടർവൽക്കരിച്ച കളക്ടറേറ്റാണ് പാലക്കാട് കളക്ടറേറ്റ് എന്നുപറയുന്നത് യഥാർത്ഥത്തിൽ ശരിയല്ല. എനിക്ക് നേരിട്ട് ബോദ്ധ്യം വന്നിട്ടുള്ള കാര്യമാണ്. എനിക്ക് പറയാനുള്ളത് കേരളത്തിലെ മുഴുവൻ വില്ലേജാഫീസുകളും താലൂക്കാഫീസുകളും കളക്ടറേറ്റുകളും സെക്രട്ടറിയേറ്റുമായി ബന്ധപ്പെടുത്തി കമ്പ്യൂട്ടർ വാങ്ങിവയ്ക്കുകയെന്നുള്ളതല്ല, വാങ്ങിവച്ച കമ്പ്യൂട്ടർ രണ്ടാഴ്ച കഴിയുമ്പോൾ എടുത്തുകൊണ്ടു പോകുകയെന്നുള്ളതല്ല, കമ്പ്യൂട്ടർ പഠിക്കാൻവേണ്ടി കുറേയാളുകളെ നിയമിക്കുകയെന്നുള്ളതല്ല, കമ്പ്യൂട്ടർ വൽക്കരിച്ചുകൊണ്ട് ഈ പ്രവർത്തനങ്ങൾ ശക്തമായ നടപടികളുമായി മുന്നോട്ടുപോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, അഗതി പെൻഷൻ, തൊഴിലില്ലായ്മ പെൻഷൻ, വിധവകളുടെ മക്കളുടെ വിവാഹധനസഹായം നിർദ്ധന കുടുംബങ്ങൾക്കുള്ള ധനസഹായം, നിർമ്മാണത്തൊഴിലാളികളുടെ പെൻഷൻ തുടങ്ങിയതിനെ സംബന്ധിച്ച എല്ലാ സർട്ടിഫിക്കറ്റുകളും സാക്ഷിപത്രവും ഇപ്പോഴും വില്ലേജ് ആഫീസുകളിൽക്കൂടിയാണ് പോകേണ്ടത്. വളരെയേറെ ജോലിഭാരം പാവപ്പെട്ട വില്ലേജാഫീസുകളിലെ ജീവനക്കാർക്കുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടിയുണ്ടാക്കണമെന്നുള്ള അഭ്യർത്ഥനയാണെനിക്കുള്ളത്. പ്രകൃതിക്ഷോഭവും മറ്റെന്ത് ദുരന്തമുണ്ടായാലും ഓടിയെത്തേണ്ടത് വില്ലേജ് സ്റ്റാഫാണ്. അതിനു വേണ്ടിയുള്ള ശക്തമായി നടപടികൾ ആ രംഗത്ത് ഉണ്ടാകണം. അതുപോലെതന്നെ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആർ.ഡി. ഓഫീസുകൾ നിർത്തലാക്കുകയുണ്ടായി. ആർ.ഡി. ഓഫീസുകൾ നിർത്തലാക്കുന്നതിനെയല്ല ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യം ചെയ്യുന്നത്. നിർത്തലാക്കിയതിനെത്തുടർന്ന് ഇന്ന് വില്ലേജാഫീസുകളുടെ മേൽനോട്ടം സംബന്ധിച്ച പ്രവർത്തനങ്ങൾ തകരാറിലായിട്ടുണ്ട് എന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ വില്ലേജാഫീസുകളുടേയും താലൂക്ക് ഓഫീസുകളുടേയും കളക്ടറേറ്റുകളുടേയും പരിശോധന കാലാകാലങ്ങളിൽ ഫലപ്രദമായി നടക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇപ്പോൾ കേരളത്തിൽ ഏകദേശം നൂറിൽപ്പരം വില്ലേജാഫീസർമാർ കൈക്കൂലി കേസിൽ അകത്താണ്. അല്ലെങ്കിൽ കേസ് നടത്തിക്കൊണ്ടിരിക്കുകയാണ്. വ്യാപകമായ കൈക്കൂലി റവന്യൂ വകുപ്പിൽ വർദ്ധിച്ചുവരുന്നത് കേരളത്തിന്റെ ഒരു പൊതു സ്വഭാവമാണ്, ആ വകുപ്പിന്റെ ഒരു പ്രത്യേകത മാത്രമല്ല അതിനെ ഒരു പൊതുസ്വഭാവമായി നാം കാണേണ്ടതുണ്ട്. ഇതിനെതിരെ ശക്തമായ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വേറൊരു പ്രധാനപ്പെട്ട കാര്യം കേരളത്തിന്റെ റവന്യു വരുമാനം വർദ്ധിപ്പിക്കുന്നതിന് ഏറ്റവും നല്ല കാര്യമാണ് ബില്ലിംഗ് സമ്പ്രദായത്തിലൂടെ ടാക്സ് പിരിവ് ഊർജ്ജിതപ്പെടുത്തുകയെന്നുള്ളത്. അസസ്സ്മെന്റ് ശക്തിപ്പെടുത്തണം. ലക്ഷ്വറി ടാക്സിന്റെ കാര്യമെടുക്കാം, മൂവായിരം സ്ക്വയർഫീറ്റിൽ അധികമുള്ള റസിഡൻഷ്യൽ ബിൽഡിങ്ങിന് ഓരോ വർഷവും രണ്ടായിരം രൂപ ലക്ഷ്വറി ടാക്സ് കൊടുക്കണമെന്നാണ് നിയമം. പക്ഷെ പതിനായിരക്കണക്കിനുള്ള വീടുകൾ പരിശോധിക്കാൻ ആവശ്യത്തിന് സ്റ്റാഫ് ഇല്ല. അതിനുവേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കണം. 1000 സ്ക്വയർ ഫീറ്റിന് മുകളിലുള്ള റസിഡൻഷ്യൽ ഫ്ളാറ്റിന് ടാക്സ് ഈടാക്കണം. പക്ഷേ അതൊന്നും ഫലപ്രദമായി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെ 750 സ്ക്വയർ ഫീറ്റിന് മുകളിലുള്ള കൊമേഴ്സ്യൽ ബിൽഡിംഗിനും ടാക്സ് ഈടാക്കാം. ഇപ്പോൾ നമ്മുടെ നാട്ടിൽ നടക്കുന്ന ഒരു കാര്യം ഒരു ചെറിയ ഒന്നാം നില പണിത് വയ്ക്കും, പിന്നീട് സാവധാനം രണ്ടു മൂന്നും നാലും ബഹുനില കെട്ടിടങ്ങൾ പണിതുയർത്തും. ഇതൊന്നും അസസ് ചെയ്യാൻ നടപടികളില്ല. താലൂക്ക് ഓഫീസിലെ ജൂനിയർ ഇൻസ്പെക്ടർമാരെയാണ് ഇതിന് ചുമതലപ്പെടുത്തുക. പലപ്പോഴും അത് നടക്കാറില്ല. അടിയന്തിരമായി അതിന് നടപടി സ്വീകരിക്കണം. അതുപോലെതന്നെ പാട്ടത്തിന് കൊടുക്കുന്ന ഭൂമിയുടെ തുക കഴിഞ്ഞ പ്രാവശ്യം കുറച്ചുകൊണ്ടുവന്നു. എങ്കിലും അത് പിരിച്ചെടുക്കുന്ന കാര്യത്തിൽ ശക്തമായ നിലപാട് വേണം. സർക്കാർ ഭൂമിയുടെ കാര്യത്തിൽ വ്യക്തമായ പ്രത്യേകിച്ച് സാറ്റലൈറ്റിന്റെ സഹായത്തോടുകൂടിയുള്ള ഭൂമിയുടെ സർവേയും മറ്റ് കാര്യങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്തണം. പ്ലാന്റേഷൻ ലീസിന് കൊടുത്തിരിക്കുന്ന സ്ഥലത്തെ സംബന്ധിച്ച് വ്യക്തമായ നയപരിപാടികൾ രൂപീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. താലൂക്ക് ഓഫീസിന്റെ കാര്യം പറഞ്ഞതുപോലെതന്നെയാണ് വില്ലേജാഫീസും. എന്റെ ബഹുമാന്യ സ്നേഹിതൻ പുതുശ്ശേരിയുടെ മല്ലപ്പള്ളി താലൂക്കിൽ അഞ്ച് വില്ലേജുകൾ മാത്രമാണുള്ളത്. എന്നാൽ കണ്ണൂർ ജില്ലയിലെ തലശ്ശേരി പരിശോധിച്ചപ്പോൾ 47 വില്ലേജുകളുണ്ട്. താലൂക്ക് ഓഫീസുകളും ശാസ്ത്രീയമായി പുനർവിഭജനം

LIBRARY ARCHIVES Kerala Legislative Assembly

നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എനിക്ക് ഇവിടെ ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് മൂന്നാർ മേഖലയിൽ ഞാൻ കഴിഞ്ഞ ദിവസം പോയി ബഹുമാനപ്പെട്ട ദേവികുളം മെമ്പർ ഇവിടെയിരിപ്പുണ്ട്. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്തും അതിനുമുൻപും മൂന്നാറിൽ ആരംഭിച്ചിട്ടുള്ള ഭൂമികയ്യേറ്റം ശക്തമായി നേരിടാൻ ചില നടപടികളൊക്കെ റവന്യൂ വകുപ്പ് എടുത്തെങ്കിലും വ്യാപകമായ കയ്യേറ്റം ഇപ്പോഴും നടക്കുകയാണ്. അസാധാരണമായ ഒരു ഭൂപ്രദേശം എന്ന നിലയിൽ മൂന്നാർ ഭൂമികയ്യേറ്റത്തെ സംബന്ധിച്ച് പ്രത്യേകിച്ച് റിസോർട്ടുകളുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യത്തെ സംബന്ധിച്ച് ശക്തമായ ഒരു നിലപാട് സ്വീകരിച്ചില്ലെങ്കിൽ പിൽക്കാലങ്ങളിൽ ദുഃഖിക്കേണ്ടിവരും. അതിനുവേണ്ടിയിട്ടുള്ള നടപടികളും ഊർജ്ജിതപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വൈദ്യുതി കണക്ഷൻ കിട്ടാത്തവരുടെ പരാതി കളക്ടർമാർക്കാണ് കൊടുക്കേണ്ടത്. കേരളത്തിൽ ആയിരക്കണക്കിന് ആളുകൾക്ക്, റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നും നടപടിയെടുത്ത്, അനുമതി നിഷേധിക്കുന്ന സ്ഥലത്ത് വൈദ്യുതി കൊടുക്കാനുള്ള, നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ തന്നെ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി പ്രഖ്യാപിച്ച പുറംപോക്കു ഭൂമി പതിച്ചുകൊടുക്കാനുള്ള തീരുമാനം, അടിയന്തിരമായി നടപ്പിലാക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. ഇടുക്കി ജില്ലയടക്കമുള്ള ആദിവാസി മേഖലയിൽ ഒരു ഉദാഹരണം. ഞാൻ പറയട്ടെ, തൊടുപുഴ നിയോജകമണ്ഡലത്തിലെ ആദിവാസി മേഖലയിൽ ആദിവാസികൾ കൈമാറ്റം ചെയ്യപ്പെട്ട സ്ഥലത്തിനൊക്കെ പട്ടയം ലഭിച്ചു. എന്നാൽ ആദിവാസികൾ നൂറ്റാണ്ടുകളായി കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് പട്ടയമില്ല. ബഹുമാനപ്പെട്ട കെ. എം. മാണിയും മുഖ്യമന്ത്രിയും ഈ സഭയിലും സഭയ്ക്ക് വെളിയിലും പലവട്ടം പാവപ്പെട്ട ആദിവാസികൾക്ക് ഉറപ്പുനൽകിയിട്ടുള്ളതാണ്. ആദിവാസികളുടെ കൈവശഭൂമിക്ക് പട്ടയം നൽകാനുള്ള നടപടിയുണ്ടാകണം. കൈവശ രേഖ പോരാ, കുടുംബശ്രീയുടെ വീട് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. പാവപ്പെട്ടവർക്ക് ഒരു വീട് വയ്ക്കാനുള്ള ആനുകൂല്യം നേടിയെടുക്കാൻ കഴിയുന്നില്ല. ബാങ്കിൽ നിന്ന് ലോണെടുക്കാൻ കഴിയുന്നില്ല. കുട്ടികൾക്ക് പഠിക്കണമെങ്കിൽ ഫീസ് ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാൻ പറ്റുന്നില്ല. ആദിവാസികൾക്ക് പട്ടയം നൽകാനുള്ള ശക്തമായ നടപടി സ്വീകരിക്കണം. ആദിവാസികൾ വിറ്റ, നാട്ടുകാർ വാങ്ങിയ സ്ഥലത്തിന് പട്ടയം കൊടുക്കുകയും ആദിവാസികൾക്ക് പട്ടയം കൊടുക്കാതിരിക്കുകയും ചെയ്തത് ശക്തമായ ഭാഷയിൽ പറഞ്ഞാൽ വഞ്ചനയാണ്. തീർച്ചയായും ഈ കാര്യത്തിൽ ഗൗരവമായ നിലപാട് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഡയറക്ട് റിക്രൂട്ടുമെന്റിനുവേണ്ടി ഡെപ്യൂട്ടി കളക്ടർമാരുടെ ഒരു ലിസ്റ്റുണ്ട്, മുപ്പതു ദിവസം, മുപ്പത്തിയൊന്ന് ദിവസം, നാൽപ്പതു ദിവസമൊക്കെയാണ് ഒരു ഡെപ്യൂട്ടി കളക്ടർക്ക് പലപ്പോഴും കാലാവധിയുള്ളത്. പുതുതായി ഡയറക്ട് റിക്രൂട്ട്മെന്റിലൂടെ വന്നിരിക്കുന്ന ഡെപ്യൂട്ടി കളക്ടർമാരെ നിയമിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. സാജുപോൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗിച്ചപ്പോൾ നെൽകൃഷിക്കുണ്ടായ അധോഗതിയെപ്പറ്റി പറഞ്ഞു, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ ഇവിടെ ഒരു സമര പ്രഹസനം നടത്തുകയുണ്ടായി. അത് ചരിത്രത്തിന്റെ തിരിച്ചുവരവാണ്.

മാടപ്പനെന്ന് പാവപ്പെട്ട കർഷകൻ അയാളുടെ പാടത്ത് ട്രാക്ടർ ഇറക്കിയപ്പോൾ എ.കെ.ജി.-യുടെ നേതൃത്വത്തിൽ ആ ട്രാക്ടർ കത്തിച്ചു. പാലക്കാട്ട് കത്തിച്ചു. കുട്ട നാട്ടിൽ കത്തിച്ചു. അങ്ങനെ യന്ത്രവൽക്കരണത്തെ എതിർത്തപ്പോൾ
11.00 A. M നെൽകൃഷിയിൽനിന്നും ആളുകൾ പിൻവാങ്ങി. വിപ്ലവം അതിന്റെ സന്തതി കളെ തിന്നുമെന്ന് പറഞ്ഞതുപോലെ അവർതന്നെ കൃത്രിമമായി ഒരു സമരത്തിനുവേണ്ടി മുന്നോട്ടുവന്നു. ചരിത്രത്തിന്റെ തനിയാവർത്തനമാണ് ഇവിടെ കാണാൻ കഴിഞ്ഞിരിക്കുന്നത്. നെൽവയലുകൾ നികത്തുന്നത് സംബന്ധിച്ചുള്ള നിയമം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. അത് കുറേക്കൂടി ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ ആർ.ഡി. ഓഫീസുകൾ കാലോചിതമായി പുനഃസംഘടിപ്പിക്കണം. ഇടുക്കിയിൽ രണ്ട് ആർ.ഡി. ഓഫീസുകളാണുള്ളത്. ദേവികുളത്തിന്റെ കീഴിലാണ് മൂന്നാർ, പീരുമേട്, ഉടുമ്പൻചോല എന്നീ പ്രദേശങ്ങൾ. തൊടുപുഴയുടെ കീഴിൽ തൊടുപുഴ താലൂക്ക് മാത്രമേയുള്ളൂ. എന്റെ അഭിപ്രായത്തിൽ ഒന്നിൽക്കൂടുതൽ ആർ.ഡി. ഓഫീസുകൾ അനുവദിക്കണം. അല്ലെങ്കിൽ അവ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാനുള്ള തീരുമാനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ചൂണ്ടിക്കാണിക്കാനുള്ള മറ്റൊരു പ്രധാനപ്പെട്ട കാര്യം ഭവനനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ടതാണ്. ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ അധികാരം വിട്ടൊഴിയുമ്പോൾ ഭവന നിർമ്മാണ ബോർഡിന് ഒരു പൈസയുടെ ആനുകൂല്യംപോലും തരില്ല എന്ന നിലപാടാണ് ഹഡ്കോ സ്വീകരിച്ചിരുന്നത്. അങ്ങനെ ശക്തമായ നിലപാടുണ്ടായിരുന്നിട്ടും ഇന്ന് ഹഡ്കോയിൽനിന്നും ലോൺ കിട്ടാൻ തുടങ്ങി. പുതിയ ഭവന നിർമ്മാണ പദ്ധതി കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ചില തിവിടെ പ്രഖ്യാപിച്ചിരിക്കുന്നു. അതിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഏകദേശം 712 കോടി രൂപയ്ക്ക് 3.75 ലക്ഷം വീടുകൾ പണിയുന്നതിന് നബാർഡിൽനിന്നും വായ്പയെടുത്ത് ആ പണം വകമാറ്റി ചെലവഴിച്ച ഇടതുമുന്നണി സർക്കാരാണ് കേരളത്തിൽ പാവപ്പെട്ടവന് വീട് കൊടുക്കുന്ന നടപടിയുടെ കടയ്ക്കൽ കത്തിവച്ചത്. കേരളത്തിൽ വീടില്ലാത്ത പതിനായിരക്കണക്കിനാളുകൾ ഇന്നുണ്ട്. പാവപ്പെട്ടവന് അന്തിചായ്ക്കാൻ ഒരു വീട് കൊടുക്കേണ്ടത് പരിഷ്കൃത സമൂഹത്തിന്റെ ആവശ്യമാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ സർവ്വേ നടത്തി ത്രിതല പഞ്ചായത്തുകളുടെ ഫണ്ടുകൾകൂടി സംയോജിപ്പിച്ചുകൊണ്ട് ജില്ലാ ബാങ്കുകളും സഹകരണ ബാങ്കുകളും മറ്റ് ബാങ്കുകളുമായി അല്ലെങ്കിൽ നബാർഡുമായി, ഹഡ്കോയുമായി ബന്ധപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് പണം, ഇടതുപക്ഷ മുന്നണി രാഷ്ട്രീയ അന്ധതയുടെ പേരിൽ നിർത്തിവച്ച രാജീവ് ഗാന്ധി ഹൗസിംഗ് സ്കീം പുനഃരാവിഷ്ക്കരിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ് ഹൗസിംഗ് ബോർഡിൽ ഒറ്റത്തവണ തീർപ്പാക്കൽ പ്രഖ്യാപിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ കെട്ടിക്കിടക്കുന്ന കെട്ടിടങ്ങൾ വിൽക്കാനുള്ള തീരുമാനം എടുത്തുകൊണ്ട് ഹൗസിംഗ് ബോർഡിന് ചലനാത്മകമായ നേതൃത്വം നൽകിയതിനെ ഞാൻ അഭിനന്ദിക്കുകയാണ്. എനിക്ക് ഒരു സങ്കടമുണ്ട്. കഴിഞ്ഞ മൂന്ന് വർഷമായി ഞാൻ ഇവിടെ ആവർത്തിക്കുന്നു. എന്റെ നിയോജകമണ്ഡലമായ തൊടുപുഴയിൽ പത്തമ്പതു ലക്ഷം രൂപ മുടക്കി ഒരു റവന്യൂ ടവർ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി 1991-96 കാലഘട്ടത്തിൽ തറക്കല്ലിട്ട് പണി ആരംഭിച്ചു. എന്റെ മുൻഗാമി പിന്നത്തെ തെരഞ്ഞെടുപ്പിൽ എനിക്കുശേഷം വന്ന എം.എൽ.എ. ബഹുമാനപ്പെട്ട പി. ജെ. ജോസഫ് അന്ധമായ രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ 50 ലക്ഷം രൂപ മുടക്കിയ ആ റവന്യൂ ടവറിന്റെ പണി നിർത്തിവച്ചു. അന്നുമുതൽ ഞാൻ ആവശ്യപ്പെടുന്നതാണ്. റവന്യൂ ടവറിന്റെ പണി പുന:രാരംഭിക്കാനുള്ള ധീരമായ തീരുമാനം എടുക്കണം. തൊടുപുഴയിൽ ധാരാളം സർക്കാർ ഓഫീസുകളും കേന്ദ്ര ഗവണ്മെന്റ് ഓഫീസുകളും മറ്റ് അർദ്ധസർക്കാർ സ്ഥാപനങ്ങളും ആ റവന്യൂ ടവറിൽ വരാൻ എല്ലാ നടപടികളും പൂർത്തിയായിരിക്കുകയാണ്. അക്കാര്യത്തിൽ തീരുമാനം എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ഭവന നിർമ്മാണ പദ്ധതി. ഈ വർഷം തന്നെ കേരളത്തിലെ മുഴുവൻ പാവപ്പെട്ട ആളുകൾക്ക് സമയബന്ധിതമായി വീട് ലഭ്യമാക്കാനുള്ള ബൃഹത്തായ പദ്ധതിക്ക് രൂപം നൽകാൻ ഗവണ്മെന്റ് മുന്നോട്ടു വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വീടില്ലാത്തതിന്റെയും കക്കൂസില്ലാത്തതിന്റെയും ബുദ്ധിമുട്ട് സാധാരണക്കാരിൽ സാധാരണക്കാരായ ആളുകളിന്ന് അനുഭവിക്കുകയാണ്. ഒരു ഭാഗത്ത് കേരളത്തിന്റെ വാസ്തുശിൽപ സങ്കൽപങ്ങളെ മുഴുവൻ ചോദ്യംചെയ്തുകൊണ്ട് മണിമന്ദിരങ്ങൾ കെട്ടിയുയർത്തുമ്പോൾ ഒരു കൂരയുണ്ടാക്കാൻപോലും അവകാശമില്ലാത്ത പാവപ്പെട്ടവന്റെ രോദനം, പ്രയാസം അത് കേൾക്കാൻ ഈ ഗവണ്മെന്റ് മുന്നോട്ടു വരണം. അതിന് പ്രത്യേകമായ ഹൗസിംഗ് സ്കീമിന് നേതൃത്വം നൽകി പാവപ്പെട്ട മുഴുവൻ ആളുകൾക്കും വീടില്ലാത്ത ഒരാൾപോലും കേരളത്തിൽ ഉണ്ടാകാൻ പാടില്ലെന്ന ശക്തമായ നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ജില്ലാ കളക്ടർമാരുടെ പ്രവർത്തനത്തെ സംബന്ധിച്ച് ഒരു വാക്ക് പറയട്ടേ! അദ്ദേഹം 160-ഓളം കമ്മിറ്റികളിൽ അദ്ധ്യക്ഷം വഹിക്കേണ്ട ഉദ്യോഗസ്ഥനാണ്. ജില്ലാ കളക്ടർക്ക് നിന്നുതിരിയാൻപോലും സമയമില്ല. വളരെയേറെ ജോലിഭാരം വർദ്ധിച്ചിരിക്കുന്നു. അതിനനുസരിച്ച് കളക്ടർമാരെ ആശ്രയിച്ചുള്ള ഭരണസംവിധാനം മുന്നോട്ടുപോകുകയാണ്. ഒരു ദുരന്തമുണ്ടായാലും ഏത് ക്രമസമാധാന പ്രശ്നമുണ്ടായാലും കളക്ടർമാർ ചെല്ലേണ്ടി വരുന്ന സാഹചര്യത്തിൽ എങ്ങനെ പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് ആലോചിക്കണം. എന്റെ അഭിപ്രായത്തിൽ ശക്തമായ രീതിയിൽ കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കിക്കൊണ്ട് കളക്ടറേറ്റുകളും താലൂക്കാഫീസുകളും വില്ലേജാഫീസുകളും സെക്രട്ടേറിയറ്റുമായിട്ടുള്ള ബന്ധം ശക്തിപ്പെടുത്തണം. അത് പേരിനുവേണ്ടിമാത്രം ചെയ്തു എന്ന് പറഞ്ഞാൽ പോര. അതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കണം. പ്രകൃതിദുരന്തവുമായി ബന്ധപ്പെട്ട് മുമ്പൊരിക്കലും ഉണ്ടാകാത്ത രീതിയിൽ ഈ പ്രാവശ്യം കർഷകരെ സഹായിക്കാൻ പാവപ്പെട്ടവരെ സഹായിക്കാൻ ധീരമായ നിലപാട് എടുക്കുകയും അപ്പപ്പോൾത്തന്നെ തീരുമാനങ്ങൾ ഉണ്ടാക്കുകയും ചെയ്ത റവന്യൂ വകുപ്പ് പ്രശംസ അർഹിക്കുന്നുണ്ട്. കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രദമായ പ്രവർത്തനങ്ങളുമായി നമുക്ക് മുന്നോട്ടു പോകണം. നമ്മുടെ നേട്ടങ്ങൾ ഉറപ്പിച്ചുനിർത്താൻ വില്ലേജാഫീസുകളും താലൂക്കാഫീസുകളും കളക്ടറേറ്റുകളും കൂടുതൽ ഫലപ്രദമായ വേദിയാക്കി മാറ്റി, എന്റെ അഭിപ്രായത്തിൽ പഴയ താലൂക്ക് സഭ അടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗൗരവതരമായി ആലോചിച്ച് കാര്യങ്ങൾ നടക്കുന്നുണ്ടോ എന്ന കാര്യം ഉറപ്പുവരുത്താനുള്ള സംവിധാനങ്ങളുമായി മുന്നോട്ടു പോകണമെന്ന് അഭ്യർത്ഥിക്കുകയാണ്. വളരെയേറെ വ്യക്തമായ കാഴ്ചപ്പാടോടും ദിശാബോധത്തോടുംകൂടി കേരളത്തിലെ റവന്യൂ വകുപ്പിനെ മുന്നോട്ടു നയിക്കുന്ന കെ. എം. മാണിസാറിന്റെ പ്രവർത്തനങ്ങളെ ഒളിയമ്പോടെ നേരിടാനൊക്കെ പ്രതിപക്ഷം ശ്രമിച്ചാലും അതിന് കഴിയില്ല എന്ന് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ തെളിയിക്കുന്നുണ്ട് എന്ന്. അഭിമാനത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഏതെങ്കിലും കോളിളക്കങ്ങളുണ്ടായാലും കൊടുങ്കാറ്റടിച്ചാലും ഐക്യജനാധിപത്യമുന്നണി ഗവണ്മെന്റ് കൊടുങ്കാറ്റുകളേയും കോളിളക്കങ്ങളേയും അതിജീവിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുന്നോട്ടുപോകും. അതിലാർക്കും ഒരു സംശയവും വേണ്ടെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്.

<u>ശ്രീ. എം. കുമാരൻ:</u> സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സർക്കാരിന്റെ പ്രധാനപ്പെട്ട വകുപ്പുകളിൽ ഒന്നാണ് റവന്യൂ വകുപ്പ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിന്റെ പ്രവർത്തനം ജനവിരുദ്ധവും കർഷകദ്രോഹവും എന്ന് മാത്രമല്ല എല്ലാ വികസന പരിപാടികളേയും കടയ്ക്കൽ കത്തിവയ്ക്കുന്ന സമീപനവുമായിട്ടാണ് ഈ ഗവണ്മെന്റ് മുന്നോട്ടു പോകുന്നത്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഭൂപരിഷ്ക്കരണ നടപടികളിൽ ഏറെ മുന്നോട്ടുപോയതിന് പ്രധാന കാരണം ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ദീർഘവീക്ഷണത്തോടുകൂടിയുള്ള ഭരണത്തിന്റെ ഫലമാണ്. കേരളത്തിലെ ഏറ്റവും പ്രമുഖനായ മുഖ്യമന്ത്രിയായിരുന്ന അച്യുത മേനോൻ നടപ്പിലാക്കിയ ഭൂപരിഷ്ക്കരണ നടപടികളെ ഇപ്പോഴത്തെ സർക്കാർ അട്ടിമറിക്കുന്ന ദയനീയ കാഴ്ചയാണ് കേരളത്തിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത്. ഭൂവിനിയോഗ ഉത്തരവ് ഗവണ്മെന്റ് നടപ്പിലാക്കാൻ ശ്രമിച്ചിരുന്നു. ഇപ്പോഴത്തെ റവന്യൂ വകുപ്പുമന്ത്രി നടപ്പിലാക്കുന്ന ഭൂവിനിയോഗ പരിഷ്ക്കരണ നിയമം കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് കനത്ത തിരിച്ചടിയുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. സംസ്ഥാനത്തെ ഏറ്റവും ദുരിതം അനുഭവിക്കുന്ന ആദിവാസികൾക്ക് ഭൂമി പതിച്ചുനൽകുമെന്ന് മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി നിരവധി തവണ ഉറപ്പു നൽകിയിട്ടുണ്ടെങ്കിലും ഇപ്പോഴത്തെ റവന്യൂ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ആ പ്രഖ്യാപനം പാലിക്കാൻ തയ്യാറാകുന്നില്ല. ആദിവാസികൾക്ക് ഭൂമി കൊടുക്കുമെന്ന് പറഞ്ഞത് ആദിവാസികൾ ഭൂമി ചോദിച്ചതുകൊണ്ടല്ല ഈ ഗവണ്മെന്റിന്റെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പറഞ്ഞതാണ്, ആദിവാസികൾക്ക് ഭൂമി നൽകുമെന്ന്. എന്നാൽ ആ വാഗ്ദാനം പാലിക്കാത്ത ഗവണ്മെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. ആദിവാസികൾക്ക് വനഭൂമി പതിച്ചു നൽകാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടതാണ്. അനധികൃതമായി വനഭൂമി കയ്യേറിയവരെ

LIBRARY ARCHIVES Kerala Legislative Assembly

ഒഴിപ്പിക്കാൻ എന്തുകൊണ്ട് ശ്രമിക്കുന്നില്ല. മതികെട്ടാനിലും വയനാട്ടിലും കണ്ണൂരിലും ആയിരക്കണക്കിന് ഏക്കർ ഭൂമി സമ്പന്നർ കയ്യടക്കി വച്ചിരിക്കുകയാണ്. റവന്യൂ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും അത് കണ്ടിട്ടും കാണാത്ത മട്ടിലാണ് നിൽക്കുന്നത്. 2001 മേയ് 17-നുശേഷം എത്ര വനഭൂമിയാണ് അനധികൃതമായി കയ്യടക്കി വച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താൻ ഈ ഗവണ്മെന്റ് തയ്യാറാകുമോ? അത് ഈ സഭയ്ക്ക് അറിയാനുള്ള ആഗ്രഹമുണ്ട്. വനഭൂമി മാത്രമല്ല കേരളത്തിലെ നഗരപ്രദേശങ്ങളിൽപ്പോലും കോടിക്കണക്കിന് രൂപ വിലവരുന്ന സർക്കാർ ഭൂമി കയ്യേറി വച്ചിരിക്കുന്നവരുടെ കണക്കുകൾ വെളിപ്പെടുത്തണം. അതുപോലെ മതസ്ഥാപനങ്ങളും സ്വകാര്യ വ്യക്തികളും സമുദായ സംഘടനകളും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി പിടിച്ചെടുത്ത് സർക്കാരിൽ മുതൽക്കൂട്ടാൻ ശ്രമിക്കുമോ? അല്ലെങ്കിൽ പരസ്യമായി ലേലം ചെയ്ത് കിട്ടുന്ന പണംകൊണ്ട് ഈ സംസ്ഥാനത്തിന്റെ പൊതുക്കടം വെട്ടിക്കുറയ്ക്കാൻ ശ്രമിക്കുമോ? അതിനൊന്നും ശ്രമിക്കാതെ ഇത് കണ്ടില്ലെന്ന് നടിക്കുകയാണ് ഈ ഗവൺമെന്റ്. അതുപോലെ ഏറ്റവും പ്രധാനപ്പെട്ടത് ഈ സംസ്ഥാനത്തെ ഒന്നടങ്കം ദുഃഖത്തിൽ എത്തിച്ച സുനാമി ദുരന്തമാണ്. സംസ്ഥാനത്തെ സുനാമി ദുരന്തത്തിനിരയായിട്ടുള്ള പ്രധാനപ്പെട്ട തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന അർഹമായ ആനുകൂല്യങ്ങൾ മറ്റുള്ളവർക്കായി വീതിച്ചുനൽകുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് 208 റവന്യൂ വില്ലേജുകൾ സുനാമി ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചത്. കേരളത്തിൽ 560 കിലോമീറ്ററോളം ദൂരം വരുന്ന കടൽത്തീരത്തെ അംഗീകരിക്കപ്പെട്ട 222 മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ നിലവിലുള്ളപ്പോൾ എന്തിനാണ് കടൽത്തീരത്തുനിന്ന് കിലോമീറ്ററുകൾ ഉള്ളിലുള്ള റവന്യൂ വില്ലേജുകളെ സുനാമി ബാധിത വില്ലേജുകളായി പ്രഖ്യാപിച്ചത്. ആൾ നാശവും വസ്തുനാശവും നേരിട്ട തീരപ്രദേശത്തെ ആളുകൾക്കുള്ള ആനുകൂല്യങ്ങൾ ദുരിതബാധിതരല്ലാത്ത മറ്റുള്ളവർക്ക് തട്ടിയെടുക്കാൻ വഴിയൊരുക്കുകയാണ് സർക്കാർ ചെയ്തു കൊടുത്തത്. തിരുവനന്തപുരം ജില്ലയിലെതന്നെ സെക്രട്ടേറിയറ്റും അതുപോലെ എം.എൽ.എ. ഹോസ്റ്റൽ സ്ഥിതി ചെയ്യുന്ന വഞ്ചിയൂർ വില്ലേജിനെയും കല്ലിയൂർ വില്ലേജിനെയും നേമം വില്ലേജിനെയും സുനാമി ദുരിതബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണ്? സുനാമി ദുരന്തത്തിന്റെ പേരിൽ സർക്കാർ പിരിച്ചെടുത്ത 15.5 കോടി രൂപയുടെ വിനിയോഗം എങ്ങനെയാണെന്ന് ഈ സഭയ്ക്ക് അറിയാനുള്ള ആഗ്രഹമുണ്ട്. സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് കേരളത്തിൽ ഉള്ളവരും ഇല്ലാത്തവരും സാമ്പത്തികമായി സഹായിച്ചിട്ടുണ്ട്. എല്ലാവരും ആ ദുരന്തത്തിൽ അഗാധമായ ദുഃഖവും രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ സുനാമി ബാധിത പ്രദേശങ്ങളിൽ നടത്തിയ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ ഏറെ പാളിപ്പോയെന്ന് തീരപ്രദേശത്തുള്ള ജനങ്ങൾ ഒന്നടങ്കം പറയുമ്പോഴും സംസ്ഥാന ഗവൺമെന്റ് അത് കേൾക്കാത്ത 'ഒരവസ്ഥയാണുള്ളത്. ബഹുമാനപ്പെട്ട ബിനോയ് വിശ്വം എം.എൽ.എ.-ക്ക് നൽകിയ ഒരു നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തും കേന്ദ്രത്തിലും ഭൂചലനങ്ങളെപ്പറ്റിയും കാലാവസ്ഥയെപ്പറ്റിയും പഠനം നടത്തുന്ന ഒട്ടേറെ ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ ഉണ്ടായിട്ടും അവരിൽ നിന്നും കൃത്യമായ വിവരം കിട്ടിയിട്ടില്ലെന്ന് പറയപ്പെടുന്നുണ്ട്. ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ സംസ്ഥാന ഗവൺമെന്റ് അതിന് മുൻകൂട്ടി നിർദേശം കൊടുക്കണം. സുനാമി ദുരന്തം ഉണ്ടായത് രാവിലെ ഏകദേശം പതിനൊന്നര മണിയോടുകൂടിയായിരുന്നു. ഇത് ശരിയാണെങ്കിൽ എന്തുകൊണ്ടാണ് ആലപ്പാട്ടെ ചെറിയഴീക്കലും വലിയഴീക്കലും ഉച്ചയ്ക്ക് ഒരു മണിയോടുകൂടി ഉണ്ടായ ദുരന്തത്തിന് രക്ഷാപ്രവർത്തനങ്ങളെപ്പറ്റി സർക്കാർ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാത്തത്? ഇത് ഗവൺമെന്റിന്റെ വീഴ്ചയായി കാണണം. ഭവനനിർമ്മാണ രംഗത്ത് വിദേശ നിക്ഷേപം സ്വീകരിക്കും എന്ന് ഇന്നുരാവിലെ ഇവിടെ ഇറക്കിയ ഒരു കുറിപ്പിൽ പറയുന്നുണ്ട്. ഈ പദ്ധതിയെക്കുറിച്ച് എവിടെയാണ് ചർച്ച ചെയ്യപ്പെട്ടത്. ഇങ്ങനെയുള്ള വിഷയങ്ങളിൽ ഈ സഭയ്ക്ക് അഭിപ്രായം പറയാനുള്ള അവസരം ഉണ്ടാകണ്ടേ? കേരളത്തിലെ സാമാന്യ ജനങ്ങളെ മറന്നുകൊണ്ട് സർക്കാർ നിർമ്മാണ മേഖല വിദേശ കുത്തകകൾക്ക് തീറെഴുതി കൊടുക്കാൻ പോകുകയാണെങ്കിൽ ശക്തമായ പ്രക്ഷോഭങ്ങളെ നേരിടേണ്ടിവരും. കേരളത്തിലെ 14-ാമത്തെ ജില്ലയാണ് കാസർഗോഡ്. കാസർഗോഡ് ജില്ല 14-ാമത്തെ ജില്ലയായതുകൊണ്ട് അതിന്റെ പാകപ്പിഴകൾ സർക്കാർ തലത്തിലും ഡിപ്പാർട്ടുമെന്റ് തലത്തിലുമെല്ലാമുണ്ട്. ഏറ്റവും അടിത്തട്ടിലുള്ള ലാസ്റ്റ് ഗ്രേഡ് സെർവ്വന്റ്സ് മുതൽ ഉന്നത ഉദ്യോഗസ്ഥർ വരെയുള്ള നിയമനങ്ങൾ നടക്കുന്നില്ല. കാസർഗോഡ് ജില്ലയിൽ ആവശ്യമായ ഉദ്യോഗസ്ഥന്മാരില്ലാത്ത അവസ്ഥ നിലനിൽക്കുന്നു. പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടായിട്ടും ഓരോ ഡിപ്പാർട്ടുമെന്റ് തലവന്മാരും അതാത് ഒഴിവുകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് റിപ്പോർട്ട് ചെയ്യാത്ത അവസ്ഥയാണുള്ളത്. അതിന് പ്രധാന കാരണമായി പറയപ്പെടുന്നത് ഉദ്യോഗസ്ഥ തലവന്മാരുടെ പ്രശ്നമാണ്. ഉദ്യോഗസ്ഥ തലവന്മാർ തെക്കൻ ജില്ലകളിൽ നിന്നുള്ള ആളുകൾക്ക് എന്തെങ്കിലും കാരണത്താൽ പണിഷ്മെന്റ് ഉണ്ടാകുന്ന സമയത്ത് ട്രാൻസ്ഫർ കൊടുക്കുന്ന ജില്ലയായിട്ടാണ് കാസർഗോഡ് ജില്ലയെ കാണുന്നത്. കാസർഗോഡ് ജില്ലയിൽ നിലവിലുള്ള എല്ലാ പി.എസ്.സി. റാങ്ക് ലിസ്റ്റിലെ വേക്കൻസികളും റിപ്പോർട്ട് ചെയ്യാൻ ഗവൺമെന്റ് തലത്തിൽ നടപടിയുണ്ടാകണം. അതുപോലെതന്നെ 1995-ൽ കാഞ്ഞങ്ങാട് റവന്യൂ ടവറിന്റെ ശിലാസ്ഥാപനം നടത്തിയിരുന്നു. അതിന്റെ പ്രവർത്തനം ഇന്നുവരെ നടന്നിട്ടില്ല. കഴിഞ്ഞ വർഷത്തെ ചർച്ചയിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിരുന്നു, അടുത്ത സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുമെന്ന്. എന്നാൽ ഇതുവരെയും അതിനുള്ള നടപടി ആരംഭിച്ചിട്ടില്ല. ഈ റവന്യൂ ടവറിന്റെ നടപടി ഉടൻതന്നെ ആരംഭിക്കണം. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. പി. കെ. കെ. ബാവ</u>: സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ സന്തോഷത്തോടുകൂടി അനുകൂലിക്കുകയാണ്. അപ്രതീക്ഷിതമായി നമ്മുടെ സംസ്ഥാനത്തുണ്ടായ സുനാമി

LIBRARY ARCHIVES Kerala Legislative Assembly

ദുരന്തത്തെത്തുടർന്ന് അർദ്ധരാത്രിയിൽപ്പോലും എല്ലാ വകുപ്പുകളെയും സംയോജിപ്പിച്ചുകൊണ്ട് ജനങ്ങളെ സഹായിക്കുന്നതിന് മുന്നോട്ട് വന്ന റവന്യൂ വകുപ്പ് അതിന്റെ ശേഷി തന്നെയാണ് പ്രകടമാക്കിയിട്ടുള്ളത്. അത് അങ്ങേയറ്റം ശ്ലാഘനീയമായിട്ടുള്ള നടപടിയാണ്. ബഹുമാനപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും ഞാൻ ഈ സമയത്ത് അഭിനന്ദിക്കുകയാണ്. എന്നാൽ ഇന്നും തീരപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾ ഭീതിയോടുകൂടിയാണ് കഴിഞ്ഞുകൂടുന്നത്. ഈ ഭീതി അകറ്റുന്നതിന് അങ്ങ് അടിയന്തിര നടപടി സ്വീകരിക്കണം. കടൽത്തീരത്തോട് ചേർന്ന് താമസിക്കുന്ന എല്ലാവരെയും സമയബന്ധിതമായി മാറ്റി പാർപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടിയുണ്ടാകണം. അതുപോലെ മറ്റാളുകൾ വീണ്ടും അവിടെ കുടിൽകെട്ടി താമസിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്. വീട് ഭാഗികമായി നഷ്ടപ്പെട്ടുപോയ പാവപ്പെട്ട ആളുകൾ, അതുപോലെ പൂർണ്ണമായി വീട് നഷ്ടപ്പെട്ടുപോയ ആളുകൾ ഇവർക്കൊന്നും നഷ്ടപരിഹാരത്തുക കൊടുത്തുത്തീർത്തിട്ടില്ല. ഇത് എത്രയും വേഗം കൊടുത്തുതീർക്കാനാവശ്യമായ നടപടി സ്വീകരിക്കണം. തീരദേശ പട്ടയ വിതരണം ത്വരിതപ്പെടുത്തണം. കുറേയൊക്കെ കൊടുത്തിട്ടുണ്ട്. പക്ഷേ ഒട്ടേറെ ആളുകൾ പട്ടയം ലഭിക്കാത്തതുകൊണ്ട് മണ്ണെണ്ണ പോലും വാങ്ങിക്കാൻ കഴിയാത്ത സ്ഥിതിയിൽ കഷ്ടപ്പെടുകയാണ്. ഇതിനൊരു അറുതിയുണ്ടാക്കാൻ തീരപ്രദേശങ്ങളിൽ അടിയന്തിരമായി പട്ടയ വിതരണത്തിനുവേണ്ട നടപടി സ്വീകരിക്കണം. അതുപോലെ ദുരിതാശ്വാസ കേന്ദ്രങ്ങളിലും ഇതുപോലെയുള്ള ദുരന്തങ്ങളുണ്ടാകാൻ സാദ്ധ്യതയുള്ള എല്ലാ പ്രദേശങ്ങളിലും, ബഹുമാനപ്പെട്ട അങ്ങ് പ്രത്യേക താൽപ്പര്യമെടുത്ത് ഷെൽട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. പക്ഷേ ഇന്നും പലയിടങ്ങളിലും അങ്ങനെയുള്ള ദുരിതാശ്വാസ കേന്ദ്രങ്ങൾ സ്ഥാപിതമായിട്ടില്ല. അങ്ങനെയുള്ള പ്രദേശങ്ങളിൽ അടിയന്തിരമായി ദുരിതാശ്വാസ കേന്ദ്രം പണിയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. വരൾച്ച ഇപ്പോൾ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഈ പ്രദേശങ്ങളിലൊക്കെ ജനങ്ങൾ കുടിവെള്ളത്തിന് ഏറെ കഷ്ടപ്പെടുകയാണ്. അവർക്ക് വെള്ളം എത്തിച്ചുകൊടുക്കുന്നതിന് അടിയന്തിര നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. ഇതിനാവശ്യമായിട്ടുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ മുൻപിൽ സമർപ്പിച്ചിട്ടുണ്ട്. അതിനാവശ്യമായിട്ടുള്ള ഫണ്ട് ഇതുവരെ അലോട്ട് ചെയ്ത് കിട്ടിയിട്ടില്ല എന്നുള്ളത് ഇതിന് തടസ്സമായി നിൽക്കുകയാണ്. ഇതിന് പരിഹാരമുണ്ടാകാൻ പ്രത്യേകം ശ്രദ്ധ വേണം. അതുപോലെ താലൂക്ക് സഭകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും അതിനെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുമൊക്കെ ബഹുമാനപ്പെട്ട അങ്ങ് നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങൾ അങ്ങേയറ്റം സ്വാഗതാർഹമായിട്ടുള്ളതാണ്. അതുപോലെതന്നെ വില്ലേജ് ഓഫീസുകൾ കേന്ദ്രമാക്കി ഗ്രാമസഭകൾ പ്രവർത്തിക്കുന്നുണ്ട്. അത് നാമമാത്രമായിട്ടാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥിതിവിശേഷത്തിന് അടിയന്തിരമായി ഒരു മാറ്റം വരണം. എന്നുമാത്രമല്ല അതും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമം നടത്തണം. ഇതിനൊക്കെ പുറമേ ജനങ്ങളുടെ ഏറെ പ്രശ്നങ്ങൾ പരിഹരിക്കേണ്ട ഒരു സ്ഥാപനം

LIBRARY ARCHIVES Kerala Legislative Assembly

എന്ന നിലയിൽ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ഉൾപ്പെട്ട ഒരു വില്ലേജ് സമിതിക്ക് രൂപം കൊടുക്കുന്നത് ഉചിതമായിരിക്കും. മാത്രവുമല്ല, അവിടെ നടക്കുന്ന അഴിമതി, എല്ലാ സ്ഥലങ്ങളിലും നടക്കുന്നുണ്ട് എന്ന് ഞാൻ പറയുന്നില്ല, പക്ഷേ ചിലയിടങ്ങളിലൊക്കെ കാശ് കൊടുത്താലേ ഒരു ചെറിയ സഹായം പോലും കിട്ടൂ എന്നുള്ള സ്ഥിതിവിശേഷമുണ്ട്. അത് മാറ്റിയെടുക്കുന്നതിന് സത്വരവും ഫലപ്രദവുമായ നടപടി അങ്ങയെപ്പോലെ പ്രഗത്ഭനായിട്ടുള്ളവരിൽനിന്ന് നാട്ടിലെ ജനങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ അങ്ങേയറ്റം താൽപ്പര്യം കാണിക്കണമെന്ന് ഞാൻ പ്രത്യേകമായി ഓർമ്മപ്പെടുത്തുകയാണ്. പുറമ്പോക്ക് ഭൂമി അനർഹമായി പലരും കൈവശം വച്ചിട്ടുണ്ട്. അതുകൊണ്ട് അർഹമായവർക്ക് അത് കിട്ടാതിരിക്കുകയാണ്. അങ്ങനെയുള്ള ഭൂമി പിടിച്ചെടുക്കുന്നതിനുള്ള നടപടി അങ്ങ് സ്വീകരിച്ചുവരുന്നുണ്ടെന്നറിയാം. എന്നാലും ഇതൊന്ന് ത്വരിതപ്പെടുത്തി പിടിച്ചെടുത്ത് ഭൂമി പൊതു ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുക, അതല്ല അർഹരായിട്ടുള്ളവർക്കു കൊടുക്കേണ്ടതാണെങ്കിൽ അത് കൊടുക്കുന്നതിനാവശ്യമായിട്ടുള്ള നടപടിയുണ്ടാകണം. നമ്മുടെ റോഡ് പുറമ്പോക്ക് സ്ഥലങ്ങൾതന്നെ പലയിടത്തും വർഷങ്ങളായി പലരും കൈവശം വച്ചിരിക്കുകയാണ്. അതുകൊണ്ട് റോഡ് വീതികൂട്ടാൻ സാധിക്കുന്നില്ല എന്നു മാത്രമല്ല വാഹനങ്ങൾക്ക് സൈഡ് കൊടുത്ത് കടന്നുപോകാൻപോലും സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. അങ്ങനെയുള്ള പ്രദേശങ്ങളിൽ അടിയന്തിരമായി ഒരു സർവ്വെ പ്രത്യേകമായി നടത്തി റോഡുകളുടെ മുഴുവനായിട്ടുള്ള സ്ഥലം വീണ്ടെടുക്കുന്നതിനും അത് റോഡിനുതന്നെ ഉപയോഗപ്പെടുത്താൻ ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുന്നതിനും നടപടിയുണ്ടാവണം. മറ്റൊരു പ്രധാനപ്പെട്ട സംഗതി മലബാറിന്റെയും തെക്കൻ ജില്ലകളുടെയും ഭാഗമല്ലാത്ത ഒരു ജില്ല നമ്മുടെ സംസ്ഥാനത്തുണ്ട്. അതാണ് തൃശ്ശൂർ ജില്ല. അത് സാംസ്ക്കാരിക തലസ്ഥാനമാണെന്ന് പലരും വിശേഷിപ്പിക്കാറുണ്ട്. പക്ഷേ തൃശ്ശൂരിന്റെ സ്ഥിതി ഇന്ന് വളരെ പരിതാപകരവും ദയനീയവുമാണ്. പല സ്ഥലങ്ങളിലും സിവിൽ സ്റ്റേഷനുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ തൃശ്ശൂരിൽ കളക്ട്രേറ്റ് പഴയ ഒരു കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആ കെട്ടിടത്തിന്റെ നല്ലൊരു ഭാഗത്ത് പ്രവർത്തിക്കുന്നത് കോടതികളാണ്. അതുകൊണ്ട് ആവശ്യമായിട്ടുള്ള എല്ലാ ആഫീസുകളും തൃശ്ശൂർ കളക്ട്രേറ്റിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല. എന്തിനേറെ പറയണം പി. എസ്. സി. ആഫീസ് പോലും സത്യത്തിൽ തൃശ്ശൂർ കളക്ട്രേറ്റിന് പുറത്താണ്. ആഫീസുകൾ ഇങ്ങനെ പല സ്ഥലങ്ങളിലായി ചിതറിക്കിടക്കുന്നതുകൊണ്ട് ആളുകൾക്ക് വളരെയേറെ പ്രയാസം അനുഭവിക്കേണ്ടി വരുന്നു. എന്നു മാത്രമല്ല കണ്ടമാനം കാശ് ഓട്ടോറിക്ഷക്ക് കൊടുക്കേണ്ടിയും വരുന്നു. എന്നിട്ടും ഉദ്ദിഷ്ടകാര്യം നടത്താൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷം ഇന്ന് തൃശ്ശൂരിനെ സംബന്ധിച്ചിടത്തോളം ഉണ്ട്. ഈകാര്യം ഗൗരവമായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തുകയാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് കളക്ട്രേറ്റിനകത്തുള്ള മുഴുവൻ സ്ഥലവും റവന്യൂ ഡിപ്പാർട്ടുമെന്റിനോ മറ്റ് സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ആഫീസുകളുടെ ഉപയോഗത്തിനോ മാറ്റി വയ്ക്കുകയും അതോടൊപ്പം കോടതികൾക്ക് പ്രത്യേകമായി ഒരു ജുഡീഷ്യറി കോംപ്ലക്സ് മറ്റെവിടെയെങ്കിലും പണിയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും വേണം. അതിനാവശ്യമായ സ്ഥലം കളക്ട്രേറ്റിന് അടുത്തുതന്നെ റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കൈവശമുണ്ട്. അങ്ങനെയുള്ള സ്ഥലത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകമായി പരിശോധിച്ചു തൃശ്ശൂർ കളക്ട്രേറ്റ് പുനരുദ്ധരിക്കുന്നതിനും അത് കുറെക്കൂടി ശക്തിപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം. തെക്കൻ ജില്ലയുടെ ഭാഗമല്ല മലബാറിന്റെ ഭാഗവുമല്ല. അതുകൊണ്ട് ഞങ്ങൾ ഇങ്ങനെ ഞെരിഞ്ഞമരുകയാണ്. ഞങ്ങൾക്ക് ഇക്കാര്യത്തിൽ ഒരു പരിഹാരം ഉണ്ടാകണം എന്നുമാത്രമല്ല ഇപ്പോഴുള്ള കളക്ട്രേറ്റിൽ ജീവനക്കാർക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ സൗകര്യമില്ല. അതുപോലെ പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രാഥമികമായി ആവശ്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കാത്ത സ്ഥിതി തൃശ്ശൂർ കളക്ട്രേറ്റിനെ സംബന്ധിച്ചിടത്തോളം ഉണ്ട്. ഇതിനൊരു മാറ്റം അടിയന്തിരമായി ഉണ്ടാക്കുന്നതിന് പ്രത്യേകമായ അങ്ങയുടെ ശ്രദ്ധയുണ്ടാകണം. എന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പംതന്നെ ഇപ്പോഴുള്ള കെട്ടിടത്തിന്റെ മുകൾഭാഗത്ത് ഒരു നില കൂടി പണിയുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ മുമ്പാകെയുണ്ട്. അത് ദയവായി പരിഗണിച്ച് അവിടെ അപ്സ്റ്റെയർ പണിത് കുറച്ച് സൗകര്യം ഉണ്ടാക്കുന്നതിനുള്ള അടിയന്തിര നടപടിയും അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഗുരുവായൂരിന്റെ പ്രാധാന്യം ഞാൻ പറയേണ്ടതായിട്ടില്ല. ആ ഭാഗത്തെ പോപ്പുലേഷൻ കണക്കിലെടുത്ത് അവിടെ ഒരു റവന്യൂ ഡിവിഷണൽ ആഫീസ് അടിയന്തിരമായി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി ഗവൺമെന്റ് ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. പൊതുവായ അവഗണനയെക്കുറിച്ച് പറയുമ്പോൾ ഗുരുവായൂരിൽ 14 വില്ലേജുകളാണുള്ളത്. പക്ഷേ രണ്ട് സിംഗിൽ വില്ലേജ് ഒഴിച്ച് മിക്കവാറും എല്ലാ വില്ലേജുകളും ഗ്രൂപ്പ് വില്ലേജുകളാണ്. ഗുരുവായൂർ-ഇരിങ്ങപ്പുറം ഗ്രൂപ്പ് വില്ലേജാണ്. ചാവക്കാട്-തൈക്കാട് ഗ്രൂപ്പ് വില്ലേജാണ്. പൂക്കോട്-പേരകം ഗ്രൂപ്പ് വില്ലേജാണ്. വടക്കേക്കാട്-വയലത്തൂർ ഗ്രൂപ്പ് വില്ലേജാണ്. പുന്നയൂർ-എടക്കഴിയൂർ ഗ്രൂപ്പ് വില്ലേജാണ്. ഒരുമനൂർ-കളപ്പുറം ഗ്രൂപ്പ് വില്ലേജാണ്. ഇങ്ങനെ ഗ്രൂപ്പ് വില്ലേജുകൾ മാത്രം പ്രവർത്തിക്കുന്ന ഒരു പ്രദേശമായി ഗുരുവായൂർ നിയോജക മണ്ഡലം മാറിയിരിക്കുന്നു എന്നുള്ള കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. അതുകൊണ്ട് അടിയന്തിരമായി ഈ വില്ലേജുകൾ വിഭജിക്കണം. സിംഗിൾ വില്ലേജുകൾ ആക്കുന്നതിനുള്ള നടപടികൾ എടുക്കണം. അതുപോലെ പുന്നയൂർക്കുളം വില്ലേജും വിസ്തൃതമായ വില്ലേജാണ്. അത് വിഭജിക്കണം. ചാവക്കാട് പണിതിട്ടുള്ള മിനി സിവിൽ സ്റ്റേഷനിൽ എല്ലാ ആഫീസുകളും പ്രവർത്തിപ്പിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് അവിടെ നിലവിലുള്ള താലൂക്ക് ആഫീസ് സംരക്ഷിക്കുന്നതിനാവശ്യമായ ഒരു കെട്ടിടം ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം താൽപ്പര്യമെടുത്ത് പണിയണം. വീടുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ലക്ഷ്വറി ടാക്സാണ് ഗുരുവായൂരിനെ സംബന്ധിച്ചിടത്തോളം മറ്റൊരു വലിയ പ്രശ്നമായി അവശേഷിക്കുന്നത്. എല്ലാ വർഷവും 2000 രൂപ വച്ച്

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്വറി ടാക്സ് കൊടുക്കണമെന്ന ഒരു സ്ഥിതിയുണ്ട്. ഏതാണ്ട് 278.7 സ്ക്വയർ ഫീറ്റിന് മുകളിലുള്ള വീടുകൾക്കാണ് ഇത് ഏർപ്പെടുത്തിയിരിക്കുന്നത്. ഗൾഫിൽ പോയി കാശ് കൊണ്ടുവന്ന് വീടുകൾ പണിതു എന്നത് ഒരു സത്യമാണ്. ഇപ്പോൾ ഗൾഫുകാരന്റെ സ്ഥിതി നമുക്കറിയാം അവരുടെ വീടിനാവശ്യമായ മെയിന്റനൻസ് നടത്താൻ സർക്കാരോ സന്നദ്ധ സംഘടനകളോ മുന്നോട്ട് വരേണ്ട ഒരു സ്ഥിതിവിശേഷമാണ് ഉണ്ടാകാൻ പോകുന്നത് എന്ന കാര്യം നാം മറന്നുകൂടാ. അവർ ആവേശത്തിന് കെട്ടിയ വീടായിരിക്കാം. പക്ഷേ അതിന്റെ പേരിൽ എല്ലാ വർഷവും ലക്ഷ്വറി ടാക്സ് 2000 രൂപ വീതം വാങ്ങിക്കുക എന്നു പറഞ്ഞാൽ അത് ഒരു വലിയ ബാദ്ധ്യതയായി ആ വീട്ടുകാരെ സംബന്ധിച്ചിടത്തോളം മാറിയിരിക്കുകയാണ്. അതിന് ഒരു പരിഹാരമുണ്ടാകണം. മാത്രമല്ല റവന്യൂ ഡിപ്പാർട്ട്മെന്റിൽ ഒൺ ടൈം ടാക്സും കെട്ടിട നികുതിയും വേറെയുമുണ്ട്. അങ്ങനെ പലതും കൊടുക്കാൻ അവർ ബാദ്ധ്യസ്ഥരാണ്. അവരെ സംബന്ധിച്ചിടത്തോളം വമ്പിച്ച തോതിൽ ബാദ്ധ്യത ഉണ്ടാകുന്നു എന്നുള്ളതുകൊണ്ട് ഇതേക്കുറിച്ച് അനുഭാവപൂർവ്വമായ ഒരു സമീപനം സ്വീകരിച്ച് ഇത് ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന് എനിക്ക് പറയാനുള്ളത് ഇപ്പോൾ ലക്ഷം വീടുകൾ പുനരുദ്ധരിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ധീരമായിട്ടുള്ള നടപടിയാണ്. ഈ വീടുകൾ നിർമ്മിച്ചിട്ട് വളരെ വർഷങ്ങളായിട്ടും ഒരു തരത്തിലുള്ള മെയിന്റനൻസും അവിടെ നടന്നിട്ടില്ല. പല രീതിയിലുള്ള സംവിധാനങ്ങൾ ഉണ്ടായി. ജനങ്ങളെ സഹായിക്കുന്നതിന് ഒട്ടേറെ നടപടികളുണ്ടായി. പക്ഷേ ഈ വീടുകളിൽ താമസിക്കുന്ന ഹതഭാഗ്യരായ നിർദ്ധനരായ നിസ്സഹായമായ ആളുകളെ സഹായിക്കുന്നതിന്, അവർക്ക് വീടുകൾ പുനരുദ്ധരിച്ചു കൊടുക്കുന്നതിന് ബഹുമാനപ്പെട്ട മാണി സാറാണ് മുന്നോട്ട് വന്നത് എന്നത് അങ്ങേയറ്റം സന്തോഷകരമാണ്. ഇതിന് പ്രത്യേകമായി ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. ഞങ്ങളുടെ താലൂക്ക് ആശുപത്രി ഫസ്റ്റ് റഫറൽ ആശുപത്രിയാണ്. ചാവക്കാട് താലൂക്ക് ആശുപത്രിയിൽ പേ വാർഡ് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൂടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. അങ്ങ് ഇക്കാര്യങ്ങളിലൊക്കെ ധീരമായ സമീപനം സ്വീകരിച്ചു. പല ആശുപത്രികൾക്കും ഇതുപോലെ പേവാർഡ് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ ചാവക്കാട് റഫറൽ ആശുപത്രിയെക്കൂടി ഉൾപ്പെടുത്തണമെന്നഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് ഒന്നുകൂടെ സർവ്വാത്മനാ നന്ദി രേഖപ്പെടുത്തുന്നു. ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റവന്യൂ വകുപ്പിന്റെ കീഴിലുള്ള ആഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളുടെ പകുതിയെങ്കിലും കുറയ്ക്കാൻ സാധിച്ചാൽ ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ഉപകാരപ്രദമായിരിക്കുമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. നാലഞ്ച് ദിവസം മുമ്പ് ഞാറയ്ക്കൽ നിയോജക മണ്ഡലത്തിലെ കടലോരങ്ങളിൽ വീണ്ടും കടലാക്രമണം ഉണ്ടായി. അവിടെ ജനങ്ങൾക്ക് വമ്പിച്ച പ്രതിഷേധം മാത്രമല്ല ഭയപ്പാടും ഉണ്ടായി. അവിടെ എറണാകുളം ജില്ലാ കളക്ടർ വന്ന് ഇവിടെ കടൽഭിത്തി കെട്ടാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനമായി. രണ്ട് ദിവസംകൊണ്ട് കടൽഭിത്തിയുടെ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചു. സുനാമി ദുരന്തം ഉണ്ടായപ്പോൾ ആലപ്പുഴയിലെയും കൊല്ലം ജില്ലയിലെയും കടലോരത്തുള്ള ജനങ്ങൾ വമ്പിച്ച ഭവിഷ്യത്തുകൾ നേരിടേണ്ടിവന്നു. കേരളത്തിലുടനീളമുള്ള കടലോരങ്ങളിൽ താമസിക്കുന്നവർ ഭയപ്പാടോടുകൂടിയാണ് ജീവിക്കുന്നത്. ബഹുമാനപ്പെട്ട പി. കെ. കെ. ബാവ പറഞ്ഞതുപോലെ മലബാർ ഭാഗത്തെ കടലോരത്ത് ഇവരും ഭയവിഹ്വലരാണ്. സുനാമിയുമായി ബന്ധപ്പെട്ട് ലഭിച്ചിരിക്കുന്ന തുകകൊണ്ട് സംസ്ഥാനത്തുടനീളം കടൽഭിത്തി കെട്ടുന്നതിന് ഉപയോഗിക്കാൻ കഴിയുമോ എന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കണം. സുനാമി ദുരന്തം ഉണ്ടായ അവസരത്തിൽ, കേന്ദ്ര സഹായം ലഭിച്ചതിനെ സംബന്ധിച്ചല്ല; പ്രകൃതി ക്ഷോഭമുണ്ടാകുമ്പോൾ കേന്ദ്രത്തിൽ നിന്ന് കേരളത്തിന് ലഭിക്കേണ്ട സഹായം നേടിയെടുക്കാൻ നമുക്ക് സാധിച്ചു. എന്നാൽ നേടിയെടുത്ത സംഖ്യ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല എന്നുള്ള കണക്കുകൾ ഔദ്യോഗികമായി വന്നിരിക്കുന്നു. ഇത് ശരിയാണോ? പ്രകൃതിക്ഷോഭം മൂലം വിതരണം ചെയ്യേണ്ട തുക ഏതെങ്കിലും അവസരത്തിൽ വേണ്ടപോലെ വിതരണം ചെയ്യാൻ നമുക്ക് സാധിച്ചിട്ടില്ലേ, തുക ബാക്കിയായോ? അതുപോലെ ഭൂമി നികത്തുന്ന പ്രശ്നം. ഇപ്പോൾ വീട് വയ്ക്കാൻ പാവപ്പെട്ട ആളുകൾക്ക് അഞ്ച് സെന്റ് ഭൂമി നികത്താൻവേണ്ടി ഗവൺമെന്റിൽനിന്ന് അനുവാദം കൊടുത്തിരിക്കുന്നു. പക്ഷേ വ്യാപകമായ രൂപത്തിൽ നമ്മുടെ നാട്ടിൽ വയൽ നികത്തുകയാണ്. ഗവൺമെന്റിന്റെ വികസനപ്രവർത്തനങ്ങൾക്ക് വേണ്ടിയല്ല ഒരു മത്സരംപോലെ വയൽ നികത്തുന്ന പരിപാടി ഇന്ന് രാജ്യവ്യാപകമായി നടന്നു കൊണ്ടിരിക്കുകയാണ്. ഇതിനെ തടയാൻ എന്തെങ്കിലും ഒരു സംവിധാനം ഉണ്ടാകണം. ഇത് കർശനമായി നിയന്ത്രിക്കാൻ ആവശ്യമായ ഒരു സംവിധാനം ഗവൺമെന്റ് ഭാഗത്തുനിന്ന് ഉണ്ടായില്ലെങ്കിൽ ഇപ്പോൾത്തന്നെ കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞു കുറഞ്ഞു വരികയാണ്. ഇപ്പോൾ കൃഷി ആവശ്യത്തിന് ഉപയോഗിക്കാതെ ഭൂമി വാങ്ങിയിടാൻ ആളുകൾ സന്നദ്ധരാണ്.

ഒരു കൃഷി ചെയ്യാനല്ലെങ്കിലും എവിടെനിന്നെങ്കിലും മണ്ണു കൊണ്ടുവന്ന് നിലം നികത്തി അത് ഏറ്റെടുക്കുവാൻ ആളുകൾ തയ്യാറാകുമ്പോൾ, നമ്മുടെ നാട്ടിൽ കൃഷിഭൂമി നഷ്ടപ്പെടുന്ന, വളരെവേഗം കൃഷി ഭൂമിയുടെ വിസ്തീർണ്ണം കുറയുന്ന ഒരു ഭവിഷ്യത്തിനെ കേരളം അഭിമുഖീകരിക്കുവാൻ പോകുകയാണ്. ഇത് വളരെ ഗൗരവമായി പഠിച്ച് ഈ മണ്ണ് എടുത്ത ഭൂമി നികത്തുന്നതിനെ സംബന്ധിച്ച് കർശനമായ നിയന്ത്രണം ഉണ്ടാകണം. അതുപോലെയാണ് മണലൂറ്റിന്റെ പ്രശ്നവും. അത് വിശദീകരിക്കേണ്ട ആവശ്യമില്ല. അതും ഇതുപോലെതന്നെ പല ഭാഗത്തും നമ്മുടെ സംസ്ഥാനത്തിന് ബുദ്ധിമുട്ടായിക്കൊണ്ടിരിക്കുകയാണ്. പ്രധാനപ്പെട്ട ചില കേന്ദ്രങ്ങളിൽ വലിയ പാലങ്ങളുടെ അടുത്തുനിന്ന് മണലൂറ്റ് നടത്തുന്നതിന്റെ ഫലമായി പാലങ്ങൾക്ക് ഭീഷണിയുണ്ടാകുന്നു. ഇതിനെയൊക്കെ നിയന്ത്രിക്കുവാൻ ഫലപ്രദമായി എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്ന് ആലോചിക്കണം. സർക്കാർ ഔദ്യോഗികമായിത്തന്നെ ലേലം ചെയ്തു കൊടുത്ത സ്ഥലത്തുനിന്ന് ഉണ്ടാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

വരുമാനം ഉപയോഗിച്ച് നമ്മുടെ നദിയോരങ്ങൾ, പുഴയോരങ്ങൾ എന്നിവ സംരക്ഷിക്കുന്ന കാര്യത്തിൽ വിജയിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ടോ? അതുപോലെതന്നെ പ്രധാനമായ മറ്റൊരു പ്രശ്നമാണ് ഭൂമി കയ്യേറ്റം. എല്ലാ ഭാഗത്തുനിന്നുമുള്ള അംഗങ്ങൾ ഒളിഞ്ഞും തെളിഞ്ഞും പരസ്യമായി പറഞ്ഞ ഒരു വസ്തുതയാണ് വ്യാപകമായി നടക്കുന്ന ഭൂമികയ്യേറ്റം. ഞാൻ ഒരു വസ്തുത ഓർപ്പിക്കുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ടാറ്റാ, ബിർല, അതുപോലുള്ള ആളുകൾ വ്യവസായ സംരംഭവുമായി വന്നു. ബിർല മാവൂരിൽ ഗ്വാളിയോർ റയോൺസ് സ്ഥാപിച്ചു. അവസാനം അവർ ആവശ്യപ്പെട്ടതെല്ലാം കൊടുക്കാമെന്ന് ഗവൺമെന്റ് സമ്മതിച്ചിട്ടും ഗ്വാളിയോർ റയോൺസ് തുറക്കുവാൻ സന്നദ്ധരാകാതെ അവർ പോയി. ഇന്നും ആ ഫാക്ടറി നടത്താതെ, പ്രസ്തുത ഭൂമി കയ്യേറിയിരിക്കുന്നത് ടാറ്റായാണ്. ഗ്വാളിയോർ റയോൺസ് ഫാക്ടറിക്കാണ് ഭൂമി കൊടുത്തത്. പക്ഷേ ആ ഭൂമി ഇന്നും ടാറ്റായുടെ കൈവശമാണ്. അതിനെക്കുറിച്ച് തീരുമാനമെടുക്കുന്നതുപോലും ഒരുപക്ഷേ ബിർല മാനേജുമെന്റ് തന്നെയായിരിക്കും. അതുപോലെ മൂന്നാർ ഭാഗത്ത് ടാറ്റായ്ക്ക് ടീ പ്ലാന്റേഷനുവേണ്ടി കുറേ ഭൂമി ഏല്പിച്ചു. എത്ര ഏക്കർ റവന്യൂ ഭൂമി, എത്ര ഏക്കർ ഫോറസ്റ്റ് ഭൂമി ഇന്ന് ടാറ്റായുടെ കൈവശമുണ്ട്. ആ ഭൂമിയടക്കമാണ് ടാറ്റാ ഇന്ന് ക്രയവിക്രയം ചെയ്യാൻ പോകുന്നത്. അങ്ങനെയാണെങ്കിൽ അതു വളരെ ബുദ്ധിമുട്ടാക്കുകയില്ലേ? കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇടുക്കി ജില്ലയിൽ ലക്ഷക്കണക്കിന് ഏക്കർ ഭൂമി ടാറ്റായുടെ കൈവശമുള്ളപ്പോൾ ആ ഭൂമി സർക്കാരിനെപ്പോലും വെല്ലുവിളിച്ച് ടാറ്റായ്ക്ക് രഹസ്യമായി വില്പന നടത്താൻ എങ്ങനെ സാധിക്കുന്നു? അത് ഗൗരവമായി സർക്കാർ പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ഒരു തുണ്ടു ഭൂമിപോലുമില്ലാത്ത ലക്ഷക്കണക്കിന് പാവങ്ങളുണ്ട്. ആറ്റ് പുറമ്പോക്ക് ഭൂമി പതിച്ചു കൊടുക്കുന്ന അവസരത്തിൽ പ്രധാനമായി ശ്രദ്ധിക്കേണ്ടത് ആരെയാണ്? നമ്മുടെ നാട്ടിലെ പാവപ്പെട്ട കൃഷിക്കാരെ ആയിരിക്കുമോ? ഒരു വാർത്ത കിട്ടി. അതിനെ സംബന്ധിച്ച് വിശദമായി അറിയാത്തതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. പക്ഷേ നെയ്യാർഡാമിന്റെ സമീപ പ്രദേശങ്ങളിൽപോലും ഭൂമി വിതരണം ചെയ്തത് പാവപ്പെട്ട ആളുകൾക്കല്ല. കൈവശ ഭൂമിയുള്ള ആളുകൾക്കാണ്. ഭൂമി കൈവശമുള്ള ആളുകൾ ഏതെങ്കിലും തരത്തിൽ കേരളത്തിലെ മലയോരങ്ങളിൽ അല്ല എവിടെ ആയാലും ഭൂമി കയ്യേറുന്നതിനെ നിയന്ത്രിക്കുവാൻ കർശന നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നില്ലെങ്കിൽ നമ്മൾ ഭാവിയിൽ ഈ സ്റ്റേറ്റിന്റെ പുരോഗതിക്കു ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹമായിരിക്കുമെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ കോഴിക്കോട് ജില്ലയിൽ ചില ഭാഗത്ത് വനം മേഖലയിലെ ഉദ്യോഗസ്ഥർ വനം അതിർത്തി നിശ്ചയിക്കാൻ ചെന്നു. അപ്പോൾ കൃഷിക്കാരും ഉദ്യോഗസ്ഥരുമായി ഏറ്റുമുട്ടലായി. എന്തുകൊണ്ട് റവന്യൂ ഭൂമിയും വന ഭൂമിയും വന അതിർത്തിയും തമ്മിൽ വ്യക്തമാക്കുന്ന രൂപത്തിലുള്ള സർവ്വേ നടത്തി, വനത്തെ സംരക്ഷിക്കുവാൻ നമുക്ക് കഴിയുന്നില്ല? ഓരോ ഭാഗത്തും വനം കയ്യേറ്റം നടത്തുന്നു. വനം കയ്യേറ്റത്തിന് സംരക്ഷണം നൽകുന്ന സാഹചര്യം, കോടിക്കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly

രൂപയുടെ വനസ്വത്തുക്കൾ സ്റ്റേറ്റിന് നഷ്ടപ്പെടുന്നു. പെട്ടെന്ന് എത്തുവാൻ പറ്റാത്ത ഏതെങ്കിലും പ്രദേശത്താണ് ഈ ഭൂമി നശിപ്പിക്കുന്നത് എന്നുള്ളതിന്റെ പേരിൽ വേണ്ടതുപോലെ ആരും അതിനെ ഗൗരവമായി വിലയിരുത്തിയിട്ടില്ല. മണ്ണാർക്കാട് പ്രദേശത്ത് നിബിഡ വനമായിരുന്നത് ഒരു ഘട്ടത്തിൽ വെട്ടിനശിപ്പിച്ച് തകർത്തതിന്റെ ഫലമായി ഇന്ന് എത്ര കോടി രൂപ ചെലവഴിച്ചിട്ടും മണ്ണാർക്കാടിന്റെ ചില ഭാഗങ്ങളിൽ മരങ്ങൾ വച്ചു പിടിപ്പിക്കുവാൻ സാധിക്കാത്ത ദയനീയ അവസ്ഥയാണുള്ളത്. ഇന്ത്യയ്ക്കു തന്നെ അഭിമാനമായ, അല്ലെങ്കിൽ ലോകത്തുതന്നെ വളരെ പ്രധാനപ്പെട്ട വനം എന്നു വിശേഷിപ്പിക്കാവുന്ന കേരളത്തിന്റെ പല വന മേഖലകളും നശിച്ചു പോകുന്നു. അതു സംരക്ഷിക്കുവാൻ നമുക്ക് കഴിയണം. ഒരു തുണ്ട് ഭൂമി മിച്ചഭൂമിയായി ലഭിക്കുന്നുണ്ടെങ്കിൽ അത് ഭൂമി ഇല്ലാത്ത പാവങ്ങൾക്ക് കൊടുക്കുവാൻ സാധിക്കണം. സ്റ്റേറ്റിന്റെ വരുമാനത്തിൽ കൂടുതൽ കടം ഉള്ളതിനെക്കുറിച്ചുള്ള കണക്കുകളാണ് ഇവിടെ പറയുന്നത്. സാമ്പത്തികമായി കഴിവുള്ള ആളുകൾക്കാണ് പാട്ടത്തിന് ഭൂമി കൊടുത്തിരിക്കുന്നത്. എത്രയോ കാലമായി പാട്ടത്തുക വർദ്ധിപ്പിക്കണമെന്ന് പറയുന്നു. അത് വർദ്ധിപ്പിച്ചാൽ ഒരു തകരാറും ഇല്ലാത്ത ചില ആളുകളുണ്ട്. പാട്ടത്തുക വർദ്ധിപ്പിച്ചുകൊണ്ട് സ്റ്റേറ്റിന് വരുമാനം ഉണ്ടാക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? എന്തുകൊണ്ട് നമ്മൾ ആ ഭാഗത്തെ സംബന്ധിച്ച് ചിന്തിക്കുന്നില്ല. ഇവിടത്തെ ബാങ്കിംഗ് ഏജൻസികളും മദ്യത്തിലൂടെ സ്റ്റേറ്റിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന രൂപത്തിലുള്ള നടപടികൾക്കു പുറമേ അമിത വരുമാനം ഉണ്ടാക്കുന്നവരിൽനിന്നും ഒരു ചെറിയ തുക സ്റ്റേറ്റിനു വേണ്ടി ലഭിക്കുന്ന രൂപത്തിൽ പാട്ടത്തുക വർദ്ധിപ്പിക്കുവാൻ എന്തുകൊണ്ട് സന്നദ്ധമാകുന്നില്ല. ഇത്തരം ഗൗരവമായ പ്രശ്നങ്ങളെ സംബന്ധിച്ച് ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട പി. കെ. കെ. ബാവ പറഞ്ഞതുപോലെ താലൂക്ക് ആശുപത്രികളിൽ ഹൗസിംഗ് ബോർഡിന്റെ വക പേ വാർഡുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചു. അതിനെ ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുന്നു. വടകര താലൂക്ക് ആശുപത്രിയിലും പേ വാർഡുകൾ ആരംഭിക്കേണ്ടതാണ്. അതുപോലെ എം.എൽ.എ.-മാർക്കുള്ള പുതിയ ഭവന വായ്പാ പദ്ധതി, കടലാസിൽ ഒതുങ്ങാതെ ഡിപ്പാർട്ടുമെന്റിന് അതിനാവശ്യമായ ഫണ്ട് അനുവദിക്കുവാൻ സർക്കാർ സന്നദ്ധമാകണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. തോമസ് ചാഴികാടൻ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ദൈനംദിനം ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള നടപടികളുമായി റവന്യൂ വകുപ്പിന്റെ വിവിധ ഓഫീസുകൾ മുന്നോട്ടു പോകുകയാണ്. സാധാരണക്കാരന് എല്ലാ ദിവസവുമെന്നപോലെ താഴത്തെ തട്ടിൽ ബന്ധപ്പെട്ട ഓഫീസാണ് വില്ലേജ് ഓഫീസ്. വിവിധ സർട്ടിഫിക്കറ്റുകൾ, ഭൂമിയുടെ റവന്യൂവുമായി ബന്ധപ്പെട്ട ഭൂരേഖകൾ സൂക്ഷിക്കുന്ന നടപടികളുമൊക്കെയായി ബന്ധപ്പെട്ട ഓഫീസുകളാണ് റവന്യൂ വകുപ്പിന്റെ കീഴിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളത്. ഇവയുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുവാൻ ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയുടെ ഭരണപരമായ കഴിവുകളിലൂടെ വളരെ ഭാവനാപൂർണ്ണമായ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സത്ഭരണം, ഗുഡ് ഗവേർണൻസ് എന്ന ആശയം തന്നെ ഈ സർക്കാരിന് കൊണ്ടുവന്നത് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളിലൂടെയാണ്. കളക്ടറേറ്റുകളിലും ഓഫീസുകളിലുമൊക്കെ കടന്നുചെല്ലുന്ന ആളുകൾക്ക് അവിടെ ചെല്ലുമ്പോൾ എന്താണ് ചെയ്യേണ്ടത്; ആരുടെ അടുത്ത് പോകണം; ആരോട് ചോദിച്ചാൽ കാര്യങ്ങൾ നടന്നുകിട്ടും എന്ന കാര്യങ്ങളൊക്കെ മനസ്സിലാക്കുന്നതിന് പ്രത്യേകമായ സമീപനം, ഇൻഫർമേഷൻ കൗണ്ടറുകൾ തുറന്നുകൊണ്ട് കളക്ടറേറ്റിലേയ്ക്ക് കടന്നുചെല്ലുന്ന ഓരോ പരാതിക്കാരനും അവന്റെ പരാതികൾക്ക് പരിഹാരമുണ്ടാക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഇന്ന് നിലവിലുണ്ട്. സാധാരണ സർക്കാർ ഓഫീസുകളിലെ ഏറ്റവും വലിയ ശാപം സർക്കാർ ഓഫീസിലേയ്ക്ക് കടന്നുചെല്ലുമ്പോൾ ഉണ്ടാകുന്ന നടപടിക്രമങ്ങളും കാലതാമസവുമാണ്. ഒരു ദിവസം കൊണ്ട്, ഒരു മണിക്കൂർ കൊണ്ട് പരിഹാരം കാണേണ്ട നടപടികൾക്ക് മാസങ്ങളോളം താമസമുണ്ടാക്കുന്ന ഒരു സാഹചര്യം ഉണ്ടായിരുന്നുവെങ്കിൽ അതിനു പരിഹാരം ഉണ്ടാക്കുവാൻ ഇന്ന് കളക്ടറേറ്റുകളിലേയ്ക്കും ഗുഡ് ഗവേർണൻസിലൂടെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നുള്ളത് പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്. ആധുനിക സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുവാൻ സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ പരിശീലനം നല്കിക്കൊണ്ട് ഇന്നത്തെ കാലഘട്ടത്തിന് അനുസൃതമായ കമ്പ്യൂട്ടർ ഉപയോഗിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് അതിനുള്ള പരിശീലനം നല്കിക്കൊണ്ട് ഈ വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ കമ്പ്യൂട്ടറൈസേഷൻ എല്ലാ രംഗങ്ങളിലേയ്ക്കും വരുകയാണ്. സർക്കാർ ഓഫീസുകൾ പ്രത്യേകിച്ച് താലൂക്ക് ഓഫീസുകളും കളക്ടറേറ്റുകളും, കേരളത്തിലെ പതിനാലു കളക്ടറേറ്റുകളും ഇവിടുത്തെ മുഴുവൻ താലൂക്ക് ഓഫീസുകളേയും ബന്ധപ്പെടുത്തിക്കൊണ്ട് കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമാക്കുവാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകയാണ്. ഞാൻ സൂചിപ്പിച്ചതുപോലെ കാലതാമസം ഒഴിവാക്കുവാൻ ഒരു സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷനിലൂടെ കഴിയുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി സർക്കാർ സേവനപ്രദാന പദ്ധതി നടപ്പാക്കുകയാണ്. അതിന്റെ സംസ്ഥാനതല ഉദ്ഘാടനം 19-ാം തീയതി കോട്ടയത്ത് നടക്കുകയാണ്. അത് നടപ്പാക്കുന്നതോടുകൂടി ഓഫീസുകളിൽ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണാൻ കഴിയും. ഇപ്പോൾ ഭൂമി കൈമാറ്റം ചെയ്യുന്ന അവസരത്തിൽ അതിന്റെ ആധാരമെഴുതിയാൽ അതുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസിലും താലൂക്ക് ഓഫീസിലുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കുന്നതിന് മാസങ്ങൾ സമയമെടുക്കുമെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

പുതിയ നടപടികളിലൂടെ ഓൺലൈൻ കമ്പ്യൂട്ടറിൽ അതിന് പരിഹാരം ഉണ്ടാക്കുകയാണ്. ആധാരം എഴുതുന്ന സമയത്തു തന്നെ സബ് രജിസ്ട്രാർ ഓഫീസിൽ നിന്ന് താലൂക്ക് ഓഫീസിലേക്ക് കമ്പ്യൂട്ടർ വഴി അതിന്റെ വിവരങ്ങൾ അറിയിക്കുകയും ആ ആധാരത്തിന്റെ പോക്കുവരവ് നടത്തുകയും ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാനുള്ള സംവിധാനം ഉണ്ടാകാൻ പോകുന്നു. ആധാരം എഴുതിയാൽ കോപ്പി വാങ്ങി വില്ലേജ് ഓഫീസിൽ കൊണ്ടുപോയി കൊടുത്ത് വില്ലേജ് ഓഫീസർ അത് മാസങ്ങളോളം അവിടെ വച്ചതിനു ശേഷം റിപ്പോർട്ട് താലൂക്ക് ഓഫീസിൽ എത്തിച്ചുകൊടുത്ത് നടപടി പൂർത്തീകരിക്കുന്ന സംവിധാനമാണ് നിലവിലുണ്ടായിരുന്നതെങ്കിൽ ഓൺലൈൻ നടപടികളിലൂടെ ഈ പ്രശ്നത്തിന് അടിയന്തിര പരിഹാരം ഉണ്ടാകാൻ പോവുകയാണ്. ബഹുമാന്യനായ റവന്യൂ വകുപ്പ് മന്ത്രി 1991 മുതൽ 1996 വരെ റവന്യൂ വകുപ്പ് കൈകാര്യം ചെയ്തിരുന്നപ്പോൾ കൊണ്ടു വന്ന ഒരു പദ്ധതിയാണ് താലൂക്ക് സഭകൾ. കേരളത്തിലെ എല്ലാ താലൂക്കുകളിലും വളരെ കാര്യക്ഷമമായി പ്രവർത്തിച്ച ഒരു സംവിധാനമായിരുന്നു ഇത്. പക്ഷേ ജനപ്രതിനിധികളുടെ പങ്കാളിത്തത്തിന്റെ കുറവു കൊണ്ട് എന്നുതന്നെ ഞാൻ പറയും അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നുണ്ടായിരുന്നില്ല. ഇപ്പോൾ അത് കാര്യക്ഷമമാക്കാനും ജനകീയ പ്രശ്നങ്ങൾക്ക് ഉടൻ തന്നെ പരിഹാരമുണ്ടാക്കാനുമുള്ള നടപടി ഉണ്ടായിരിക്കുകയാണ്. ഇതുവരെ ഒരു ഉപദേശക സമിതിയുടെ സ്വഭാവമാണ് താലൂക്ക് സഭകൾക്ക് ഉണ്ടായിരുന്നത് എങ്കിൽ ഇപ്പോൾ കൂടുതൽ നടപടികൾ സ്വീകരിക്കാൻ കഴിയത്തക്കവിധത്തിൽ നിയമപരമായി അതിനുള്ള സംവിധാനം നടപ്പാക്കുന്നതിന് തീരുമാനമെടുത്തിരിക്കുന്നത് അങ്ങേയറ്റം സ്വാഗതാർഹമാണ്. ഒരു വ്യക്തിയുടെ ആവശ്യ നേരത്ത് സഹായിക്കുന്നവനാണ് യഥാർത്ഥ സ്നേഹിതൻ എന്ന് നമ്മൾ കേൾക്കാറുണ്ട്. A friend in need is a friend indeed. യഥാർത്ഥത്തിൽ കേരളത്തിൽ പ്രകൃതിക്ഷോഭവും വെള്ളപ്പൊക്കവും വരൾച്ചയും ഉണ്ടാകുമ്പോൾ ദുരിതത്തിൽപ്പെട്ട ജനങ്ങളെ സഹായിക്കാൻ ഓടിയെത്തുന്ന ഒരു വകുപ്പാണ് റവന്യൂ വകുപ്പ്. സുനാമി ദുരന്തത്തെക്കുറിച്ച് ഇവിടെ എല്ലാവരും സൂചിപ്പിക്കുകയുണ്ടായി. സുനാമി ദുരന്തം ദക്ഷിണേഷ്യയെ മുഴുവൻ ഗ്രസിച്ചപ്പോൾ ലക്ഷക്കണക്കിന് ആളുകൾ മരണപ്പെട്ടപ്പോൾ അതിന്റെ അനുകിരണങ്ങൾ കേരള തീരത്തും ഉണ്ടായി എന്നത് വസ്തുതയാണ്. പ്രതീക്ഷിക്കാതെയുണ്ടായ ഒരു പ്രതിസന്ധിയെ ഇത്ര കാര്യക്ഷമമായി നേരിടാൻ ഈ വകുപ്പിന് കഴിഞ്ഞു. സുനാമി ദുരന്തം സംഭവിച്ചവർക്ക് അടിയന്തിരമായി സഹായം എത്തിക്കുന്നതിൽ റവന്യൂ വകുപ്പും ഗവൺമെന്റും സ്വീകരിക്കുന്ന നടപടികൾ പ്രതിപക്ഷത്തിനുപോലും പരാതിയില്ലാതെ നടപ്പാക്കാൻ കഴിഞ്ഞു. അവർക്ക് ഭക്ഷണം, മരുന്ന്, വസ്ത്രം, പാർപ്പിടം എന്നിവ ലഭ്യമാക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ ശ്ലാഘനീയം തന്നെ. മറ്റ് സംസ്ഥാനങ്ങളിലുണ്ടായ നടപടികൾ നമ്മൾ ടി.വി.യിൽ കണ്ടതാണ്. അവരെ കുറ്റപ്പെടുത്തുകയല്ല. അതുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ അങ്ങ് നടത്തിയ നടപടികൾ എത്രമാത്രം ശ്ലാഘനീയമായിരുന്നു എന്ന് കാണാൻ കഴിയും. ശാശ്വതമായ ഭവന നിർമ്മാണം നടത്തി. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ചെറിയ

LIBRARY ARCHIVES Kerala Legislative Assembly

തടസ്സങ്ങളുണ്ടായി. അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാവണം. സ്ഥലമെടുക്കുന്നതിനുള്ള നടപടിക്രമം പൂർത്തിയായി. മൂവായിരത്തിലധികം വരുന്ന ആളുകൾക്ക് സ്ഥിരമായി വീടുകൾ വച്ചുകൊടുക്കുന്ന നടപടികളും പരിഗണിച്ചുകൊണ്ടിരിക്കുന്നു. ചെറിയ ചെറിയ പോരായ്മകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും അതിനൊക്കെ പരിഹാരം ഉണ്ടാക്കിക്കൊണ്ട് മുന്നോട്ട് പോവുകയാണ്. ഭവനനിർമ്മാണ വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രത്യേകം ശ്ലാഘനീയമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഏതാണ്ട് 475 കോടിയോളം രൂപ ലാപ്സാക്കി അല്ലെങ്കിൽ വകമാറ്റി ചെലവഴിക്കുന്ന ഒരു സാഹചര്യമുണ്ടായിരുന്നു. ഹഡ്കോയിൽ നിന്നും 712 കോടി രൂപ വായ്പ എടുത്ത് 437 കോടി രൂപ മാത്രം ചെലവഴിച്ചിട്ട് 275 കോടി രൂപ വകമാറ്റി ചെലവഴിച്ച ഒരു സാഹചര്യമുണ്ടായിരുന്നു. പാവപ്പെട്ട അനേകലക്ഷം ആളുകൾക്ക് ഏതാണ്ട് 372 ലക്ഷം വീടുകൾ പണിയാനാണ് വായ്പ എടുത്തത്. പക്ഷേ 2.30 ലക്ഷം വീടുകൾ മാത്രം പണിയാനേ ഭവന നിർമ്മാണ ബോർഡിന് സഹായം നൽകാൻ കഴിഞ്ഞിട്ടുള്ളൂ. ബാക്കി വരുന്ന തുക വകമാറ്റി ചെലവഴിച്ചുകൊണ്ട് ഭവന നിർമ്മാണ ബോർഡിനെ പ്രതിസന്ധിയിലാക്കിയ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇവിടെ നിന്ന് കടന്നുപോകുമ്പോൾ അതിന് പരിഹാരമുണ്ടാക്കി പണം ലഭ്യമാക്കാൻ ഹഡ്കോയിൽ നിന്ന് വായ്പ ലഭ്യമാക്കി. ഇന്ന് 1.45 ലക്ഷം ഗുണഭോക്താക്കൾക്ക് വായ്പ ലഭിക്കാനുള്ള സാഹചര്യം ഉണ്ടായിരിക്കുന്നു. ഇത്തരത്തിൽ വളരെ നല്ല പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ട് ബഹുമാന്യനായ മന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ: സർ, കേരളത്തിലെ സാധാരണ ജനങ്ങളെ ഏറ്റവും കൂടുതൽ ബാധിക്കുന്ന പ്രധാനപ്പെട്ട ചില വകുപ്പുകളുടെ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട ചർച്ച നടക്കുമ്പോൾ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ ഇവിടെ പ്രതിപാദിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നമ്മുടെ ഗവൺമെന്റ് ജനങ്ങളെ എങ്ങനെ കബളിപ്പിക്കാം, വിഡ്ഢികളാക്കാം എന്നുള്ള കാര്യത്തിൽ ഗവേഷണം നടത്തുന്നതായി മനസ്സിലാക്കുകയാണ്. മറ്റൊന്നുമല്ല, ഈ നിയമസഭയിൽ വന്ന കാലം മുതൽ ഞാൻ ഇവിടെ ചില കാര്യങ്ങൾ ഉന്നയിക്കുന്നതാണ്. ജില്ലകൾ വിഭജിക്കുന്ന കാര്യവും താലൂക്ക് വിഭജിച്ച് പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന കാര്യവും ഈ സഭയിൽ നിരന്തരമായി ഉയർന്നു കേൾക്കുന്ന കാര്യങ്ങളാണ്. ഏതായാലും ഇതിനോടകം ഒരു കാര്യം എനിക്ക് ബോദ്ധ്യമായി. ഇങ്ങനെ ഒരു കാര്യം നടപ്പാക്കേണ്ടതില്ല എന്ന് ഗവൺമെന്റ് തീരുമാനിക്കുന്നുവോ അങ്ങനെ ഗവൺമെന്റ് വളരെ തന്ത്രപൂർവ്വം ഒരു ഏർപ്പാടുണ്ടാക്കും. എന്താണെന്ന് അറിയാമോ? ഒരു കമ്മീഷൻ രൂപീകരിക്കും, ഒരു കമ്മീഷനെ ചുമതലപ്പെടുത്തും എന്നുപറയും. 1991 മുതൽ നിയമസഭയിൽ നിരന്തരമായി ആവശ്യപ്പെടുന്ന ഒരു കാര്യമാണ് മൂവാറ്റുപുഴ കേന്ദ്രമാക്കി ഒരു ജില്ല രൂപീകരിക്കണമെന്ന ആവശ്യം. അതോടൊപ്പംതന്നെ കൂത്താട്ടുകുളം കേന്ദ്രമാക്കി ഒരു താലൂക്ക് രൂപീകരിക്കണമെന്ന

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യവും. അന്നും ബഹുമാന്യനായ ഇന്നത്തെ റവന്യൂ വകുപ്പ് മന്ത്രിക്ക് തന്നെയായിരുന്നു റവന്യൂ വകുപ്പിന്റെ ചുമതല. അദ്ദേഹം വളരെ അനുഭാവപൂർവ്വം അക്കാര്യം പരിഗണിക്കാമെന്ന് പറഞ്ഞു. അതിനുശേഷം വന്ന ഗവൺമെന്റും ഇക്കാര്യം ഉന്നയിച്ചപ്പോൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് പറഞ്ഞു. മാറിമാറി വരുന്ന ഗവൺമെന്റുകൾ എന്താണ് ചെയ്യുന്നത്? ഇത് നടപ്പിലാക്കാൻ കഴിയില്ല എന്നുള്ളതുകൊണ്ട്, കാലാകാലങ്ങളിൽ ഓരോ കമ്മീഷനെ വയ്ക്കും. എല്ലാം ഇപ്പോൾ നടപ്പാക്കുമെന്ന് കരുതിയിരുന്നപ്പോൾ ഇതിനുവേണ്ടി നിയോഗിച്ചിരുന്ന സുരേന്ദ്രൻ കമ്മീഷൻ, അദ്ദേഹത്തിന്റെ സേവനം കേന്ദ്രത്തിലേക്ക് മാറ്റി അപ്പോൾ അദ്ദേഹം അങ്ങോട്ടുപോയി. ഇപ്പോൾ പുതിയ കമ്മീഷൻ രൂപീകരിക്കും എന്നാണ് റവന്യൂ വകുപ്പുമന്ത്രി പറയുന്നത്. കമ്മീഷൻ രൂപീകരിക്കുന്ന കാര്യത്തെക്കുറിച്ച് കേൾക്കുമ്പോൾ എനിക്ക് ഒരു കാര്യം ഓർമ്മ വരുന്നു. ഒന്നുകിൽ ഉണ്ണുന്നവൻ അറിയണം, അല്ലെങ്കിൽ വിളമ്പുന്നവന് നാണം വേണം. ഞാൻ ആ ഒരു അവസ്ഥയിലാണ്. ഞാൻ ഉണ്ണുന്നവനാണല്ലോ, എനിക്ക് നാണമാകുന്നു. ഇപ്പോൾ പ്രസംഗിച്ച ശ്രീ. തോമസ് ചാഴികാടനും ഇതേ വികാരം തന്നെയാണ് പ്രകടിപ്പിച്ചത് ഇത് പറയാൻ ഞങ്ങൾക്ക് നാണമുണ്ട്. അതുകൊണ്ട് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയോട് പറയട്ടെ, താലൂക്കുകൾ, ജില്ലകൾ രൂപീകരിക്കുന്നുണ്ടെങ്കിൽ ഇനിയും കമ്മീഷനെ വച്ച് നാണംകെട്ട ഏർപ്പാടിലേക്ക് പോകാതെ, എത്രയോ കമ്മീഷൻ റിപ്പോർട്ടുകൾ ഈ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. ആ കമ്മീഷൻ റിപ്പോർട്ടുകളിലെ കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റിന്റെ ഇച്ഛാശക്തി കാണിക്കാൻ, ഒന്നുകിൽ ഇവിടെ ഇനി താലൂക്കുകൾ രൂപീകരിക്കുന്നില്ല എന്നുപറയാനുള്ള ആർജ്ജവം കാണിക്കണം. അല്ലെങ്കിൽ രൂപീകരിക്കുമെന്ന് പറഞ്ഞാൽ അതിനുള്ള തന്റേടം കാണിക്കണം. കഴിഞ്ഞ ഗവൺമെന്റ് തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് രണ്ടു മാസം മുമ്പാണ് ഏതാനും താലൂക്കുകൾ രൂപീകരിക്കുമെന്നുള്ള പ്രഖ്യാപനം നടത്തിയിട്ട് പോയത്. എന്തിനാണ് ഇങ്ങനെ ജനങ്ങളെ കബളിപ്പിക്കുന്നത്. ഈ ഏർപ്പാട് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഇനിയെങ്കിലും ഈ കമ്മീഷനുകളുമായി പോകാതെ ഇക്കാര്യത്തിൽ നിശ്ചയദാർഢ്യത്തോടുകൂടിയ ഒരു തീരുമാനമെടുക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ താലൂക്ക് സഭകളെക്കുറിച്ച് പറഞ്ഞു. താലൂക്ക് സഭകൾക്ക് അധികാരം കൊടുക്കുമെന്ന് മൂന്ന് സമ്മേളനങ്ങളിലായി കേൾക്കുകയാണ്. ഇന്നും ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ഇവിടെ നൽകിയിരിക്കുന്ന കുറിപ്പ് അനുസരിച്ച് താലൂക്ക് സഭകൾക്ക് അധികാരം കൊടുക്കാൻ നിയമനിർമ്മാണം കൊണ്ടുവരുന്നു എന്നു പറഞ്ഞു. ഇത് ഇങ്ങനെ പറഞ്ഞാൽ മതിയോ? ഞാൻ ഈ നിയമസഭയിൽ റവന്യൂ വകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്ത് കഴിഞ്ഞ വർഷവും അതിന്റെ മുമ്പിലത്തെ വർഷവും ഇതുതന്നെ ഉന്നയിച്ചു. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയുടെ മറുപടിയിൽ അടിയന്തിരമായി നിയമനിർമ്മാണം കൊണ്ടുവരുമെന്ന് പറഞ്ഞു അത് കൊണ്ടുവന്നിട്ടില്ല. അധികാരമില്ല. ഞാൻ സ്ഥിരമായി താലൂക്ക് സഭയിൽ പോകുന്ന ഒരു മെമ്പറായിരുന്നു. അവിടെ

2/655/2012—34.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് പ്രസിഡന്റുമാർ വരില്ല, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ വരില്ല, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ വരില്ല. അതിന് ആളുകൾക്ക് വിശ്വാസം വേണ്ടേ? അവിടെ ഒരു തീരുമാനമെടുത്താൽ അത് നടപ്പാക്കുമെന്ന ബോദ്ധ്യം വേണ്ടേ? ആദ്യമൊക്കെ എത്രയോ ആളുകൾ വരുമായിരുന്നു, തീരുമാനങ്ങളുണ്ടാകുമായിരുന്നു. ഇപ്പോൾ ആളുകൾ അങ്ങോട്ട് തിരിയില്ല. ഈ പറയുന്ന കാര്യത്തിൽ ആത്മാർത്ഥതയുണ്ടെങ്കിൽ ഇനി ശേഷിക്കുന്ന കാലം അടിയന്തിരമായി നിയമനിർമ്മാണം നടത്തി താലൂക്ക് സഭകൾക്ക് അധികാരം കൊടുത്തുകൊണ്ട് അവയെ ശക്തമാക്കാനുള്ള നടപടികളെടുക്കാൻ ബഹുമാന്യനായ മന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ നദീതീരങ്ങളുടെ സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ബിൽ കൊണ്ടുവന്നു. മണൽ മാഫിയ കേരളം അടക്കി വാഴുകയല്ലേ? നിയമനിർമ്മാണം വന്നാലെന്ത് രാജ്യം മണൽ മാഫിയ യുടെ പിടിയിലല്ലേ? സംസ്ഥാനത്തെ റവന്യൂ ഉദ്യോഗസ്ഥരും പോലീസും ഇവരുടെ പിടിയിൽ അല്ലെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? നാം എന്ത് നിയമനിർമ്മാണം നടത്തിയാലും അതെല്ലാം നിയന്ത്രിക്കുന്നത് മണൽ മാഫിയയാണ്. അവരെ സഹായിക്കുന്ന മറ്റു ചില ശക്തികളും ഉണ്ട്. ഇവിടെ മണൽ വാരലുമായി ബന്ധപ്പെട്ട് വിദഗ്ദ്ധ സമിതികളുണ്ടായി. ആ സമിതികളൊക്കെ മണൽ മാഫിയയുടെ പിടിയിൽ ഒതുങ്ങിയിരിക്കുന്നു എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മണൽ മാഫിയ വിചാരിച്ചാൽ ഈ വിദഗ്ദ്ധ സമിതികളെ ഹൈജാക്ക് ചെയ്യാനും ഇഷ്ടമുള്ള തീരുമാനങ്ങളെടുപ്പിക്കുവാനും കഴിയും. വിദഗ്ദ്ധ കമ്മിറ്റിയുടെ ഘടനയെന്താണ്? നിയമത്തിൽ പറയുന്ന ഘടനയാണോ? ആ സമിതികൾ രൂപീകരിച്ചപ്പോൾ ഉണ്ടായിരി ക്കുന്ന രാഷ്ട്രീയ പരിഗണന വച്ച് രാഷ്ട്രീയക്കാരെ തിരുകിക്കയറ്റുന്ന കേവലം സമിതികളായി മാറുന്നു. ആ സ്ഥിതി മാറേണ്ടേ? നിയമത്തിൽ പറയുന്നതുപോലെ വിദഗ്ദ്ധരായിട്ടുള്ള ആളുകളെ ആ സമിതിയിൽ കൊണ്ടുവരേണ്ടേ? മണൽ മാഫിയയെ നിയന്ത്രിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇവിടെ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകും പാലങ്ങൾ തകർന്ന് പോകും. പുഴയോരം മുഴുവൻ തകരും. ഇതെല്ലാം അങ്ങേയ്ക്കും അറിയാ വുന്ന കാര്യങ്ങളല്ലേ? അതുകൊണ്ട് എനിക്ക് പറയാനുള്ളത് നിയമത്തിൽ പറയുന്ന കാര്യങ്ങൾ അടിയന്തിരമായി നടപ്പാക്കാനുള്ള ഇച്ഛാശക്തി ഗവൺമെന്റ് കാണിക്കണം. ഇവിടെ നദീതീര ഫണ്ട് ഉപയോഗിച്ച് കുറേ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കു വാൻ തീരുമാനിച്ചതായി അറിയാൻ കഴിഞ്ഞു. ജില്ലാകളക്ടർമാർ സമർപ്പിച്ച 322 പദ്ധതികൾക്ക് അംഗീകാരം നൽകിയെന്ന് അവിടെ സർക്കുലേറ്റ് ചെയ്ത നോട്ടിൽ കണ്ടു. അംഗീകാരം നൽകിയാൽ മതിയോ പദ്ധതികൾ നടപ്പാക്കേണ്ടേ? പുഴയുടെയും നദിയുടെയും തീരമാണ് കെട്ടേണ്ടത്. നദിയുടെ തീരം കെട്ടുവാൻ ആവശ്യപ്പെട്ട് എസ്റ്റിമേറ്റുണ്ടാക്കി കാര്യങ്ങൾ മുന്നോട്ട് നീക്കിയത് ഇറിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥരാണ്. നദീതീരം സംരക്ഷിക്കുവാനും നദീതീരം കെട്ടുവാനും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഉള്ളപ്പോൾ ഗവൺമെന്റ് ഒരു ഉത്തരവ് ഇറക്കിയിരിക്കുന്നു. ഡി. ആർ. ഡി. എ. വഴിവേണം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാനെന്ന്. ഇത് ടെന്റർ ചെയ്ത് കേവലം അഴിമതിക്കുവേണ്ടി വാതിൽ തുറന്നിരിക്കുകയാണ്. എന്റെ വിനീതമായ അഭ്യർത്ഥന നദീതീര സംരക്ഷണ ഫണ്ടുപയോഗിച്ച് ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ ചെയ്ത് ജലസേചന വകുപ്പിന്റെ ചുമതലയിൽ കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികളെടുക്കണമെന്നാണ്. മറ്റൊന്ന്, സുനാമി ദുരന്തവുമായി ബന്ധപ്പെട്ട കാര്യമാണ്. കുറേയേറെ കാര്യങ്ങൾ സുനാമി ദുരിതാശ്വാസത്തിന്റെ നടപടികളുടെ ഭാഗമായി ചെയ്തു. നല്ല കാര്യമാണ്. ഞാൻ ഇത് ചോദിക്കാൻ കാരണം കുറേയേറെ സഹായം അന്ന് നൽകി. കേരളത്തിലും വിദേശത്തുമുള്ള മലയാളികൾ സഹായഹസ്തവുമായി വന്നു. പക്ഷെ പത്രങ്ങളിൽ ഇടയ്ക്കിടയ്ക്ക് വരുന്ന വാർത്തകൾ നമ്മെയെല്ലാം വേദനിപ്പിക്കുന്നതാണ്. ഈ സഹായധനം നൽകിയ ആളുകൾ ഇന്ന് ഉൽകണ്ഠയിലാണ്. അഴിമതിയുണ്ടായിയെന്ന് ഞാൻ പറയുന്നില്ല പക്ഷെ സുതാര്യമായിരിക്കണം സുനാമി ഫണ്ട് ഏത് പ്രകാരം വിനിയോഗിച്ചു. ഏതൊക്കെ വിധത്തിലാണ് കിട്ടിയത്? എത്ര ഫണ്ട് കിട്ടി? ഇതുമായി ബന്ധപ്പെട്ട് ഒരു വൈറ്റ് പേപ്പർ ഇറക്കുവാൻ ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സുനാമി ഫണ്ട് വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് വകമാറ്റി ചെലവഴിക്കുന്ന ചില സംശയങ്ങളൊക്കെ പ്രകടിപ്പിച്ചതുകൊണ്ട് ചോദിക്കുകയാണ്. ഗുജറാത്ത് ഭൂകമ്പം ഉണ്ടായപ്പോൾ മുഖ്യമന്ത്രിയുടെ ഫണ്ടിലേക്ക് ഗവൺമെന്റ് പിരിച്ചെടുത്ത തുകയിൽനിന്ന് മൂന്ന് കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഈ സഭയിൽ മൂന്ന് പ്രാവശ്യം ഉന്നയിച്ച ചോദ്യങ്ങൾക്കും മറുപടിയായി കിട്ടിയത് ഒൻപതര കോടി രൂപ ഗവൺമെന്റിന്റെ കൈയിലുണ്ട്, ട്രഷറിയിൽ കിടക്കുകയാണ് എന്നാണ്. ഇത് വകമാറ്റി ചെലവാക്കിയതായി എന്തെങ്കിലും സംശയം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോണി നെല്ലൂർ : സംശയമില്ലാത്ത വിധത്തിൽ ജനങ്ങളെ ബോധ്യപ്പെടുത്താനാണ് വൈറ്റ് പേപ്പർ ഇറക്കണമെന്ന് ഞാൻ പറഞ്ഞത്. ഇതുപോലുള്ള ദുരിതാശ്വാസ പദ്ധതികൾ നടപ്പാക്കുമ്പോൾ സംശയത്തിന്റെ ഒരംശം പോലും ഉണ്ടാകാൻ പാടില്ല. ആ സംശയത്തിന്റെ അംശം ഇല്ലാതാക്കുവാനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഇവിടെ വീട് വച്ചുതരാൻ തയ്യാറായ ആളുകളുണ്ട്. ബഹുമാന്യനായ ആർ. ബാലകൃഷ്ണപിള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത് അദ്ദേഹം തന്നെ മുൻകൈയെടുത്ത് അദ്ദേഹത്തിന്റെ തന്നെ നിയോജകമണ്ഡലത്തിലെ ഒരു വ്യക്തി 50 വീടുകൾ വയ്ച്ചുകൊടുക്കാൻ തയ്യാറായി മുന്നോട്ട് വന്നു എന്നാണ്. മാതാ അമൃതാനന്ദമയി മഠം ഉൾപ്പടെയുള്ള നിരവധി ഏജൻസികൾ മുന്നോട്ട് വന്നു. ഗവൺമെന്റ് അവർക്ക് അനുവാദം കൊടുത്തു. വീട് വച്ചാൽ മാത്രം മതിയോ ആ വീട്ടിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകേണ്ടേ? വൈദ്യുതി വേണ്ടേ? വെള്ളം വേണ്ടേ? ഇക്കാര്യങ്ങൾ ഓരോ ഏജൻസികളെ ഏൽപ്പിക്കണം. ഇക്കാര്യത്തിലൊക്കെ എന്തു ചെയ്യാൻ കഴിയും അല്ലെങ്കിൽ ഗവൺമെന്റ് എന്തുചെയ്യാൻ ഉദ്ദേശിക്കുന്നു എന്നുള്ളതിനെ സംബന്ധിച്ച് തീർച്ചയായും വ്യക്തമായ ഒരു പ്രഖ്യാപനമുണ്ടാകണമെന്നുള്ള അഭ്യർത്ഥനയാണുള്ളത്. ഞാൻ റവന്യൂ വകുപ്പുമന്ത്രിയെ നന്ദിപൂർവ്വം സ്മരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ വരൾച്ചാ ദുരിതാശ്വാസ ഫണ്ട് ധാരാളം കിട്ടി. അതിൽ എനിക്ക് അദ്ദേഹത്തോട് നന്ദിയുണ്ട്. മൂവാറ്റുപുഴയോട് പ്രത്യേക താൽപ്പര്യ

LIBRARY ARCHIVES Kerala Legislative Assembly

മുള്ളതുകൊണ്ടാണ് തന്നത്. അതോടൊപ്പം തന്നെ ദുരിതാശ്വാസ ഫണ്ടുപയോഗിച്ച് ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച ജില്ലയാണ് നമ്മുടെ ജില്ല. ഈ ജില്ലയിൽ മറ്റ് ജില്ലകളിൽനിന്ന് വ്യത്യസ്തമായി നിർമ്മാണം പുർത്തീകരിച്ച വേല കൾക്ക് ഫണ്ട് കിട്ടിയിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്..................................

ശ്രീ. ജോണി നെല്ലൂർ : എറണാകുളം ജില്ലയിൽ ഭരണപക്ഷത്തും പ്രതിപക്ഷത്തു മുള്ള എം.എൽ.എ.-മാർ ഒരുമിച്ചാണ് പ്രവർത്തിച്ചത് എറണാകുളം ജില്ലയിൽ പണി പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ട് അനുവദിച്ചില്ല. പണി പൂർത്തീകരിക്കുന്നതിന് ഫണ്ട് റിലീസ് ചെയ്ത് കിട്ടുവാൻ ബഹുമാന്യനായ മന്ത്രിക്ക് നിവേദനം കൊടുത്തി ട്ടുണ്ട്. ജില്ലയ്ക്ക് ഫണ്ട് കൊടുക്കുന്നതുപോലെ തന്നെ പണി പൂർത്തീകരിച്ചു കൊടുക്കു വാനുള്ള തുക കൂടെ അനുവദിക്കാനുള്ള നടപടി ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നു മാത്രമാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഭവന നിർമ്മാണ ബോർഡ് വീടുകൾ പണിതിട്ടിട്ടുണ്ട്. പണിതിട്ട വീടുകൾ അലോട്ട് ചെയ്യാതെ ലേലം ചെയ്യാൻ തീരുമാനിച്ചു. എടുക്കാൻ ആള് മുന്നോട്ട് വന്നില്ല. എന്തു കൊണ്ടാണ്? മുഴുവൻ ചോർന്നൊലിക്കുന്ന കെട്ടിടങ്ങളാണ്. 16 വർഷം ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ച കൂരയിൽ കഴിഞ്ഞവനാണ് ഞാൻ. ഇപ്പോഴാണ് വീട് വച്ചത്. ചോർന്നൊലിക്കുന്ന വീടുകൾ ഭവന നിർമ്മാണ ബോർഡിന്റെ പ്രത്യേകതയാണ്. അതുകൊണ്ട് ചോർന്നൊലിക്കാത്ത വീടുകൾ നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരി ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. സി. ജോർജ് : ഞാൻ ഈ ഡിമാന്റുകളെ എതിർക്കുകയാണ്. ഞാൻ ധർമ്മസങ്കടത്തിലാണ്. ഒരു കുട്ടി പണ്ട് പറഞ്ഞത് സത്യം പറഞ്ഞാൽ മന്ത്രിക്ക് സുഖി ക്കില്ല. സത്യം പറഞ്ഞില്ലെങ്കിൽ അത് ഈ രാജ്യത്തെ അടുത്ത തലമുറയോട് ചെയ്യുന്ന മഹാപരാധമായി മാറും. നമ്മൾ ഇനി ഇത് എത്രനാൾ പറയാനാണ് ബഹു മാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പോലും ഇനി അടുത്ത തവണ ഈ സഭയിൽ കാണും എന്ന് ഉറപ്പില്ല. അഥവാ കണ്ടാലും അധികം നാൾ കാണുമെന്ന് കരുതാനും കഴിയില്ല. പക്ഷെ നമ്മുടെ പിന്നാലെ ഒരു തലമുറയുണ്ട്. ആ തലമുറയുടെ ജീവിതം സുരക്ഷിതമാക്കാനുള്ള ചുമതല ഈ നിയമനിർമ്മാണ സഭയിൽ 140 അംഗങ്ങൾക്കു മുണ്ടെന്നുള്ള വിശ്വാസം ഉള്ളതുകൊണ്ട് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി വ്യക്തിപരമായി കാണാതെ ഈ സമൂഹത്തോടുള്ള കടപ്പാട് നിറവേറ്റുവാൻ ബാധ്യത യുള്ള പൊതു പ്രവർത്തകൻ എന്ന നിലയിൽ സംസാരിക്കുന്നതായി മാത്രം അങ്ങ് കാണണം എന്നുള്ള വിനയത്തോടുകൂടിയ അപേക്ഷയോടുകൂടിയാണ് ഞാൻ ചില കാര്യങ്ങൾ പറയുന്നത്. ഇന്ന് കോട്ടയം, ആലപ്പുഴ ജില്ലകളിൽ ചൂട് എത്രയാണെന്ന് അറിയാമോ? 39 ഡിഗ്രി സെൽഷ്യസ്. എന്തുകൊണ്ടാണ് ഇത് സംഭവിച്ചിരിക്കുന്നത്? കുറ്റബോധത്തോടുകൂടി പറയട്ടെ നമ്മുടെ തലമുറ വനവും പ്രകൃതിയും പ്രകൃതിയുടെ സന്തുലിതാവസ്ഥയും നശിപ്പിച്ചു. ഈ സമൂഹത്തോടുള്ള കടമ നിറവേറ്റുന്നതിനു പ്രവർത്തിച്ചതുകൊണ്ട് സംഭവിച്ചിരിക്കുന്നതാണെന്ന് ഭരണത്തിലിരിക്കുന്നവർ പറഞ്ഞാൽ അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ അവർക്ക് കഴിയില്ല. 30-10-2001-ൽ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഒരു ചോദ്യം ചോദിച്ചു മൂന്നാർ മേഖലയിൽ ടാറ്റാ ടീ ലിമിറ്റഡിന്റെ കൈവശം അനധികൃതമായി എത്ര ഏക്കർ ഭൂമിയുണ്ട്; അത് കണ്ടെത്താനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ടോ? ഉത്തരം പൂർത്തിയായിട്ടുണ്ട്. അങ്ങനെയാണെങ്കിൽ ടാറ്റാ കൈവശപ്പെടുത്തിയ ഭൂമി എത്രയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ? ഉത്തരം ഉണ്ട്. 30-10-2001-ലെ ഉത്തരമാണ്. ഞാൻ 14-7-2004-ൽ വീണ്ടും ഒരു ചോദ്യം ചോദിച്ചു. ടാറ്റാ ടീ കമ്പനി സർക്കാർ കൈവശപ്പെടുത്തിയിട്ടുണ്ടോ? ഉത്തരം ടാറ്റാ ടീ കമ്പനി സർക്കാർ കൈവശപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രണ്ടും റവന്യൂ വകുപ്പു മന്ത്രി ശ്രീ. കെ. എം. മാണി തന്ന ഉത്തരമാണ്. 31-10-2001-ൽ അനധികൃതമായി കയ്യേറിയിട്ടുണ്ട് എന്ന് പറഞ്ഞു. 2004-ൽ ടാറ്റാ ടീ കമ്പനി സർക്കാർ 12.00 NOON] ഭൂമി കൈവശപ്പെടുത്തിയത് കണ്ടെത്തിയിട്ടില്ല; എത്ര ഏക്കർ ഭൂമിയാണ് കണ്ടെത്തിയതായി കാണുന്നത്? ഉത്തരം—ചോദ്യം ഉദിക്കുന്നില്ല. അതുകൊണ്ട് തീർന്നില്ല. അതു കഴിഞ്ഞ് 10-3-2005-ൽ വീണ്ടും ഞാൻ ചോദിച്ചു മൂന്നാറിൽ ടാറ്റാ ടീയുടെ കൈവശം എത്ര ഏക്കർ ഭൂമിയുണ്ട്? 1996-ലെ ഒരു ഉത്തരവ് പ്രകാരം നടന്ന പ്രത്യേക സർവ്വെ ജോലിക്ക് സർക്കാർ എത്ര രൂപ ചെലവാക്കി; അളവ് ബത്ത, ഡീമാർക്കേഷൻ ചാർജ്ജ്, ചെയിൻമാൻ കൂലി, വാഹന വാടക എന്നീ ഇനങ്ങളിലായി 48,14,030 രൂപ ചെലവായി. ആവശ്യമായ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 8,16,701 രൂപ ചെലവായി. ഈ തുക സർക്കാർ ഖജനാവിൽ നിന്നാണോ ചെലവാക്കിയത്? അതെ. ഈ സർവ്വെയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ എത്ര ഏക്കർ ഭൂമി ടാറ്റായുടെ കൈയിലുണ്ടെന്ന് അറിയാൻ കഴിഞ്ഞു. മേല്പടി സർവ്വെയിൽ 48.80 ഹെക്ടർ സർക്കാർ ഭൂമി ടാറ്റായുടെ കൈവശമുണ്ടെന്ന് അറിയാൻ കഴിഞ്ഞു. 2001-ൽ ഒരു മറുപടി, 2004-ൽ വേറൊരു മറുപടി, 2005 ആയപ്പോൾ വേറൊരു മറുപടി. അതേപ്പറ്റി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് എന്ത് പറയാനുണ്ട്? ടാറ്റാ കൈവശം വച്ചിരിക്കുന്ന 50,000-ത്തോളം ഏക്കർ ഭൂമി കൈവശപ്പെടുത്തി വച്ചിട്ട് അത് തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാൻ കഴിയാതെ ഈ സഭയേപ്പോലും അവഹേളിക്കുന്ന രീതിയിലുള്ള മറുപടി പറയാൻ ഈ കാബിനറ്റിലെ സീനിയർ മോസ്റ്റ് അംഗമായ അങ്ങേയ്ക്ക് എങ്ങനെ കഴിയുന്നു? ഞാൻ അത്ഭുതപ്പെടുകയാണ്. ഞാൻ അങ്ങയെ വ്യക്തിപരമായി കുറ്റപ്പെടുത്തുകയല്ല. അങ്ങയുടെ ഉദ്യോഗസ്ഥരുടെ കുറ്റമാണെങ്കിൽ ഇങ്ങനെ മൂന്നു രീതിയിൽ ഉത്തരം തന്ന ഉദ്യോഗസ്ഥർ ആരാണെന്ന് പരിശോധിച്ച് സത്യവിരുദ്ധമായ കാര്യങ്ങൾ അങ്ങയെ ബോധ്യപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിച്ചുകൊണ്ട് മാതൃകാപരമായി അങ്ങ് ശക്തനായ ഒരു മന്ത്രിയാണെന്ന് തെളിയിക്കാൻ തയ്യാറാകുമെന്നാണ് എന്റെ പ്രതീക്ഷ. 12-7-2004-ൽ ചോദിച്ചു, മൂന്നാറിലെ വ്യാജ പട്ടയങ്ങളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം പൂർത്തിയായോ? ശ്രീ. എ. കെ. ആന്റണിയുടെ ഉത്തരം വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ട്. വിജിലൻസ് അന്വേഷണത്തിലെ ആരോപണം പ്രഥമദൃഷ്ട്യാ തെളിയിക്കപ്പെട്ടതിനാൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിന്റെ അന്വേഷണം

LIBRARY ARCHIVES Kerala Legislative Assembly

പുരോഗമിച്ചു വരുന്നു. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഉത്തരം. ആ ഉത്തരം ഇരിക്കുമ്പോൾത്തന്നെ രാജൻ മധേക്കർ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ (ഇന്റലിജൻസ്) റിപ്പോർട്ട് വന്നു. 2004 ഏപ്രിൽ മാസം ജില്ലാ കളക്ടർക്ക് കൊടുത്ത റിപ്പോർട്ടാണ് എന്റെ കൈവശം ഇരിക്കുന്നത്. ആ റിപ്പോർട്ടിൽ പറയുന്നു There is an information that large scale encroachment of revenue forest land and issue of forged pattayam are going on in Idukki District especially at Munnar, Devikulam and Kannan Devan Hill Village with active support of the concerned revenue officials. അതിൽ പറയുന്ന പേരുകൾ അത്ഭുതകരമായ നിലയിലുള്ളതാണ്. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ ഏകദേശം 68 പേരുടെ പേര് സഹിതം റവന്യൂ ഭൂമി കയ്യേറിയതായി പറഞ്ഞിരിക്കയാണ്. ചില ഉദ്യോഗസ്ഥരുടെ പേരും അദ്ദേഹം പറഞ്ഞിരിക്കുന്നു. എനിക്ക് അത്ഭുതം! ഇതൊക്കെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കണ്ടില്ല എന്ന് കരുതാൻ കഴിയുമോ? വിജിലൻസ് ഐ.ജി. കൊടുത്ത റിപ്പോർട്ട് കണ്ടില്ല എന്നാണോ പറയുന്നത്? ഞാൻ ചോദിക്കട്ടെ, ജോയി ഇടപ്പറമ്പിൽ പാലാ, അറിയുമോ? ഞാൻ അറിയും. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും അറിയും. നിഷേധിക്കാൻ പറ്റുമോ? സാജൻ ഓറിയന്റൽ, എറണാകുളം, റോയി പഞ്ഞിക്കുന്നേൽ, പാലാ, അറിയുമോ? ജയിംസ് ചങ്ങനാശ്ശേരി, ജോസ് പാലാ, ചൊവ്വേരിക്കുടി ഉൾപ്പെടെ കിടക്കുകയാണ്. ഇത് ആരാണ് അറിയാത്തത്? വിജിലൻസ് ഐ.ജി.-യുടെ റിപ്പോർട്ടാണ്. എക്സ് എം.പി. വക്കച്ചൻ മറ്റത്തിലിന്റെയൊക്കെ പേര് ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ഇതൊക്കെ വാഗമണ്ണിലെ കയ്യേറ്റമാണ്. എന്തുകൊണ്ട് ഈ റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കുന്നില്ല? എന്റെ ചോദ്യം അതാണ്. ശക്തനായ ഒരു മന്ത്രിയാണെങ്കിൽ, ബഹുമാനപ്പെട്ട കെ. എം. മാണി അങ്ങ് മന്ത്രിയായിരിക്കുമ്പോൾ ഈ റിപ്പോർട്ട് പൂഴ്ത്തി വച്ചിരിക്കുന്നത് എന്തിനാണ്? നടപടി സ്വീകരിക്കേണ്ടേ? അദ്ദേഹം ഈ നിയമസഭ തുടങ്ങുന്നതിനു മുമ്പ് വലിയൊരു മഹാകാര്യം ചെയ്തു. മൂന്ന് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു. വളരെ സന്തോഷം തോന്നി. ഈ കള്ളക്കച്ചവടം നടത്തിയ ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കാൻ മന്ത്രി തയ്യാറായല്ലോ. നിയമസഭയിൽ അദ്ദേഹത്തെ അഭിനന്ദിക്കണം എന്ന് വിചാരിച്ചാണ് ആ വാർത്ത വായിച്ച് ഞാൻ വന്നത്. ഞാൻ അന്വേഷിച്ചു. ആ ഉദ്യോഗസ്ഥരിൽ ഒരാൾ എൻ. തൊമ്മൻ. തഹസീൽദാർ ആയിരുന്നു. വി. ജെ. തങ്കപ്പൻ, ജോയി വർഗീസ് എന്നിവർ വില്ലേജ് ഓഫീസർമാരായിരുന്നു. എനിക്ക് ചിരി വന്നു. രാജൻ മധേക്കർ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന മൂന്നാമത്തെ ഉദ്യോഗസ്ഥനാണ് വി. ജെ. തങ്കപ്പൻ. പത്താമത്തെ ആളാണ് ജോയി വർഗീസ്. ഈ റിപ്പോർട്ടിൽ ഈ ഉദ്യോഗസ്ഥർ പട്ടയം കള്ളക്കച്ചവടം നടത്തിയവരാണ്. ആ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തത് കഴിഞ്ഞ മാസം. ഈ ഉദ്യോഗസ്ഥരിൽ എൻ. തൊമ്മൻ, തഹസീൽദാർ 2000 ജൂണിൽ പെൻഷൻ പറ്റിപ്പോയതാണ്. കഴിഞ്ഞ ആഴ്ച സസ്പെൻഡ് ചെയ്തു. ഇത്രയും കഴിവുള്ള ഒരു മന്ത്രിയാണ്. അതുപോലെ വി. ജെ. തങ്കപ്പൻ 2001-ൽ സർവ്വീസിൽ നിന്ന് പിരിഞ്ഞു പോയി. പെൻഷൻ പറ്റി പിരിഞ്ഞു പോയ മൂന്ന് ഉദ്യോഗസ്ഥരെ രണ്ടു മൂന്ന് വർഷം കഴിഞ്ഞ് സസ്പെൻഡ് ചെയ്യുക. ഞാൻ നീതി കാണിച്ചു എന്ന് പറഞ്ഞാൽ എങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

വിശ്വസിക്കാൻ പറ്റും. ഒരു കാര്യം അങ്ങയോട് ചോദിക്കട്ടെ. താലൂക്ക് സർവ്വേയർ 2003 ഏപ്രിൽ മാസത്തിൽ കളക്ടർക്കും റവന്യൂ സെക്രട്ടറിക്കും അയച്ച റിപ്പോർട്ടാണ് എന്റെ കൈവശമിരിക്കുന്നത്. ആ റിപ്പോർട്ടിൽ പറയുന്നത് ഇതാണ്. ദേവികുളം തഹസീൽദാരുടെ മേൽ സൂചന കത്ത് പരിശോധിച്ച് കയ്യേറ്റം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാകുന്നു. സ്ഥലം പരിശോധിച്ചതിൽ കെ.ഡി.എച്ച്. വില്ലേജിലാണ് വ്യാപകമായി കയ്യേറ്റം നടന്നതായി കണ്ടത്. പല തവണ കയ്യേറ്റക്കാരെ ഒഴിപ്പിച്ചു എങ്കിലും അവർ വീണ്ടും കയ്യേറുകയും സംഘടിതമായി ഭീഷണിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഈ കയ്യേറ്റത്തിന്റെ പിന്നിൽ പ്രമുഖ രാഷ്ട്രീയ കക്ഷികളുടെ സഹായം ഉള്ളതായി കാണുന്നു. താലൂക്ക് സർവ്വേയർ കൊടുത്ത റിപ്പോർട്ടാണ് ഞാൻ വായിച്ചത്. ഈ റിപ്പോർട്ടിലും രാജൻ മധേക്കർ പറഞ്ഞിരിക്കുന്ന റിപ്പോർട്ടിലും കൊള്ളക്കാർ വസ്തു കയ്യേറിയതായി പറയുന്നു. എന്തുകൊണ്ട് നാളിതുവരെയായി നടപടി സ്വീകരിക്കാൻ റവന്യൂ വകുപ്പുമന്ത്രി തയ്യാറാകുന്നില്ല? പരിശോധിക്കണ്ടേ? 2002-ലെ ഒരു ചോദ്യമാണിത്. പാട്ടത്തിനു നൽകിയിട്ടുള്ള റവന്യൂ ഭൂമിയുടെ റേറ്റ് കാലഹരണപ്പെട്ടു എന്ന് സർക്കാർ കരുതുന്നുണ്ടോ, പാട്ടത്തിനു നൽകിയിട്ടുള്ള ഭൂമിയുടെ പാട്ടക്കുടിശ്ശിക എത്ര വർഷമായി എന്നും എത്ര കിട്ടി എന്നും ചോദിച്ചിരിക്കയാണ്. പാട്ടക്കുടിശ്ശിക കിട്ടാനുണ്ടെന്ന് ബഹുമാനപ്പെട്ട കെ. എം. മാണി 2002-ൽ ഉത്തരം തന്നിരിക്കയാണ്, നൂറ്റിനാൽപ്പതുകോടി അമ്പത്തിമൂന്നു ലക്ഷത്തി പതിനാലായിരത്തി നാനൂറ്റി എൺപത്താറു രൂപ. ഇത് പിരിച്ചെടുക്കാനുള്ള നടപടി, വിവരം ശേഖരിച്ചു വരുന്നു. അതുപോലെ തന്നെ ടാറ്റായുടെ ഭൂമി അളക്കുമ്പോൾ അളവുകാശ് ആരാണ് കൊടുക്കേണ്ടത്? ചോദ്യത്തിന്റെ ഉത്തരത്തിൽ ടാറ്റായുടെ ഭൂമി അളക്കുമ്പോൾ പാലിച്ചിരിക്കേണ്ട നിബന്ധനയെപ്പറ്റി പറഞ്ഞിട്ടുണ്ട് 2-8-1886-ലെ എഗ്രിമെന്റ് ക്ലോസ് 3 പ്രകാരം തോട്ടത്തിന്റെ വ്യാപ്തി തിട്ടപ്പെടുത്തുന്നതിന് അളവെടുക്കുമ്പോൾ അത് എങ്ങനെവേണമെന്ന് കണ്ടെത്തുന്നതിനുള്ള അവകാശം ഗവൺമെന്റിനാണ്. അതുപോലെ പണം അടയ്ക്കേണ്ടത് ക്ലോസ് 4 പ്രകാരം കമ്പനിയാണ്. കമ്പനികൾ കാശ് അടയ്ക്കേണ്ടതിന് പകരം സർക്കാർ കാശ് അടയ്ക്കുന്നത് ശരിയല്ല. ആ പണം റിക്കവറി നടത്തുന്നതിന് ഗവൺമെന്റ് തയ്യാറാകേണ്ടേ? സർവ്വ വിധത്തിലും ജനജീവിതം ദുസ്സഹമാക്കുന്ന രീതിയിലാണ് റവന്യൂ വകുപ്പ് പോകുന്നതെന്ന് പറയാതിരിക്കാനാവില്ല. ഭൂമി കയ്യേറുന്നു, കൊള്ളക്കാർ കയ്യടക്കുന്നു, ഇതൊന്നും കണ്ടുപിടിക്കാതെ പോകുന്ന ഗവൺമെന്റ് നടപടികളിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

ശ്രീ. എം. എ. വാഹീദ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. മറ്റേതൊരു വകുപ്പിനേക്കാൾ ഏറ്റവും കൂടുതൽ ഭരണഭാരം വഹിക്കുന്നതും ഏറെക്കുറെ പണം ഉണ്ടാക്കി ഖജനാവിലേയ്ക്കു തരുന്നതുമായ വകുപ്പാണ് റവന്യൂ വകുപ്പ്. അതിൽ കൂടുതൽ ഭാരം വഹിക്കുന്നത് നമ്മുടെ ജില്ലകളിലെ കളക്ടർമാരും തഹസീൽദാർമാരും വില്ലേജ് ഓഫീസർമാരുമാണ്. ജില്ലാ കളക്ടർമാർക്ക് കമ്മിറ്റികൾ എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയാറില്ല. 24 മണിക്കൂറും പണിയെടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥരാണ് വില്ലേജ് ഓഫീസർമാർ. എല്ലാ കാര്യങ്ങൾക്കും വില്ലേജ് ഓഫീസറുടെ സേവനം അല്ലെങ്കിൽ അവരുടെ കാര്യക്ഷമത ആവശ്യമാണ്. അതുകൊണ്ട് താലൂക്ക് ഓഫീസുകൾക്കും വില്ലേജ് ഓഫീസുകൾക്കും delegation of powers കൊടുക്കണം. സബ് കളക്ടർമാർക്ക് ജില്ലയിലും ഡെപ്യൂട്ടി തഹസീൽദാർമാർക്ക് താലൂക്ക് ഓഫീസിലും വില്ലേജ് ഓഫീസിൽ അതിന് തത്തുല്യമായ ജീവനക്കാരെ നിയമിച്ച് വില്ലേജ് ഓഫീസർമാരുടെ ചുമതലകൾ ഡെലിഗേറ്റ് ചെയ്തുകൊടുത്തില്ലെങ്കിൽ ഒരു കാര്യവും നടക്കാത്ത അവസ്ഥയുണ്ടാകും. വില്ലേജ് ഓഫിസർമാരെ കാണാൻ പോകുമ്പോൾ മിക്കവാറും കാണാൻ കഴിയാത്ത സ്ഥിതിയാണ്. ഒന്നുകിൽ കടപ്പുറത്തായിരിക്കും അല്ലെങ്കിൽ ഏതെങ്കിലും ദുർമരണം നടന്നിടത്തോ, കോടതിയുടെ മഹസർ തയ്യാറാക്കുന്നിടത്തോ, വെള്ളപ്പൊക്കം സംഭവിച്ചിടത്തോ, വരൾച്ച സംഭവിച്ചിടത്ത് വെള്ളം കൊടുക്കാനോ ഒക്കെ പോയിരിക്കും. ഞാൻ ഒരു ദിവസം ഒരു വില്ലേജ് ഓഫീസറെ കാണാൻ ചെന്നപ്പോൾ അദ്ദേഹം വാട്ടർ അതോറിറ്റിയുടെ ടാങ്കിന് മുകളിൽ ആയിരുന്നു. വെള്ളം കൃത്യമായി ജനങ്ങൾക്കെത്തുന്നുണ്ടോ എന്നറിയാനാണ്. കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കേണ്ട സ്ഥിതിയാണ് ഓഫീസർമാർക്കുള്ളത്. അത്രയേറെ ഭാരം ഒരു വില്ലേജ് ഓഫീസിൽ ഇപ്പോൾ ഉണ്ടായിരിക്കുകയാണ്. അതുകൊണ്ട് അസിസ്റ്റന്റ് വില്ലേജ് ഓഫീസർക്കുകൂടി ചുമതല വിഭജിച്ചുകൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. പാവപ്പെട്ട ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും കൺസഷനും, ലംപ്സം ഗ്രാന്റ് ലഭിക്കേണ്ടതിനുമൊക്കെ സർട്ടിഫിക്കറ്റ് കൊടുക്കേണ്ടത് വില്ലേജ് ഓഫീസർ ആണ്. അതിന്റെ എല്ലാം അന്വേഷണത്തിനും പോകണം. അന്വേഷണത്തിനുപോയാൽ അന്വേഷിച്ചുപോകുന്ന വീടുകളിലെ ആൾക്കാരെയോ അവരുടെ ബന്ധുക്കളെയോ ഒന്നും എവിടെ നിന്നോ വരുന്ന ഒരു വില്ലേജ് ഓഫീസർക്ക് കണ്ടുപിടിക്കാൻ കഴിയുമോ? ആകെ ഒരു അരക്ഷിതാവസ്ഥ വില്ലേജ് തലത്തിലുണ്ടായിക്കൊണ്ടിരിക്കുകയാണ്. വില്ലേജ് ഓഫീസർമാരുടെ ചുമതല കൂടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില്ലേജ് ആഫീസുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ കൊടുക്കുവാൻ നടപടികൾ സ്വീകരിക്കണം. അല്ലെങ്കിൽ റവന്യൂ ഭരണം മിക്കവാറും താറുമാറാകുന്ന സ്ഥിതിയുണ്ടാകും. അതുപോലെ തന്നെ താലൂക്കുകളും. അതിൽ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത് തലസ്ഥാന താലൂക്കായ തിരുവനന്തപുരം ആണ്. കോഴിക്കൂട് പോലത്തെ സ്ഥലത്താണ് ഇത് സ്ഥിതിചെയ്യുന്നത്. ഇവിടെ ഡെപ്യൂട്ടി തഹസീൽദാർമാർ എവിടെ ഇരിക്കുന്നു എന്നുപോലും കണ്ടുപിടിക്കാൻ ബുദ്ധിമുട്ടാണ്. ഇരിക്കാൻ പോലും സ്ഥലം ഇല്ല. ചില ഡെപ്യൂട്ടി തഹസീൽദാർമാർ ഇരിക്കുന്നത് വീഞ്ഞപ്പെട്ടിയുടെ പുറത്താണ്. ഏതെങ്കിലും ബേസ് ബോർഡ് കഷണത്തിന്റെ പുറത്തുവച്ചാണ് എഴുതുന്നത്. ഇതാണ് ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള തലസ്ഥാന നഗരി സ്ഥിതിചെയ്യുന്ന തിരുവനന്തപുരം താലൂക്കിന്റെ സ്ഥിതിവിശേഷം. വെള്ളോടി കമ്മീഷൻ താലൂക്ക് വിഭജിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. കേരളത്തിലെ മുഴുവൻ ജനങ്ങളും അവരുടെ കാര്യ

LIBRARY ARCHIVES Kerala Legislative Assembly

നിർവ്വഹണത്തിനായി വരുന്നത് ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള തിരുവനന്തപുരത്താണ്. അങ്ങനെ ഈ നഗരം വീർപ്പുമുട്ടുകയാണ്. വെള്ളോടി കമ്മീഷൻ അറുപതുകൾക്കുമുൻപ് പറഞ്ഞത് താലൂക്കിനെ വിഭജിച്ച് റൂറൽ താലൂക്ക് അല്ലെങ്കിൽ കഴക്കൂട്ടം താലൂക്ക് ആക്കണമെന്നാണ്. ആ ആവശ്യം വളരെക്കാലമായി നിലനിൽക്കുകയാണ്. തിരുവനന്തപുരം താലൂക്കിനെ വിഭജിച്ചാൽ ജനങ്ങൾക്ക് ഭരണ സിരാകേന്ദ്രത്തിൽ ഉണ്ടാകുന്ന ഞെരുക്കം കുറെയെങ്കിലും കുറയ്ക്കുവാനും റൂറൽ പ്രദേശത്തുനിന്നുവരുന്ന ആൾക്കാരുടെ തിരക്ക് കുറയ്ക്കുവാനും കഴിയും. തിരുവനന്തപുരത്തെ ഓഫീസുകൾ കഴിയുന്നതും ഇവിടെ നിന്ന് മാറ്റി തിരുവനന്തപുരം താലൂക്കിനെ കഴക്കൂട്ടം താലൂക്കാക്കി വിഭജിച്ച് താലൂക്ക് ലെവലിൽ കുറെ ഓഫീസുകൾ കൂടി അങ്ങോട്ടുകൊണ്ടുപോയാൽ തീർച്ചയായും നഗരത്തിലെ വീർപ്പുമുട്ടുന്ന ജനത്തിരക്ക് കൊണ്ടു ബുദ്ധിമുട്ടുന്നതിന് ഒരു പരിധിവരെ പരിഹാരം ഉണ്ടാക്കാൻ കഴിയും. താലൂക്ക് അനുവദിക്കുന്നതിന് സാങ്കേതികമായി പറ്റിയില്ലെങ്കിലും റവന്യൂ ഭരണവുമായി ബന്ധപ്പെട്ട റവന്യൂ കാര്യങ്ങൾക്കായി ഒരു അഡീഷണൽ തഹസീൽദാരുടെയോ അല്ലെങ്കിൽ ഡെപ്യൂട്ടി തഹസീൽദാരുടേയൊ ചുമതലയിൽ റവന്യൂ കാര്യങ്ങൾ നടത്താൻ വേണ്ടി തിരുവനന്തപുരം നഗരത്തിൽ നിന്ന് റൂറൽ പ്രദേശത്തെ ജനങ്ങളുടെ സൗകര്യാർത്ഥം ഒരു സബ് താലൂക്കോ അഡീഷണൽ തഹസീൽദാരുടെ ചുമതലയിൽ റവന്യൂ കാര്യങ്ങൾക്കായി ഒരു റവന്യൂ ഓഫീസോ കഴക്കൂട്ടത്തോ ശ്രീകാര്യത്തോ ആറ്റിപ്രയിലോ ഈ നഗരം വിട്ട് സ്ഥാപിക്കാൻ കഴിഞ്ഞാൽ ഏറ്റവും തിരക്കുള്ള താലൂക്കിലെയും ഈ നഗരത്തിലെയും ജനത്തിരക്ക് കുറയ്ക്കാനും വരുന്ന ആവശ്യക്കാർക്ക് നഗരത്തിൽ സമരങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും ഇടയിൽ കിടന്ന് ഞെരുങ്ങാതെ, കുറച്ചുകൂടി സൗകര്യം ലഭിക്കത്തക്ക രീതിയിൽ ഭരണപരമായ പ്രവർത്തനങ്ങൾ നടത്താനും കഴിയും. കഴക്കൂട്ടം കേന്ദ്രമാക്കി റവന്യൂ ഓഫീസ് ഞാൻ അതിനെ സബ് താലൂക്കെന്നോ താലൂക്കെന്നോ പറയുന്നില്ല റവന്യൂ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി റവന്യൂവുമായി ബന്ധപ്പെട്ട അതുപോലെ ഭരണപരമായി ബന്ധപ്പെട്ട കുറച്ച് ഓഫീസുകൾ ഇവിടെ നിന്ന് കഴക്കൂട്ടം ഭാഗത്തേക്ക് മാറ്റിയാൽ തീർച്ചയായും ഭരണപരമായും അല്ലാതെയും ഈ നഗരത്തിലെ ശ്വാസംമുട്ടൽ ഒഴിവാക്കാൻ കഴിയുമെന്ന അഭ്യർത്ഥന ഞാൻ റവന്യൂ വകുപ്പുമന്ത്രിയുടെ മുൻപിൽ വയ്ക്കുകയാണ്. കഴിഞ്ഞ നാലു വർഷമായി വയ്ക്കുന്ന ഡിമാൻഡ് ഒന്നുകൂടി ആവർത്തിക്കുകയാണ്. അങ്ങനെ ചെയ്താൽ വളരെയേറെ ഗുണകരമായ ഭരണ പ്രവർത്തനങ്ങൾ തിരുവനന്തപുരം നഗരത്തിൽ നടത്താൻ കഴിയുമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കണം എന്നതാണ് എന്റെ അഭ്യർത്ഥന. മറ്റൊന്ന് ലക്ഷംവീടു പദ്ധതിപ്രകാരം ഉണ്ടാകുന്ന വീടുകളുടെ പണി ഇപ്പോൾ ഒച്ചിന്റെ വേഗതയിലാണ് അത് കുറേക്കൂടി സ്പീഡിൽ ആക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന മന്ത്രി എന്ന നിലയിൽ ഞാൻ അങ്ങയോട് പറയുകയാണ്. വളരെ അപകടാവസ്ഥയിൽ കിടക്കുന്ന . ലക്ഷം വീടുകൾ പുനർനിർമ്മാണം നടത്തുന്ന പദ്ധതിയുടെ പ്രവർത്തനം വേഗത്തിലാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമ പഞ്ചായത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് സമയബന്ധിതമായി ലക്ഷംവീടുകളുടെ പുനർനിർമ്മാണം ധൃതഗതിയിലാക്കണമെന്ന് അപേക്ഷിക്കുന്നു. മറ്റൊരു കാര്യം തിരുവനന്തപുരം ജില്ലയിലെ ജനങ്ങൾക്കുവേണ്ടിയുള്ള തണൽ പദ്ധതി എൽ.ഡി.എഫ്.-ന്റെ കാലത്തുണ്ടായതാണ്. ലക്ഷക്കണക്കിന് രൂപ തണൽ പഞ്ചായത്ത് പദ്ധതിയിലേക്ക് അടച്ചിട്ടുണ്ട്. അത് പഞ്ചായത്തിന് തിരിച്ചുകിട്ടിയിട്ടില്ല. ഗുണഭോക്തൃവിഹിതമായി കുറച്ചുപൈസയും അടച്ചിട്ടുണ്ട് അതൊന്നും തന്നെ തിരിച്ച് കിട്ടുന്നില്ല. തണൽ പദ്ധതി പ്രകാരം വീടു നിർമ്മാണത്തിനുവേണ്ടി അനുവാദം കൊടുത്ത വീടുകൾ പൊളിച്ചിടുകയും ആ വീടുകൾ ലിന്റിൽ മട്ടം നിൽക്കുകയുമാണ്. ലിന്റിൽ മട്ടം നിൽക്കുന്ന വീടുകളിൽ മഴയത്തും വെയിലത്തും കഴിഞ്ഞുകൂടുന്ന പാവപ്പെട്ട ജനങ്ങളുണ്ട്. അതിന് അറുതി വരുത്താൻ ഒരു പദ്ധതി ഉണ്ടാക്കുമെന്ന് കുറെ നാളായി പറയുന്നുണ്ട്. പക്ഷേ ഇതുവരെ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈ തണൽ പദ്ധതി എത്രയും പെട്ടെന്ന് നടപ്പാക്കാനും, തണൽ പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതമായി കെട്ടിയ പണം തിരിച്ചുകിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി തയ്യാറാകണം. എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഒരു പ്രശ്നമുണ്ട്. തോന്നയ്ക്കൽ കുമാരനാശാൻ സ്മാരകത്തിനുവേണ്ടി നാഷണൽ ഹൈവേ പുറമ്പോക്കിലുള്ള സ്ഥലം പതിച്ചു തരാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. പക്ഷേ ബഹുമാന്യനായ മന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുദ്യോഗസ്ഥന്മാരും അടങ്ങിയ സമിതി എടുത്ത തീരുമാനത്തിനപ്പുറമായി ദേശീയപാതയുടെ ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി എടുത്ത തീരുമാനത്തിനനുസൃതമായി റവന്യൂ വകുപ്പ് കൈക്കൊണ്ട നടപടികൾക്ക് വിരുദ്ധമായി ഒരു ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. സർക്കാർ സ്ഥാപനമായ കുമാരനാശാൻ സ്മാരകത്തിന്റെ ചെലവിൽ അവിടെയുള്ള സ്വകാര്യ വ്യക്തികൾക്ക് ഈ സ്ഥലം പതിച്ചുതരുന്നതിന് ബദലായി 6 മീറ്റർ വീതിയിൽ റോഡ് നിർമ്മിച്ച് ടാർ ചെയ്ത് സൈഡ് വാൾ കെട്ടി കൊടുക്കണമെന്ന് പറഞ്ഞുകൊണ്ടുള്ള ഒരു ഉത്തരവ് ഇറങ്ങിയിരിക്കുന്നതായി ഇന്ന് അറിയാൻ കഴിഞ്ഞു. അതിനെക്കുറിച്ച് ബഹുമാന്യനായ മന്ത്രി പരിശോധിക്കുകയും ഭൂമി സംബന്ധമായ കാര്യങ്ങളിൽ റവന്യൂ വകുപ്പിന്റെ അധികാരത്തിനപ്പുറം ദേശീയപാതയുടെ ചീഫ് എഞ്ചിനീയർക്ക് എന്തെങ്കിലും അധികാരമുണ്ടോ, ഉണ്ടെങ്കിൽ അത് ഈ സഭയിൽ വ്യക്തമാക്കണം. കാരണം അക്കാര്യം ഈ സഭയിൽ പല പ്രാവശ്യം ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹുമാന്യനായ മന്ത്രിതന്നെ വിളിച്ചുകൂട്ടിയ ദേശീയപാതയുടെ ഉദ്യോഗസ്ഥന്മാരുടെയും റവന്യൂവകുപ്പ് ഉദ്യോഗസ്ഥന്മാരുടേയും ബന്ധപ്പെട്ട കളക്ടറുടേയും ആശാൻ സ്മാരക ഭാരവാഹികളുടേയും യോഗത്തിൽവച്ച് എടുത്ത തീരുമാനത്തെ അട്ടിമറിക്കാൻവേണ്ടി അതിന്റെ പിറ്റേദിവസം പുതിയൊരു ഉത്തരവ് പുറപ്പെടുവിക്കാൻ ദേശീയപാതയുടെ ചീഫ് എഞ്ചിനീയർക്ക് എന്ത് അധികാരമാണ് റവന്യൂവിലുള്ളത് എന്നുകൂടി

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് മഹാകവി കുമാരനാശാൻ സ്മാരകത്തിനുവേണ്ടി റവന്യൂ വകുപ്പ് വിട്ടുകൊടുക്കാൻ തീരുമാനിച്ച ഭൂമി വിട്ടുകൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ ചെയർമാൻ]

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ജനങ്ങളുമായി ഏറ്റവുമധികം ബന്ധപ്പെടുന്ന ഒരു വകുപ്പാണ് റവന്യൂ വകുപ്പ്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം സർക്കാർ എന്നുപറഞ്ഞാൽ വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, കളക്ടറേറ്റുകൾ എന്നിവയാണ്. സാധാരണക്കാർ അത്യാവശ്യമുണ്ടാകുമ്പോൾ അല്ലെങ്കിൽ ദുരിതമുണ്ടാകുമ്പോൾ സമീപിക്കുന്നത് വില്ലേജ് ഓഫീസറേയോ കളക്ടറേയോ ആണ്. അതുപോലെതന്നെ റവന്യൂ വകുപ്പാണെങ്കിൽ സംസ്ഥാന ഗവൺമെന്റിനുവേണ്ടിയുള്ള ഭൂനികുതിയും റവന്യൂ നികുതിയും കളക്ടുചെയ്യുന്നു, ദുരിതമുണ്ടാകുമ്പോൾ ദുരിതാശ്വാസം എത്തിക്കുന്നു അങ്ങനെ ധാരാളം പരിപാടികൾ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി ചെയ്തുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് 14 കളക്ടറേറ്റുകൾ, 63 താലൂക്ക് ഓഫീസുകൾ, 1453 വില്ലേജ് ഓഫീസുകൾ വഴിയായി പതിനായിരക്കണക്കിന് ജനങ്ങളാണ് ദിനംപ്രതി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് കാര്യക്ഷമവും സുതാര്യവും ആശ്വാസകരവുമായ നടപടി കൈക്കൊള്ളാൻ ഈ റവന്യൂ ഓഫീസുകൾ ബാധ്യസ്ഥമാണ്. അതിനുവേണ്ടി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി റവന്യൂ വകുപ്പിലെ വിവിധ തലത്തിലുള്ള ഓഫീസുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിൽ കാര്യക്ഷമമാക്കുന്നതിന് എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കുകയാണ്. ഭരണ നവീകരണത്തിന്റെ ഭാഗമായി എല്ലാ ഓഫീസുകളിലും വേണ്ടത്ര സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇന്ന് എല്ലാ വില്ലേജ് ഓഫീസുകളിലും ടെലിഫോൺ കണക്ഷൻ കൊടുത്തിട്ടുണ്ട്. പാലക്കാട് കളക്ടറേറ്റാകട്ടെ വിവര സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തുന്ന ഇന്ത്യയിലെ ആദ്യത്തെ കളക്ടറേറ്റായി മാറിയിരിക്കുകയാണ്. ബാക്കിയുള്ള 13 ജില്ലകളിലും Information Technology പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങളുമായി റവന്യൂ വകുപ്പുമന്ത്രി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. ഈ പ്രവർത്തനങ്ങളെ ഞങ്ങൾ പിന്തുണയ്ക്കുകയാണ്. പക്ഷേ ഒരു കാര്യം സൂചിപ്പിക്കട്ടെ, ടെലഫോൺ നൽകിയെങ്കിലും ബിൽ അടയ്ക്കാനുള്ള അലോട്ട്മെന്റ് ഇല്ലാത്തതുകൊണ്ട് പല സ്ഥലത്തും ടെലഫോൺ ചത്തിരിക്കുകയാണ്. ഉദാഹരണത്തിന് എറണാകുളം കളക്ടറേറ്റിൽ നിന്നും ഒരു ലക്ഷം രൂപയോളം ബി.എസ്.എൻ.എൽ-ന് കൊടുക്കാനുണ്ടായിരുന്നു. കളക്ടറേറ്റിലെ ഫോൺ ഒരു ദിവസം മുഴുവൻ നിശ്ചലമായി. എന്താണ് കാരണമെന്ന് അറിയാമോ? ടെലിഫോൺ ബില്ലടച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബി.എസ്.എൻ.എൽ. കുറച്ചുപണം റവന്യൂ വകുപ്പിന് കൊടുക്കാനുണ്ടായിരുന്നു. അങ്ങനെ ബി..എസ്.എൻ.എൽ.-ന് എതിരെ എറണാകുളം കളക്ടറേറ്റ് റവന്യൂ നടപടികളിലേക്ക് നീങ്ങിയതിന്റെ ഫലമായി സ്വാഭാവികമായും ഫോണിന്റെ disconnection മാറ്റി കണക്ട് ചെയ്തുകൊടുത്തു. അങ്ങനെയല്ലല്ലോ ചെയ്യേണ്ടത്? ടെലിഫോൺ സൗകര്യം കൊടുക്കുമ്പോൾ, ആ ബിൽ പേ ചെയ്യാനുള്ള ബാധ്യതകൂടി നമുക്കുണ്ട്. അതുകൊണ്ട് ദയവായി വില്ലേജ് ഓഫീസിലായാലും കളക്ടറേറ്റിലായാലും സൗകര്യം ചെയ്ത് കൊടുക്കുമ്പോൾ തുടർന്നുള്ള ആവശ്യങ്ങൾക്കുള്ള അലോട്ട്മെന്റ് കൊടുക്കാൻകൂടി ഗവൺമെന്റ് തയ്യാറാകേണ്ടിയിരിക്കുന്നു. ഓഫീസുകളിലെ വാഹനങ്ങൾ സമയാസമയങ്ങളിൽ മെയിന്റനൻസ് ചെയ്യാത്തതുമൂലം വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയാണ്. അതുകൊണ്ട് വാഹനങ്ങളുടെ മെയിന്റനൻസും കമ്മ്യൂണിക്കേഷൻ സൗകര്യങ്ങളുമൊക്കെ കൊടുത്തുവെങ്കിൽ മാത്രമേ നാം ആഗ്രഹിക്കുന്നപോലുള്ള കാര്യക്ഷമതയും സുതാര്യതയുമൊക്കെ റവന്യൂ വകുപ്പിന് ഉണ്ടാവുകയുള്ളൂ എന്നുള്ളതുകൊണ്ട് അക്കാര്യത്തിൽ കാര്യമായ ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ റവന്യൂ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്. വളരെ കാര്യക്ഷമമായ പ്രവർത്തനം ഉണ്ടെങ്കിൽപ്പോലും ഇവിടെ ശ്രീ. എം. എ. വാഹീദ് ചൂണ്ടിക്കാണിക്കുകയുണ്ടായി, വില്ലേജ് ഓഫീസർമാർ മുഴുവൻ സമയവും പണിയെടുക്കുന്നുവെന്ന്, ശരിയാണ്. 24 മണിക്കൂർ പണിയെടുത്താൽപ്പോലും അവർക്ക് സമയം തികയാതെ വരികയാണ്. കളക്ടർമാരുടെ അവസ്ഥയും വ്യത്യസ്തമല്ല. പക്ഷേ ഭൂമി ക്രയവിക്രയം നടന്നുകഴിഞ്ഞാൽ, അതിന്റെ പോക്കുവരവ് നടത്തേണ്ടത് വില്ലേജ് ഓഫീസറാണ്. ഞാൻ എല്ലാവരേയും അടച്ച് ആക്ഷേപിക്കാൻ ഉദ്ദേശിക്കുന്നില്ല, എങ്കിലും ഇവിടെ പല വില്ലേജ് ഓഫീസുകളിലും ഇപ്പോൾ പോക്കുവരവിന് പോകുമ്പോൾ മാമൂൽ കൊടുക്കാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യമുണ്ട്. പണം കൊടുക്കാൻ നിർബന്ധിപ്പിക്കപ്പെടുന്ന സാഹചര്യം ഇപ്പോഴുമുണ്ട്. ആ സ്ഥിതി വില്ലേജ് ഓഫീസുകളിൽനിന്നും മാറ്റാനുള്ള നീക്കമുണ്ടാകണം. അതുപോലെ പട്ടയത്തിന്റെ അപേക്ഷ കിട്ടിക്കഴിയുമ്പോൾ അതിന്റെ പ്രോസസ്സിംഗിലും മറ്റും പഴയതുപോലുള്ള മാമൂലുകൾ കൊടുക്കാൻ ഇന്ന് പലയാളുകളും നിർബന്ധിതരാകുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രദ്ധിച്ചാൽ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കി ജനങ്ങളെ സേവിക്കുന്ന ഒരു വകുപ്പാക്കി ഇതിനെ മാറ്റാൻ സാധിക്കും. ഈ വകുപ്പിന്റെ പ്രധാനപ്പെട്ട ഒരു ജോലി റവന്യൂ പിരിവും ഭൂനികുതിയും ഊർജ്ജിതപ്പെടുത്തുക എന്നുള്ളതാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ആദ്യ നാലുവർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ സർക്കാരിന്റെ നാലുവർഷത്തെ റവന്യൂ പിരിവും ഭൂനികുതിയും വളരെ ഉയർന്നുവെന്ന് കാണാൻ സാധിക്കും. കഴിഞ്ഞ നാലുവർഷം കൊണ്ട് യു.ഡി.എഫ്. സർക്കാർ 574.27 കോടിരൂപ റവന്യൂ നികുതി കളക്ടു ചെയ്തപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഏതാണ്ട് 372.58 കോടി രൂപ മാത്രമാണ് കളക്ട് ചെയ്തത്. അതായത് 54 ശതമാനം വർദ്ധനവ് റവന്യൂ

പിരിവിനുണ്ടായിരിക്കുന്നു. ഭൂനികുതിയാകട്ടെ, കഴിഞ്ഞ നാലു വർഷംകൊണ്ട് ഏതാണ്ട് 318.82 കോടി രൂപയാണ് കളക്ടു ചെയ്തതെങ്കിൽ നായനാർ ഗവൺമെന്റിന്റെ കാലത്ത് ആദ്യത്തെ നാലുവർഷം കളക്ടുചെയ്തത് കേവലം 169.39 കോടി രൂപയാണ്. അതിന്റെ അർത്ഥം ഭൂനികുതിയിൽ 88 ശതമാനം വർദ്ധനവുണ്ടായിരിക്കുന്നു എന്നുള്ളതാണ്, നല്ല കാര്യമാണ്. പക്ഷേ ഇങ്ങനെയൊക്കെ ചെയ്യുന്നുണ്ടെങ്കിൽപ്പോലും നാം ലക്ഷ്യമിടുന്നതുപോലുള്ള നികുതി പിരിവ് ഊർജ്ജിതപ്പെടുത്തണമെന്നുണ്ടെങ്കിൽ ഇനിയും സർക്കാർ പലതും ചെയ്യേണ്ടിയിരിക്കുന്നു. നികുതി പിരിക്കാൻവേണ്ടി വാഹനം ആവശ്യമുണ്ട്. ജില്ലയിലെ മൊത്തം വകുപ്പുകളും ഭരിക്കാൻ അവകാശമുണ്ടെന്നുള്ളതിന്റെ പേരിൽ കളക്ടർമാർ പലപ്പോഴും മറ്റു വകുപ്പുകളുടെ വാഹനങ്ങൾ എടുക്കുകയാണ്. അപ്പോൾ ആ വകുപ്പിന്റെ പ്രവർത്തനം താറുമാറാകുന്നു. അതുകൊണ്ട് റവന്യൂ കളക്ഷന് ആവശ്യമായിട്ടുള്ള വാഹനങ്ങൾ കൊടുക്കുകയാണെങ്കിൽ ഇന്നുള്ളതിനേക്കാൾ ഭേദപ്പെട്ട നിലയിൽ റവന്യൂ കളക്ഷനും ഭൂനികുതിയും ഊർജ്ജിതപ്പെടുത്തുവാനും അത് ഖജനാവിലേക്ക് മുതൽക്കൂട്ടുവാനും സാധിക്കുമെന്നുള്ളത് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ തന്നെ സർക്കാരിനുവേണ്ടിയല്ലാതെ ബാങ്കുകൾ പോലുള്ള സ്ഥാപനങ്ങൾക്കുവേണ്ടിയും റവന്യൂ റിക്കവറി നടത്താറുണ്ട്. അതിന്റെ ഭാഗമായി ഗവൺമെന്റ് 5 ശതമാനം ആണ് കമ്മീഷൻ ഈടാക്കുന്നത്. അങ്ങനെ മറ്റു സ്ഥാപനങ്ങൾക്കുവേണ്ടിയും, ബാങ്കുകൾക്കുവേണ്ടിയും ആർ.ആർ. നടത്തുമ്പോൾ നിലവിലുള്ള കമ്മീഷനും 5 ശതമാനം നികുതിയും കൂട്ടാവുന്നതാണ്, Arms licence പ്രകാരം പിസ്റ്റലായാലും തോക്കായാലും കൈവശം വയ്ക്കാൻ വാർഷിക ലൈസൻസുകൾ കൊടുക്കാറുണ്ട്. അത് വളരെ meagre ആയിട്ടുള്ള ലൈസൻസ് ഫീസാണ്. 15 രൂപ മുതൽ 100 രൂപ വരെയാണ് വാർഷിക ലൈസൻസ് ഫീ ആയി പിസ്റ്റലിനും തോക്കിനുമൊക്കെ വാങ്ങുന്നത്. അതിന്റെ ഫീസും കാലികമായി വർദ്ധിപ്പിക്കുകയാണെങ്കിൽ ഖജനാവിലേക്ക് കൂടുതൽ മുതൽക്കൂട്ടുവാൻ സാധിക്കും. അക്കാര്യം ഗവൺമെന്റ് പരിശോധിക്കണം. ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നു, ഭൂരിപക്ഷം എം.എൽ.എ.-മാരും റവന്യൂവകുപ്പുമന്ത്രിയെ സമീപിക്കാറുള്ളത് പ്രധാനമായും രണ്ടു കാര്യങ്ങൾക്കുവേണ്ടിയാണ്. നമ്മുടെ പ്രദേശത്തുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കു വേണ്ടിയും flood work-ന് ഫണ്ട് കിട്ടാൻവേണ്ടിയും. അതുപോലെ റവന്യൂ റിക്കവറി വരുമ്പോൾ തവണകളാക്കി കിട്ടാൻവേണ്ടി റവന്യൂ വകുപ്പുമന്ത്രിയെ സമീപിക്കാറുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് മണ്ഡലത്തിലെ വില്ലേജ് റോഡുകൾക്ക് flood work-ൽ പണം കിട്ടാൻ വേണ്ടിയാണ് അതെല്ലാം കൊടുക്കാറുമുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി എറണാകുളം ജില്ലയിൽ ഫ്ളഡ് വർക്കിൽ റോഡ് റിപ്പയറിംഗിന്റെ വകയിൽ മൂന്നരക്കോടി രൂപ കുടിശ്ശികയുണ്ട്. സംസ്ഥാനത്തെ മൊത്തം കണക്ക് എനിക്കറിഞ്ഞുകൂടാ. ഗുണഭോക്തൃ കമ്മിറ്റികൾക്ക് മൂന്നരക്കോടി രൂപ കിട്ടാനുണ്ട്. വില്ലേജ് റോഡുകളുടെ മെയിന്റനൻസിനുവേണ്ടി ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൊടുക്കാനുള്ള മൂന്നരക്കോടി രൂപ അടിയന്തിരമായി കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഫലത്തിൽ ഇപ്പോൾ ഫ്ളഡ് വർക്കിൽപെടുത്തിട്ടുള്ള റോഡുകൾ എടുക്കാൻ ഒരു കമ്മിറ്റിയും തയ്യാറാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

കാരണം പണി പൂർത്തിയാക്കി ഒന്നു രണ്ടു വർഷം കഴിഞ്ഞാലും പണം കിട്ടാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ടാണ് ഫ്ളഡ് വർക്കിലെ റോഡു പണികൾ സുഗമമായി കൊണ്ടുപോകാൻ കഴിയാത്തത്. ഒരു മാസം മുമ്പ് എറണാകുളം ജില്ലയിൽ ഡി.ഡി.സി. കൂടി ഒരു പ്രമേയം പാസ്സാക്കി. ശ്രീ. ജോണി നെല്ലൂർ അവതാരകനും ശ്രീ. ലൂഡി ലൂയിസ് അനുവാചകനുമായി ഒരു പ്രമേയം പാസ്സാക്കി. ഫണ്ട് കിട്ടുന്ന കാര്യത്തിൽ അടിയന്തിരമായി റവന്യൂ വകുപ്പ് നടപടി കൈക്കൊണ്ടില്ലെങ്കിൽ ജില്ലയിലെ റോഡ് വർക്കുകളുടെ കാര്യം അവതാളത്തിലാകും. അത് പരിശോധിക്കണം. എനിക്കു സൂചിപ്പിക്കാനുള്ള മറ്റൊരു കാര്യം, കഴിഞ്ഞ വർഷമാണല്ലോ സുനാമിദുരന്തമുണ്ടായത്. അതിനുമുമ്പ് അങ്ങനെയൊരു പ്രതിഭാസം ഉണ്ടായിരുന്നില്ല. സുനാമിയുണ്ടായപ്പോൾ എറണാകുളം ജില്ലയിൽ ഗവൺമെന്റ് ഉണർന്നു പ്രവർത്തിക്കുകയുണ്ടായി. അതിന്റെ ഫലം കിട്ടുകയും ചെയ്തു. ഇതിന്റെ ഭാഗമായി ഗവൺമെന്റ് ഒരു പുതിയ വകുപ്പ് രൂപീകരിച്ചു. ഡിസാസ്റ്റർ മാനേജുമെന്റ് (ഡി. എം.) വകുപ്പ്, ഒരു വടക്കേ ഇന്ത്യാക്കാരനെ അതിന്റെ സെക്രട്ടറിയുമാക്കി. അയാൾ മറ്റൊരു സുനാമിയാണ്. എന്തുകൊണ്ടെന്നാൽ സുനാമി വന്നു ഒരു മാസം തികയുന്നതിനുമുമ്പ്, 2005 ജനുവരി മാസം എറണാകുളത്തു എടവനക്കാട് എന്ന സ്ഥലത്ത് ആദ്യമായി വീടു പണിയാൻ തീരുമാനിച്ചു. റവന്യൂ വകുപ്പുമന്ത്രി അധ്യക്ഷനും മുഖ്യമന്ത്രി അതിന്റെ ഉദ്ഘാടകനുമായിരുന്നു. ആ വീടുകളുടെ സമീപത്തുള്ള കനാലിൽ സൈഡ് ബണ്ടു കെട്ടാൻ നാലു ലക്ഷം രൂപയ്ക്കുള്ള ഒരു പ്രൊപ്പോസൽ മുഖ്യമന്ത്രിക്ക് എഴുതിക്കൊടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അപ്പോൾ തന്നെ Take the work immediately എന്നെഴുതി സെക്രട്ടറിയെ ഏൽപ്പിച്ചു. ഇന്നുവരെ അത് സംബന്ധിച്ചൊരു ഉത്തരവിട്ടിട്ടില്ല. ഡി. എം. സെക്രട്ടറിയുടെ കാര്യം വളരെ കഷ്ടമാണ്. ഇങ്ങനെയാണ് പോകുന്നതെങ്കിൽ സുനാമി എന്നല്ല ഒരു ദുരിതാശ്വാസവും നേരെ പോകില്ല. അതുകൊണ്ട് ഡി.എം. സെക്രട്ടറിയുടെ കാര്യത്തിൽ എന്തെങ്കിലും മാറ്റം വരുത്തണം. ഗവൺമെന്റ് ഇക്കാര്യത്തിൽ തുറന്ന സമീപനം സ്വീകരിച്ചെങ്കിലും ചില കാര്യങ്ങൾ ഞാൻ പറയട്ടെ. അന്ന് തറക്കല്ലിട്ടപ്പോൾ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും പറഞ്ഞതെന്താണ്? ഓരോ വീടിനും ഗവൺമെന്റ് 50,000 രൂപ ഷെയർ കൊടുക്കണം ബാക്കിയുള്ള ഒന്നേകാൽ ലക്ഷം രൂപ സ്പോൺസർമാർ വഹിക്കണം എന്നാണ്. അങ്ങനെയാണ് കളക്ടർ എഴുതിക്കൊടുത്തത്. ഇപ്പോൾ സർക്കാർ പറയുന്നു, 50,000 രൂപ കൊടുക്കാൻ സാധ്യമല്ല എന്ന്. സർക്കാർ കൊടുക്കുമെന്ന് പരസ്യമായി പറയുക, പിന്നെ കൊടുക്കാൻ പറ്റില്ല എന്ന് പറയുക ഇഷ്ടംപോലെ സ്പോൺസർമാർ ഉണ്ടല്ലോ എന്നാണ് ഗവൺമെന്റ് ന്യായീകരണം. ഇതു ശരിയല്ല. അങ്ങ് പരസ്യമായി പത്രക്കാരുടെ മുമ്പിൽ വച്ച് 50,000 രൂപ സർക്കാരിന്റെ ഷെയർ, ബാക്കി സ്പോൺസർ വഹിച്ചാൽ മതിയെന്നു പറഞ്ഞു. ഇപ്പോൾ പറയുന്നു അതു കൊടുക്കാൻ കഴിയില്ലെന്ന്. അതുപോലെ മറ്റൊരു കാര്യം പറയട്ടെ, സുനാമി ഉണ്ടായിട്ട് ഇത്രയും കാലമായല്ലോ. എറണാകുളം ജില്ലയിൽ ഭാഗികമായി തകർന്ന ഒരു വീടിനുപോലും ഇതുവരെയും പണം കൊടുത്തിട്ടില്ല. സർക്കാരിനെ പ്രതിക്കൂട്ടിൽ കയറ്റാൻ വേണ്ടി പറയുന്നതല്ല. ഞാൻ യാഥാർത്ഥ്യം പറയുകയാണ്. ബഹുമാനപ്പെട്ട സി. കെ. നാണു ഒരു കാര്യം സൂചിപ്പിച്ചു. കഴിഞ്ഞ വെള്ളിയാഴ്ച

LIBRARY ARCHIVES Kerala Legislative Assembly

കളക്ടർ എറണാകുളം ജില്ലയ്ക്കുവേണ്ടി ഒരു ഉത്തരവിറക്കിപോലും. എറണാകുളത്തും കൊല്ലത്തും ആലപ്പുഴയിലും അതുപോലെ കടൽ ഭിത്തി തകർന്ന എല്ലാ ജില്ലകളിൽ നിന്നും കടൽ ഭിത്തി കെട്ടണമെന്നുള്ള ആവശ്യം ഉയർന്നു. എറണാകുളത്തു 34 കോടി രൂപയുടെ വർക്ക് വേണമെന്നു പറഞ്ഞു. അടിയന്തിരമായി ചെയ്യേണ്ടതാണ് 6.9 കോടി രൂപയുടെ വർക്കാണ്. കൊല്ലം ജില്ലയ്ക്കും ആലപ്പുഴ ജില്ലയ്ക്കും കടൽ ഭിത്തി കെട്ടാൻ പണം അനുവദിച്ചു എറണാകുളം ജില്ലയ്ക്കു മാത്രം പണം അനുവദിച്ചില്ല. 6.9 കോടി രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് പറഞ്ഞതുപോലും അനുവദിച്ചില്ല.

ശ്രീ. ടി. കെ. ദേവകുമാർ: ആലപ്പുഴ ജില്ലയ്ക്കും കൊല്ലം ജില്ലയ്ക്കും അനുവദിച്ചു എന്നു പറയുമ്പോൾ മനസ്സിലാക്കേണ്ട ഒരു കാര്യം ശ്രീ. ടി. എം. ജേക്കബ് മന്ത്രിയായിരിക്കുന്ന അവസരത്തിൽ അനുവദിച്ച ഒരു വർക്ക്, ഹെഡ്ഡ് ഓഫ് അക്കൗണ്ടില്ലാതെ, ടെന്റർ ഇല്ലാതെ കിടന്ന ഒരു വർക്കിനു മാത്രമാണ് ആലപ്പുഴ ജില്ലയിൽ ഇപ്പോൾ ടെൻഡർ നോട്ടിഫിക്കേഷൻ വന്നിട്ടുള്ളത്. ബാക്കി ഒരു വർക്കും ചെയ്തിട്ടില്ല എന്നതാണ് സത്യം.

ഡോ. എം. എ. കുട്ടപ്പൻ: കൊല്ലം ജില്ലയ്ക്ക് 13 കോടി രൂപ അടിയന്തിരമായി അനുവദിച്ചു എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. എറണാകുളം ജില്ലയ്ക്ക് 6.9 കോടി രൂപ അടിയന്തിരമായി വെള്ളിയാഴ്ച അനുവദിക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതിന് ഇനി എന്നാണ് ഉത്തരവിടുന്നതെന്ന് എനിക്കറിയില്ല. അതുകൊണ്ട് അക്കാര്യം ഗൗരവമായി ചിന്തിക്കണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സാമ്പത്തികമായ ബുദ്ധിമുട്ടുണ്ട്. സുനാമിയുടെ പണം കിട്ടി. കടൽഭിത്തി കെട്ടാനോ മറ്റാവശ്യങ്ങൾക്കോ ആയി ഒരു സന്നദ്ധ സംഘടനയും മുന്നോട്ടു വന്നിട്ടില്ല. വീടു വയ്ക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും ഉപകരണങ്ങൾ വാങ്ങിക്കൊടുക്കുന്നതിനും വേണ്ടിയാണ് ആളുകൾ മുന്നോട്ടു വന്നിരിക്കുന്നത്. വീടു വയ്ക്കലും പുനരധിവാസവുമെല്ലാം അവരെ പൂർണ്ണമായും ഏൽപ്പിച്ചിട്ട് ഈ പണത്തിന്റെ സിംഹഭാഗവും ഇമ്മാതിരിയുള്ള കാര്യങ്ങൾക്കുവേണ്ടി ചെലവാക്കുകയല്ലേ പ്രായോഗികമായ മാർഗ്ഗം?

ഡോ. എം. എ. കുട്ടപ്പൻ: ബഹുമാനപ്പെട്ട അംഗം പറയുന്നത് ഞാൻ പൂർണ്ണമായും അംഗീകരിക്കുകയാണ്. കടപ്പുറത്തു താമസിക്കുന്ന ഏതൊരു വ്യക്തിയുടെയും വലിയ ആവശ്യമെന്ന് പറയുന്നത് കടൽഭിത്തി കെട്ടുക എന്നുള്ളതാണ്. കഴിഞ്ഞ പ്രാവശ്യവും കടൽ കയറി. ഓരോ പ്രാവശ്യവും കടൽ കയറുമ്പോൾ ഞങ്ങൾ അവിടെ പോകാറുണ്ട്. പോയില്ലെങ്കിൽ ജനങ്ങൾ ഞങ്ങളെ ചീത്ത പറയും. പോയാൽ ചോദിക്കും ചത്തോ എന്നറിയാൻ വേണ്ടി വന്നതായിരിക്കുമെന്ന്. പോയാലും പ്രശ്നം പോയില്ലെങ്കിലും പ്രശ്നം. കേന്ദ്ര ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കടൽഭിത്തി കെട്ടാൻ പണം തരില്ല എന്നുള്ള ന്യായവാദമാണ് ഉന്നയിച്ചിരിക്കുന്നത്. എനിക്കു പറയാനുള്ളത് വടക്കേ ഇന്ത്യയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇരുന്നുകൊണ്ട് കടൽ ഭിത്തി കെട്ടാൻ പാടില്ല, പുലിമുട്ട് കെട്ടാൻ പാടില്ല എന്നു പറയുന്ന സെൻട്രൽ ഗവൺമെന്റ് ഉദ്യോഗസ്ഥരെ കടപ്പുറത്തു കൊണ്ടുവിടണം. അപ്പോഴേ അവർക്കു മനസ്സിലാകൂ. എന്തു ന്യായം പറഞ്ഞാലും കടൽ ഭിത്തി കെട്ടാതിരുന്നാൽ വലിയ അപകടം ഉണ്ടാകും. സുനാമി ഉണ്ടായതിനുശേഷമുള്ള ജനങ്ങളുടെ ഏറ്റവും വലിയ ആവശ്യം കടൽഭിത്തി കെട്ടുക എന്നുള്ളതുതന്നെയാണ്. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി എറണാകുളത്തു വന്നപ്പോൾ, ജനങ്ങൾ പറയുന്നതുകേട്ട് എന്നോടു ചോദിച്ചു, എന്താ കുട്ടപ്പാ കടൽഭിത്തി കെട്ടാത്തത് എന്ന്. ഞാൻ എന്തു മറുപടി പറയും? എം.എൽ.എ. എന്നുള്ള നിലയിൽ എന്റെ കഴിവുകേടന്നല്ലേ ആളുകൾ ധരിക്കൂ. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന് തുറന്ന മനസ്സുണ്ടാകണം. കടൽ ഭിത്തി കെട്ടാൻ പണമില്ല എന്നുള്ള കാര്യം ഞാൻ സമ്മതിക്കുന്നു. അതുകൊണ്ട് സെൻട്രൽ ഗവൺമെന്റുമായി ബന്ധപ്പെട്ടുള്ള കലാമിറ്റി റിലീഫിന്റെ ഫണ്ടിൽനിന്ന് കടൽഭിത്തി കെട്ടാനുള്ള തുക വകയിരുത്തിയേ മതിയാകൂ. അല്ലാത്തപക്ഷം സംസ്ഥാന ഗവൺമെന്റ് പണം കണ്ടെത്തണം. ഇല്ലെങ്കിൽ നമ്മുടെ തീരദേശം കടലെടുത്തു പോകും. കടൽഭിത്തി കെട്ടുന്നതോടൊപ്പം പുലിമുട്ടുകൂടി നിർമ്മിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അല്ലെങ്കിൽ ഇനിയും കടൽ കയറി വീണ്ടും പ്രശ്നങ്ങളുണ്ടാകും. സുനാമിയുണ്ടായപ്പോൾ അന്നത്തെ റവന്യൂ വകുപ്പു സെക്രട്ടറി ശ്രീ. സുന്ദരേശനായിരുന്നു. നമുക്ക് ഫണ്ട് ഉണ്ടായിരുന്നില്ല. എറണാകുളം ജില്ലാകളക്ടറെ വിളിച്ചു CRF ഫണ്ട് ഉപയോഗിച്ചു കൊള്ളാൻ പറഞ്ഞു . റേഷനുള്ള പണം കൊടുക്കാം, ക്യാമ്പിലേക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങിക്കാം, തുണി വാങ്ങിക്കാം എന്നൊക്കെ പറഞ്ഞു. എല്ലാം വാങ്ങിച്ചു. ഇപ്പോൾ ശ്രീ. സുന്ദരേശൻ സ്ഥലത്തില്ല. ഇപ്പോൾ ഇതു കൈകാര്യം ചെയ്യുന്നത് ഡി. എം. സെക്രട്ടറിയാണ്. അദ്ദേഹം പറയുന്നു കൊടുക്കാൻ പാടില്ല എന്ന്. മുൻ സെക്രട്ടറി പറഞ്ഞ പ്രകാരം ഫണ്ട് വിനിയോഗിച്ചപ്പോൾ ഡി. എം. സെക്രട്ടറി പറയുന്നു അതു റാറ്റിഫൈ ചെയ്യാൻ പറ്റില്ല എന്ന്. നിലവിലുള്ള ഡി. എം. സെക്രട്ടറി മറ്റൊരു സുനാമിയാണ്. ഈ പുതിയ സെക്രട്ടറിക്ക് യാതൊരു പണിയും അറിയില്ല. അദ്ദേഹം ഓരോ ദിവസവും ഓരോ പെർഫോമ തയ്യാറാക്കി അങ്ങോട്ടയയ്ക്കും. ഇങ്ങനെ ഒരാൾ നമുക്കാവശ്യമില്ല. ഗവൺമെന്റിന്റെ സദ്ദുദ്ദേശത്തെ മാനിക്കുന്നു. പക്ഷേ മുഖ്യമന്ത്രി ഒപ്പിട്ട് അയച്ച ഉത്തരവിനെ മാനിക്കാൻ കടപ്പെട്ട സെക്രട്ടറി തയ്യാറാകുന്നില്ല. ഈ സമീപനം ജില്ലാ ഭരണകൂടത്തെ ബുദ്ധിമുട്ടിപ്പിക്കുന്നു എന്നുപറയാൻ ഞാനാഗ്രഹിക്കുകയാണ്. അതുപോലെ എനിക്ക് മറ്റൊരു കാര്യം കൂടി പറയാനുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഭൂമിയില്ലാത്തവരെ സഹായിക്കാൻ വേണ്ടിയാണ് ലാന്റ് റിഫോംസ് ആക്ട് കൊണ്ടുവന്നത്. ഏത് ലക്ഷ്യം നിറവേറ്റാനാണ് ആ ആക്ട് കൊണ്ടുവന്നത് ആ ലക്ഷ്യം മാത്രം നിറവേറ്റാനാകുന്നില്ല. ലാന്റ് റിഫോംസ് ആക്ട നിലവിൽ വന്നതിനുശേഷം അറിയാൻ കഴിഞ്ഞ ഒരു കാര്യം ഞാൻ പറയാം. നമ്മുടെ സംസ്ഥാനത്ത് മിച്ചഭൂമിയായി മൊത്തം പ്രഖ്യാപിച്ചത് 1,69,095 ഏക്കർ ഭൂമിയാണ്. സർക്കാർ ഉത്തരവിറക്കിയത് 1,30,446 ഏക്കറാണ്. സർക്കാർ ഏറ്റെടുത്തത് 99,227 ഏക്കറാണ്. ഏതാണ്ട് 71,400 ഏക്കർ ഡിസ്ട്രിബ്യൂട്ടു ചെയ്തു കഴിഞ്ഞിരിക്കുന്നു. ഇനി ഏതാണ്ട് 2337 ഏക്കർ ഭൂമി ഡിസ്ട്രിബ്യൂട്ട് ചെയ്യാനുണ്ട്. നിയമത്തിൽ പറയുന്നത് മിച്ചഭൂമി

LIBRARY ARCHIVES Kerala Legislative Assembly

വിതരണം ചെയ്യുമ്പോൾ A minimum of 50% should be earmarked for SC/ST എന്നാണ്. നൂറ് ശതമാനവും ആകാം. ഏറ്റവും കുറഞ്ഞത് അമ്പത് ശതമാനം വേണമെന്നാണ് നിയമത്തിൽ പറഞ്ഞിരിക്കുന്നത്. പട്ടികജാതിക്കാർക്ക് ഇതിനകം ഏതാണ്ട് 68,743 കുടുംബങ്ങൾക്ക് 27,746 ഏക്കറും പട്ടികവർഗ്ഗക്കാർക്ക് 9041 കുടുംബങ്ങൾക്ക് 7160 ഏക്കറും എസ്.സി/എസ്.ടി. അല്ലാത്തവർ 77,784 കുടുംബങ്ങൾക്ക് 34,916 ഏക്കറും കൊടുത്തിരിക്കുന്നു എന്നാണ് രേഖകളിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. അപ്പോൾ അതിന്റെ അർത്ഥം 50 ശതമാനം മിച്ചഭൂമി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കൊടുത്തിട്ടില്ലെന്നാണ് കണക്കാക്കാൻ സാധിക്കുന്നത്. ഇതിന് എല്ലാപേരും കാരണക്കാരാണ്.

ശ്രീ. എ. കെ. ബാലൻ: മിച്ചഭൂമി വിതരണവുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ച കാര്യം വളരെ പ്രസക്തമാണ്. ഏതാണ്ട് പതിനായിരത്തി ചില്വാനം ഏക്കർ മിച്ചഭൂമി ഇല്ലാതാക്കി അനധികൃത കയ്യേറ്റക്കാർക്ക് title owner ചെയ്തു കൊടുക്കുന്ന ഭേദഗതി നിയമം ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നത് ശക്തമായ പ്രതിഷേധത്തിന് ഇടയായത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എം. എ. കുട്ടപ്പൻ: അതിനെപ്പറ്റി പറയാം. ഇവിടെ പട്ടികജാതിക്കാർക്ക് മിനിമം 50 ശതമാനം വേണമെന്നിരിക്കെ അത് കൊടുക്കുന്നില്ലെന്ന് മാത്രമല്ല കൊടുത്ത ഭൂമിയാകട്ടെ പലതും വാസയോഗ്യവുമല്ല, കൃഷിഭൂമിയല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. എന്നാൽ മറ്റുള്ളവർക്ക് കൊടുത്തതാകട്ടെ താരതമ്യേന ഭേദപ്പെട്ട ഭൂമിയാണ്. കൃഷിചെയ്യാൻ പറ്റുന്നതും വാസയോഗ്യവുമായ ഭൂമിയാണ്. പക്ഷെ അവർ പട്ടികജാതി-പട്ടികവർഗ്ഗക്കാരല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. നമ്മൾ രണ്ടുകൂട്ടരും ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോയുള്ള വ്യത്യാസമില്ലാതെ ആലോചിക്കേണ്ട കാര്യമാണ്. അങ്ങേക്ക് ഓർമ്മയുണ്ടല്ലോ മിച്ചഭൂമി സമരത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട എ. കെ. ഗോപാലൻ സമരം നടത്തി. മുടവൻമുകളിലും കവടിയാറിലും ശംഖുമുഖത്തുമായി ഗവൺമെന്റ് 147 ഏക്കർ ഭൂമി ഏറ്റെടുക്കുകയുണ്ടായി. ഒന്നാന്തരം കണ്ണായ ഭൂമി. നിയമപ്രകാരം അതിന്റെ 50 ശതമാനം എസ്.സി/എസ്.ടി. വിഭാഗത്തിന് കിട്ടേണ്ടതല്ലേ? ഞാൻ പറയുന്നു ഇന്നേവരെ ഒരുസെന്റുപോലും തിരുവനന്തപുരം സിറ്റിയിലെ കണ്ണായഭൂമിയിൽ ഒരു പട്ടികജാതിക്കാരനോ പട്ടികവർഗ്ഗക്കാരനോ ഒരു ഗവൺമെന്റും കൊടുത്തിട്ടില്ല. ഒരു കമ്മ്യൂണിറ്റിക്ക് കരുത്തില്ലെന്നുകരുതി സമ്മർദ്ദം നടത്താൻ മറ്റുള്ളവരുണ്ടെന്നുള്ളതുകൊണ്ട് നിയമത്തിൽ എഴുതിവച്ചതുപോലും കൊടുക്കാൻ കഴിയാത്തതിൽ നാം സ്വയം ലജ്ജിക്കണം. നമ്മൾ എല്ലാപേരും ഇലക്ഷൻ വരുമ്പോൾ പൊതുവേദികളിൽ ദുർബലവിഭാഗത്തിനുവേണ്ടി വാതോരാതെ പ്രസംഗിക്കുന്നുണ്ടെങ്കിൽ പോലും ഫലത്തിൽ ചില കാര്യങ്ങളിൽ അവരെ സഹായിക്കുന്നില്ലെന്നുള്ളത് ഖേദപൂർവ്വം പറയാതിരിക്കാൻ നിവൃത്തിയില്ല. കഴക്കൂട്ടത്ത് 26 ഏക്കർ ഭൂമി ഏറ്റെടുത്തു. അതിലും ഒരു സെന്റ് ഭൂമി ഇവർക്ക് കിട്ടിയിട്ടില്ല. അത് സ്പോർട്ട്സ് കൗൺസിലിന് കൊടുക്കാൻ പോകുകയാണ്. പട്ടണപ്രദേശങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊള്ളാവുന്ന ഭൂമിയിലെ ഒരു സെന്റുപോലും നിയമത്തിൽ വ്യവസ്ഥയുണ്ടായിട്ടും കൊടുക്കുന്നില്ലെന്നുള്ളത് പരിഗണിക്കുമ്പോൾ നാമൊക്കെ സ്വയം ലജ്ജിച്ച് തലതാഴ്ത്തണം. ഇവിടെ ബഹുമാനപ്പെട്ട എ. കെ. ബാലൻ പറഞ്ഞ ഒരു കാര്യം ഒഴിപ്പിക്കൽ നിയമം നമ്മൾ ഓരോ വർഷവും പാസ്സാക്കിയെടുക്കുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യം ഒഴിപ്പിക്കൽ നിരോധന നിയമം പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തു. കേന്ദ്ര ഗവൺമെന്റ് ഈ നിയമം നടപ്പാക്കാൻ പാടില്ലെന്നാണ് എഴുതിവച്ചത്. കാരണം നാം പാസ്സാക്കിയ നിയമം ലാന്റ് റിഫോംസ് ആക്ടിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നുയെന്നുള്ളതാണ്. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ദോഷകരമായി ബാധിക്കുന്നുയെന്നുള്ളതുകൊണ്ട് രണ്ടര ഹെക്ടർ വരെയുള്ള മിച്ചഭൂമി കൈയ്ക്കലാക്കുകയോ തുച്ഛമായ വിലയ്ക്ക് വിൽക്കാനോ പാടില്ലെന്നാണ് സെൻട്രൽ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്. പക്ഷെ അതെല്ലാം വിസ്മരിച്ചുകൊണ്ട് വീണ്ടും ആ നിയമം ഇവിടെ കൊണ്ടുവരാൻ പോകുകയാണ്. ഞാൻ ഏതെങ്കിലുമൊരു കക്ഷിയെ കുറ്റപ്പെടുത്താൻ ശ്രമിക്കുകയല്ല ചെയ്യുന്നത്. നിയമത്തിൽ ഒന്ന് എഴുതിവയ്ക്കുന്നു മറ്റൊന്ന് പ്രവർത്തിക്കുന്നു. എ. കെ. ആന്റണി ഗവൺമെന്റാണ് ആദിവാസികൾക്ക് ഭൂമി കൊടുക്കാൻ തീരുമാനിച്ചത്. 2334 ഏക്കർ ഭൂമി മിച്ചമുണ്ട്. ഇപ്പോൾ നമ്മൾ ഏറ്റെടുത്ത മൊത്തം ഭൂമിയിൽ 2334 ഏക്കർ മിച്ചഭൂമിയുണ്ട്. ആ ഭൂമി ദയവായി ആദിവാസികൾക്ക് കൊടുക്കണം. ആദിവാസികൾക്ക് 50 ശതമാനം കിട്ടിയിട്ടേയില്ല. ആ ഒരു സാഹചര്യത്തിൽ പട്ടികജാതിക്കാരെ ഒഴിവാക്കിക്കൊണ്ട് ഇത്രയും ഏക്കർ ഭൂമി ആദിവാസികൾക്ക് കൊടുക്കാൻ തയ്യാറാകണം. എ. കെ. ആന്റണി ഗവൺമെന്റിന്റെ കാലത്ത് കണ്ണൂർ ജില്ലയിലെ ആലക്കോട് എസ്റ്റേറ്റിൽ ആയിരത്തിലേറെ ഏക്കർ ഭൂമി വാങ്ങാൻ തീരുമാനിച്ചു. ഞാൻ ഉൾപ്പെടുന്ന ഗവൺമെന്റാണ് മൂന്നുകോടി രൂപ കൊടുത്ത് ഭൂമി വിലയ്ക്ക് വാങ്ങിയത്. അത് Tribal Department-ന് കിട്ടേണ്ടതായിരുന്നു. പക്ഷെ പണ്ടെങ്ങോ ഉണ്ടായ തെറ്റായ ലാന്റ് ബോർഡിന്റെ പ്രൊസിഡ്യൂവർ കാണിച്ചുകൊണ്ട് രാമവർമ്മ തിരുമേനിയുടെ മകൾ കുമാരി വർമ്മ ഇപ്പോൾ കേസ് കൊടുത്തിരിക്കുകയാണ്. അപ്പോൾ വിലകൊടുത്ത് ഭൂമി വാങ്ങിയിട്ടും പണ്ടെങ്ങോ ഉണ്ടായ Land Board-ന്റെ പേരിലുള്ള നടപടിക്രമം ആ ഭൂമി കിട്ടാൻ പോകുന്നില്ല. കേരളാ ഹൈക്കോടതി കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞ ഈ കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായി സ്റ്റേ വെക്കേറ്റ് ചെയ്ത് 250 ഏക്കർ ഭൂമി വാങ്ങി പാവപ്പെട്ടവർക്ക് കൊടുക്കണം. ജനങ്ങളുമായി ഏറ്റവും കൂടുതൽ ബന്ധമുള്ളതും പാവപ്പെട്ടവരുടെ കണ്ണുനീരൊപ്പുന്നതുമായ റവന്യൂ വകുപ്പ് ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതിനുള്ള ആത്മാർത്ഥ ശ്രമം നടത്തുന്നുണ്ട്. പക്ഷെ അതിന്റെ കൂട്ടത്തിൽ ഇതുപോലുള്ള ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിക്കാതിരിക്കാൻ വയ്യ. ബഹുമാന്യനായ മന്ത്രിയുടെ ഭാവനാപൂർണ്ണമായ, സുതാര്യമായ, കാര്യക്ഷമതയുള്ള വകുപ്പിനുവേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിൻതുണയ്ക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ജനങ്ങളുമായി ഏറ്റവും ബന്ധമുള്ള ഒരു വകുപ്പെന്ന നിലയിൽ, ജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട് ഒട്ടേറെ കാര്യങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

എത്തിപ്പെടേണ്ട ഒരു വകുപ്പെന്നുള്ള നിലയിൽ ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ വളരെ ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതായിട്ടുണ്ട്. ഈ കാര്യങ്ങളിൽ ഇനിയുള്ള നടപടികളുടെ വേഗത വർദ്ധിപ്പിക്കാനും സുതാര്യമാക്കാനും, കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് പുതിയ നടപടി സ്വീകരിച്ച് മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. നിയമങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഒരു പ്രത്യേക സവിശേഷത പ്രകടിപ്പിക്കാറുണ്ടെന്നുള്ള കാര്യം സന്തോഷപൂർവ്വം അനുസ്മരിക്കുകയാണ്. സിനിമയിലൊക്കെ ഒരു ഭരതൻ ടച്ച് എന്നുപറയാറുണ്ട്. അതുപോലെ ഭരണരംഗത്തെ നടപടികളിൽ ഒരു മാണി ടച്ച് പ്രകടിപ്പിക്കാൻ റവന്യൂ വകുപ്പിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയും. ഇവിടെ താലൂക്ക് സഭകളെക്കുറിച്ച് വിമർശനങ്ങളുണ്ടായി. പക്ഷെ താലൂക്ക് സഭയടക്കം, ഗ്രാമസഭകളടക്കം ജനകീയ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള അത്തരം വേദികൾ ഈ വകുപ്പുമായി ബന്ധപ്പെട്ട് ആരംഭിക്കാൻ കഴിഞ്ഞത് ബഹുമാനപ്പെട്ട കെ. എം. മാണി ഈ വകുപ്പിന്റെ ചുമതല വഹിച്ചയവസരത്തിലാണെന്നുള്ളത് ഞാൻ അനുസ്മരിക്കുകയാണ്. ഇന്ന് ചർച്ചയിൽ പങ്കെടുത്തവരുടെ ഭാഗത്തുനിന്ന് കാര്യമായ വിമർശനമുണ്ടായില്ല. ചില നടപടി നിർദ്ദേശങ്ങൾ നിഷേധിക്കുന്നുയെന്നുള്ളതാണ് ഇവിടെ പലപ്പോഴും ചൂണ്ടിക്കാണിക്കാറുള്ളത്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായി ശ്രീ. പി. സി. ജോർജിന്റേയും ശ്രീ. ജോണി നെല്ലൂരിന്റേയും ശബ്ദം കേട്ടു. ശ്രീ. പി. സി. ജോർജ് പറയുന്നത് നമുക്ക് മനസ്സിലാക്കാം. ശ്രീ. പി. സി. ജോർജിന് അങ്ങനെയൊന്ന് പറഞ്ഞില്ലെങ്കിൽ വൈകുന്നേരത്തെ ഉറക്കത്തിന് ഒരു സുഖവും കിട്ടില്ലെന്നുള്ളതുകൊണ്ട് അദ്ദേഹം പറഞ്ഞതാണ്. അതുകൊണ്ട് അദ്ദേഹത്തെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. ശ്രീ. ജോണി നെല്ലൂർ ഈ വകുപ്പുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ജില്ല രൂപീകരണത്തെക്കുറിച്ചൊക്കെ അദ്ദേഹം പറഞ്ഞു. 1991-മുതൽ ഈ സഭയിൽ അംഗമായിരുന്നു എന്നൊക്കെ പറഞ്ഞു. ജില്ല രൂപീകരിക്കണമെങ്കിൽ കാബിനറ്റ് അംഗീകരിക്കണം. ആ കാബിനറ്റിൽ ശ്രീ. ജോണി നെല്ലൂരിന്റെ ഏറ്റവും പ്രിയപ്പെട്ട ശ്രീ. ടി. എം. ജേക്കബ് മൂന്നുമാസം മുൻപുവരെ അംഗമായിരുന്നു. അങ്ങനെയുള്ള കാര്യം സൗകര്യപൂർവ്വം വിസ്മരിക്കുന്നത് ശരിയല്ലെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഒളിയമ്പ് എറിയുന്നതിലും നല്ലത് നേരെ എറിയുന്നതാണ്. കാര്യങ്ങൾ വളച്ച് ഒടിച്ച് പറയുന്നതിനേക്കാൾ നേരെ പറയുന്നതാണ് ആർജവം. ആണുങ്ങൾക്ക് ചേരുന്നത് അതാണ്. അതുകൊണ്ടാണ് ശ്രീ. ഉമ്മൻ ചാണ്ടി മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്തപ്പോൾ മന്ത്രിസഭയിൽ അംഗമല്ലാതിരിക്കേണ്ടിവന്നത്. അത് തുറന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു മുന്നണിയിൽ നിന്നുകൊണ്ട് പറ്റിയ സമീപനം സ്വീകരിക്കാൻ ആരായാലും ബാദ്ധ്യസ്ഥരാണ്. അത് ഇല്ലാതെ വരുമ്പോൾ അതിന്റേതായ ബുദ്ധിമുട്ടുകളൊക്കെ ഉണ്ടാകും. പിന്നെ ശ്രീ. ജോണി നെല്ലൂരിന് സന്തോഷം ഉണ്ടാകുന്നെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകട്ടെ. കാരണം, പരുക്കായ പ്രദേശത്തിലൂടെ രക്ഷനേടാൻ അലഞ്ഞുതിരിയുന്ന ആത്മാക്കളെക്കുറിച്ച് കേട്ടിട്ടുണ്ട്. അപ്പോൾ അത്തരം ചില ശ്രമങ്ങളൊക്കെ നടക്കുന്നുണ്ട്. ഇത്തരം ചില വെപ്രാളം കൊണ്ട് ആ പരുക്കായ പ്രദേശത്ത് നടക്കുമ്പോൾ ശ്രീ. ജോണിക്കും പാർട്ടിക്കും രക്ഷ കിട്ടുന്നെങ്കിൽ എനിക്ക് സന്തോഷം. അക്കാര്യത്തിൽ എല്ലാ ആശംസയും അർപ്പിക്കാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നു. പിന്നെ സുനാമിയുടെ കാര്യം എല്ലാവരും പറഞ്ഞു. ഒരു രക്ഷകനെപ്പോലെ ഈ ഗവൺമെന്റ് രംഗത്തുവന്നു. ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസം ഇല്ലാതെ എല്ലാ വിഭാഗങ്ങളിൽ നിന്നും സഹായം ഉണ്ടായി. ആ കാര്യത്തിൽ മുന്നോട്ടുപോകാൻ കഴിഞ്ഞു. അത് കഴിഞ്ഞ് സുതാര്യതവേണം, ഫണ്ട് മാറിപ്പോകുന്നു, എന്നൊക്കെയുള്ള സൂചനകൾ ഉണ്ടായി. ഞാൻ ഈ സഭയിൽനിന്ന് എല്ലാ ഉത്തരവാദിത്വത്തോടുകൂടി ചോദിക്കാൻ ആഗ്രഹിക്കുന്നു. സുനാമി ദുരന്തവുമായി ബന്ധപ്പെട്ടുകൊണ്ടുണ്ടായ സഹായധനത്തിൽ ഒരു സിംഗിൾ പൈസയുടെ ആനുകൂല്യം തെറ്റായ തരത്തിൽ വക മാറ്റി ചെലവഴിച്ചു എന്ന് പറയാൻ കഴിയുമോ? അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ല. ആടിനെ പട്ടിയാക്കുന്നതുപോലെ നാല് പ്രാവശ്യം ആവർത്തിച്ച് കാര്യങ്ങൾ പറഞ്ഞതു കൊണ്ട് വല്ല കാര്യവുമുണ്ടോ? ഈ കാര്യത്തിലൊക്കെ വളരെ വ്യക്തമായി എല്ലാ നടപടികളും സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. 2-ാം ഘട്ടത്തിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. ഇതിനുമുമ്പ് ചർച്ച ചെയ്ത അവസരത്തിൽ അവകാശ വാദങ്ങൾ കൂടുതൽ ഉണ്ടായി. അതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ വന്നു. സർക്കാർ തീരുമാനം എടുക്കുമ്പോൾ അതിന്റെ നടപടിക്രമങ്ങളൊക്കെ പൂർത്തീകരിക്കണം. അതിനുള്ള നടപടിക്രമങ്ങളിൽ ചില കാലതാമസം ഉള്ളതുകൊണ്ട് ഈ കാര്യത്തിൽ ഒന്നാം ഘട്ടത്തെപ്പോലെ വേഗത ഉണ്ടായില്ല. കഴിഞ്ഞ ചർച്ചയിൽ ഇത്തരം കാര്യങ്ങളൊക്കെ സൂചിപ്പിച്ചതാണ്. ഇവിടെ ശ്രീ. പി. സി. ജോർജ് പാട്ടക്കുടിശ്ശികയുടെ കാര്യം പറഞ്ഞു. തിരുനക്കര മൈതാനത്തിന്റെയും ലാറ്റക്സിന്റേയും അതുപോലെ കെ.എഫ്.സി.-യുടേയും പാട്ടക്കുടിശ്ശികയുടെ ലിസ്റ്റ് വായിച്ചിട്ട് വൻ തോതിൽ പാട്ടക്കുടിശ്ശിക പിരിക്കാൻ കിടക്കുന്നു എന്ന് പറഞ്ഞു. ഒരു കാര്യം ആവർത്തിച്ചാവർത്തിച്ച് പറഞ്ഞാൽ പുകമറ സൃഷ്ടിക്കാൻ എളുപ്പമായിരിക്കും. അതൊന്നും വസ്തുതയല്ല എന്ന് ശ്രീ. പി. സി. ജോർജിനെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സഭ ചർച്ച ചെയ്തതാണ്. ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്താണെന്ന് വിശദീകരിച്ചതാണ്. കാബിനറ്റ് അംഗീകരിച്ച കാര്യമാണ്. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. മൂന്നാറിലെ കയ്യേറ്റത്തെക്കുറിച്ചൊക്കെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കയ്യേറ്റമുണ്ടായാൽ തടയാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. കയ്യേറ്റം തടയണം. കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ ആവശ്യമായ നടപടികൾ ഈ കാര്യത്തിൽ ഉണ്ടാകണം. അത്തരം നടപടിയുമായി മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിക്കുന്നു. മതികെട്ടാൻ പ്രശ്നം വന്നു. അപ്പോൾ എല്ലാവരും എന്തൊരു ബഹളമായിരുന്നു. മതികെട്ടാനിലെ കയ്യേറ്റത്തിൽ ബന്ധുക്കൾ ഉണ്ടെന്നൊക്കെ പറഞ്ഞു. ഏതെങ്കിലും ഒരു ബന്ധുവിനെ ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞോ? കഴിഞ്ഞില്ല എന്ന് മാത്രമല്ല, സംശയാതീതമായി അത്

LIBRARY ARCHIVES Kerala Legislative Assembly

തെളിയിക്കാനും, ഈ ഭൂപ്രദേശം വനം വകുപ്പിന് കൈമാറിക്കൊണ്ട് സംശയാതീതമായി പ്രവർത്തിക്കാനും മുന്നോട്ടുവന്ന മന്ത്രിയാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി ശ്രീ. കെ. എം. മാണി എന്ന് അഭിമാനപൂർവ്വം ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു. ഇവിടെ ശ്രീ. പി. സി. ജോർജ് കുറേ പേരുകളൊക്കെ വായിച്ചു. ശ്രീ. ജോസ് പാലാ. പാലാ ആയതുകൊണ്ട് ഏതാണ്ട് ബന്ധുക്കളോ സ്വന്തക്കാരോ ആണെന്ന് തോന്നിപ്പിക്കും. ആ ലിസ്റ്റിലുള്ള രണ്ടുമൂന്ന് പേരുകൾ കൂടി ഞാൻ വായിക്കാം. വി. വി. ജോർജ്, പ്ലാത്തോട്ടത്തിൽ. പ്ലാത്തോട്ടത്തിലുമായിട്ട് ശ്രീ. പി. സി. ജോർജിന് വല്ല ബന്ധവുമുണ്ടോ എന്ന് എനിക്കറിയില്ല. വി. വി. ജോർജ്, പ്ലാത്തോട്ടത്തിൽ, പൂഞ്ഞാർ, ഈരാറ്റുപേട്ട എന്നാണ് അദ്ദേഹത്തിന്റെ പോസ്റ്റ്. ഈ പ്ലാത്തോട്ടത്തിൽ അതിൽപ്പെടുമോ എന്ന് അദ്ദേഹം പറഞ്ഞാൽ മതി. ഞാൻ പറഞ്ഞല്ലോ മൂന്നാറിൽ അടക്കം കയ്യേറ്റമുണ്ടെങ്കിൽ, സർക്കാർ ഭൂമി കയ്യേറ്റമുണ്ടെങ്കിൽ ഒരു സംശയവുമില്ലാതെ ഒഴിപ്പിക്കണം. ഞങ്ങളുടെ പാർട്ടിയുടെ നയം അതാണ്. ആ കാര്യത്തിൽ എല്ലാ വകുപ്പുകളുമായി ജോയിന്റായിട്ടുള്ള ഒരു ആക്ഷൻ വേണം. അദ്ദേഹം സദുദ്ദേശത്തോടുകൂടിയാണ് വായിച്ചതെങ്കിൽ വേറെ പേരുകളും ഉണ്ട്. അത് അദ്ദേഹം കണ്ടില്ല. വി. കെ. രാജേന്ദ്രന്റെ പേരല്ലേ ആദ്യം വായിക്കേണ്ടത്? ആരാണ് ഈ വി. കെ. രാജേന്ദ്രൻ? ഇടുക്കി ജില്ലയിലെ പഞ്ചായത്ത് പ്രസിഡന്റ്. ആ പേര് അദ്ദേഹം കണ്ടോ? വക്കച്ചൻ മറ്റത്തിൽ, എം. പി. എന്ന് വായിച്ചല്ലോ. അപ്പോൾ അദ്ദേഹത്തിന് വ്യക്തിവിരോധമുള്ള ആളുകളുടെ പേര് വായിക്കാം. വക്കച്ചൻ മറ്റത്തിൽ എന്ന പേര് വായിച്ച കൂട്ടത്തിൽ ഇതുകൂടി വായിക്കാമായിരുന്നു. അതല്ലേ അതിന്റെ മര്യാദ? സദുദ്ദേശത്തോടുകൂടിയാണെങ്കിൽ, സർക്കാർ ഭൂമിയുടെ കയ്യേറ്റം തടയണമെന്നാണ് അങ്ങയുടെ നിർദ്ദേശമെങ്കിൽ ഇതുകൂടി വായിക്കണ്ടേ? വേറെയും ലിസ്റ്റുണ്ട്. അമാന്യമായി പെരുമാറാൻ ആഗ്രഹിക്കാത്തതുകൊണ്ട് ഞാൻ ലിസ്റ്റ് വായിക്കുന്നില്ല. അതുകൊണ്ട് ഇതൊക്കെ ഉന്നയിക്കുമ്പോൾ കാര്യങ്ങളൊക്കെ ഓർക്കണം എന്ന് വിനയപൂർവ്വം പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ഈ വകുപ്പ് പ്രഖ്യാപിച്ച പരിപാടികളൊക്കെ വളരെ നല്ല രീതിയിൽ പോകുന്നതാണ്. 100 ദിനകർമ്മ പരിപാടി പ്രത്യേകിച്ച് 25,000 പേർക്ക് പട്ടയം കൊടുക്കുമെന്ന് പറഞ്ഞു. 27,015 പേർക്ക് കൊടുക്കാൻ കഴിഞ്ഞു. വിനോബാഭാവയുടെ ഭൂദാന പ്രസ്ഥാനത്തിനുശേഷം ഇതുപോലെ ഒരു ആശയത്തിൽ പാവപ്പെട്ട ആളുകളുടെ ഭൂമിക്ക് കൈവശവകാശ രേഖ കൊടുത്തുകൊണ്ട്, പട്ടയം നൽകിക്കൊണ്ട് മുന്നോട്ടുപോകാൻ കഴിഞ്ഞത് ചെറിയ കാര്യമാണോ? അതുപോലെ വരുമാനത്തിന്റെ കാര്യം ഡോ. എം. എ. കുട്ടപ്പൻ ഇവിടെ സൂചിപ്പിച്ചു. ആർ. ആർ. ഇനത്തിൽ 54.18 ശതമാനം വ്യത്യാസം ഉണ്ടായി. എല്ലാ വിഭാഗങ്ങളിലും 88.22 ശതമാനം വർദ്ധനവ് ഉണ്ടായി. എൽ.ഡി.എഫും യു.ഡി.എഫും തമ്മിലുള്ള വ്യത്യാസം അതാണ്. മോശപ്പെട്ട കാര്യമാണോ സർ? നല്ല രീതിയിൽ പ്രവർത്തിച്ച് മുന്നോട്ടു പോവുന്നതിനിടയിലാണ് ഇത്തരം ചില ആക്ഷേപങ്ങൾ ഉന്നയിച്ച് തടസ്സപ്പെടുത്താനുള്ള വൃഥാശ്രമം നടത്തുന്നത്. അതൊന്നും വിലപ്പോവില്ല. നാല് പതിറ്റാണ്ടിന്റെ ധന്യമായ അനുഭവങ്ങളുള്ള കരുത്തു പകർന്ന ഒരു വ്യക്തിത്വമാണ് ശ്രീ. കെ. എം. മാണിക്കുള്ളത്. അതുകൊണ്ട് അതിർത്തികൾക്കപ്പുറത്തെ അതിരു

LIBRARY ARCHIVES Kerala Legislative Assembly

കൾതേടി ആകാശത്തിനുമപ്പുറത്തെ ആകാശം തിരഞ്ഞ് അദ്ധ്വാനവർഗ്ഗത്തിന്റെ ഗോപുരമായി നിലനിൽക്കാൻ ശ്രീ. കെ. എം. മാണിക്ക് കഴിഞ്ഞിട്ടുണ്ട്. ആരൊക്കെ ഓരിയിട്ടാലും കേരളത്തിലെ കർഷക മക്കളുടെ മേഘസ്തംഭമായി, പ്രകാശദീപമായി മുന്നോട്ടുപോകാൻ ശ്രീ. കെ. എം. മാണിക്ക് കഴിയും എന്ന് അവരെ ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുകയാണ്. കഴുത്തറുപ്പൻ പലിശയുടെ നീരാളിപ്പിടിത്തത്തിലാണ് നമ്മുടെ മലയോര മേഖല. ജപ്തി, കൂട്ടുപലിശ, പലിശ എന്നിവയാണ്

1.00 P.M.] അവിടത്തെ ജനങ്ങൾ ദിവസവും ഉരുവിടുന്ന പദങ്ങൾ. ഏറ്റവും പ്രധാനപ്പെട്ട ഡിമാന്റ് അവരുടെ കടങ്ങൾ എഴുതിതള്ളണമെന്നാണ്. സ്വാഭാവികമായും സംസ്ഥാന സർക്കാരിന് മലയോരമേഖലയിലെ കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളാൻ കഴിയില്ല. പക്ഷെ അടിയന്തിരമായി ജപ്തി നടപടികൾ നിർത്തിവച്ചേ പറ്റൂ. 2004 ജനുവരി മുതൽ ഒരു വർഷത്തേക്ക് കാർഷിക കടങ്ങൾക്ക് മോറൊട്ടോറിയം പ്രഖ്യാപിച്ചിരുന്നു. അതുപോലെ 2005 ജനുവരി മുതൽ വീണ്ടും ഒരു വർഷത്തേക്കു കൂടി കാർഷിക കടങ്ങൾക്ക് മോറൊട്ടോറിയം പ്രഖ്യാപിക്കണം. വരൾച്ചകൊണ്ടും ആനശല്യംകൊണ്ടും പ്രകൃതിക്ഷോഭം കൊണ്ടും നശിച്ച ഏറ്റവും ദുരിതപൂർണ്ണമായ മേഖലയാണ് മലയോര മേഖല. അവിടത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുമ്പോൾ അവരുടെ പ്രധാനപ്പെട്ട കാർഷിക ഉൽപ്പന്നമായ നാളികേരത്തിന് രണ്ടു രൂപയായിരുന്നു വില. പക്ഷേ ഇന്ന് അത് അഞ്ചുരൂപയുടെ അടുത്ത് എത്തിയിട്ടുണ്ട്. റബ്ബറിനും കാലാനുസൃതമായ വർദ്ധിച്ച വിലയുണ്ട്. എന്നാൽ കുരുമുളകിന് കാര്യമായ വില വർദ്ധിച്ചിട്ടില്ല, കടങ്ങൾ തീർക്കാനുള്ള ശക്തി അവർക്ക് വന്നിട്ടില്ല. ഈ സാഹചര്യത്തിൽ ഗവൺമെന്റിന്റെ മുഖ്യ അജണ്ടയായി കാർഷിക മേഖലയിലെ കടങ്ങൾ എഴുതി തള്ളാനും അത് പലിശരഹിതമായി നിലനിർത്തിക്കൊണ്ടുതന്നെ വീണ്ടും അവർക്ക് കൊടുക്കാനുമുള്ള സംവിധാനം ഉണ്ടാകണം. കേരളം രൂക്ഷമായ വരൾച്ച നേരിട്ടിട്ടും എന്റെ നിയോജകമണ്ഡലത്തിലെ എണ്ണായിരം കൃഷിക്കാർക്ക് ഒരു രൂപയെങ്കിലും കൊടുക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു. മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, എന്നിവർ വരൾച്ച ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് ഓരോ കുടുംബത്തിനും 1500 രൂപ വീതം കൊടുത്തു. വിത്ത് കൊടുത്തിട്ടും. മൂന്നു തവണ അവരുടെ കാർഷിക കടങ്ങൾ റീ ഫൈനാൻസ് ചെയ്യാൻ കഴിഞ്ഞിട്ടും കാർഷിക മേഖല സജീവമായിട്ടില്ല. അവരുടെ ജപ്തി നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നിർത്തിവയ്ക്കണം. ഈ മേഖലയിൽ നമുക്കനുകൂലമായ തരംഗത്തെ നമുക്ക് എതിരായി മാറ്റുവാനുള്ള ആളുകൾ തക്കം പാർത്തിരിക്കുന്നു എന്ന് ബഹുമാനപ്പെട്ട ഗവൺമെന്റ് മനസ്സിലാക്കണം. മറ്റൊരു കാര്യം ഫസ്റ്റ് എയിഡ് ചികിൽസകൊണ്ട് കർഷകരുടെ ആരോഗ്യരംഗം മെച്ചപ്പെടുത്താൻ കഴിയില്ല. എല്ലാ ഫൈനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷനുകളും

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാർക്ക് പലിശരഹിത വായ്പകൾ കൊടുക്കണം. കർഷകന്റെ ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് സംഭരിക്കാനുള്ള നടപടികൾ ഉണ്ടാകണം. പ്രധാനമായും അവരുടെ ജപ്തി നടപടികൾ ഇല്ലാതാക്കണം. ആരോ ചെയ്ത കുറ്റത്തിന്റെ പേരിൽ ജീവിതത്തിന്റെ പുറംപോക്കിലേക്ക് തള്ളിവിട്ട ബെൻസിക്കും, ബെൻസനും പട്ടയം കൊടുത്ത ഗവൺമെന്റാണിത്. ഇത് ഒരു ബെൻസന്റേയും ബെൻസിയുടേയും മാത്രം പ്രശ്നമല്ല. മാതാപിതാക്കൾ ചെയ്ത കുറ്റത്തിന്റെ പേരിൽ സമൂഹം അവരെ തള്ളിവിട്ടപ്പോൾ എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകൻ ശ്രീ. പ്രതാപവർമ്മ തമ്പാന്റെയും, സിനിമാനടൻ സുരേഷ് ഗോപിയുടെയുമൊക്കെ ആത്മാർത്ഥമായ ബോധവൽക്കരണം ആ ഗ്രാമത്തിൽ ഉണ്ടായപ്പോഴും ആ ബോധവൽക്കരണത്തിന്റെ അനന്തരഫലമായി ആ സമൂഹം ആ രോഗത്തെക്കുറിച്ച് തിരിച്ചറിഞ്ഞു എങ്കിലും അവർക്ക് കയറിക്കിടക്കാൻ ഒരിടം ഉണ്ടായിരുന്നില്ല. ആദിച്ചനെല്ലൂർ സ്കൂളിലെ കഴുതക്കുഴി എൽ.പി. സ്കൂളിലെ ബെൻസനും ബെൻസിക്കും അവരുടെ പതിനൊന്നര സെന്റ് ഭൂമിക്ക് പട്ടയം കൊടുത്തത് ഈ ഗവൺമെന്റാണ്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെയും മുഖാമുഖം പരിപാടിയുടെയും ഭാഗമായി 100 കണക്കിന് ആളുകൾക്കാണ് ഈ നാട്ടിൽ പ്രയോജനമുണ്ടായത്. അതിന്റെ ഭാഗമായിക്കൊണ്ടുതന്നെ കേരളത്തിലെ പത്രമാധ്യമങ്ങൾ മുക്തകണ്ഠം യു.ഡി.എഫ്. ഗവൺമെന്റിനെ പ്രശംസിക്കാൻ മുന്നോട്ടുവരുകയുണ്ടായി. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. ഈ ഗവൺമെന്റിന്റെ പ്രിയപ്പെട്ട തലവനായ ബഹുമാന്യനായ ഉമ്മൻ ചാണ്ടിയെക്കുറിച്ച് കേരള കൗമുദി 'അശരണരുടെ ചീഫ് മിനിസ്റ്ററാണ് മിസ്റ്റർ ഉമ്മൻചാണ്ടി' എന്നു റിപ്പോർട്ടു ചെയ്തിട്ടുണ്ടെങ്കിൽ അത് ശ്രീ. ഉമ്മൻ ചാണ്ടിക്കു മാത്രമല്ല, ഈ ഇരിക്കുന്ന 100 അംഗങ്ങൾക്കും തിലകക്കുറിയാണ്. ഞാൻ അതിന് ശ്രീ. മാണി സാറിനെ മുക്തകണ്ഠം പ്രശംസിക്കുകയാണ്. ദേശാഭിമാനിയിൽ ഒരു എഡിറ്റോറിയൽ വന്നു. 100 ദിവസം മുമ്പ് ഒന്നേകാൽ ലക്ഷം ഫയലുകൾ ബാക്കിയുണ്ടായിരുന്നു. അവയിൽ 68180 ഫയലുകൾ തീർപ്പാക്കി. ബാക്കിയുള്ള 56820 ഫയലുകളിൽ 36150 ഫയലുകൾ കോടതി കേസുമായി ബന്ധപ്പെട്ടതാണ്. ജനസമ്പർക്ക പരിപാടിയിൽ 96000 പരാതികൾ ലഭിച്ചു. അതും തീർപ്പാക്കാൻ ശ്രമം നടത്തുന്നു. ദേശാഭിമാനിയിൽ ഇത് പറഞ്ഞിട്ടുണ്ട് എങ്കിൽ ബഹുമാന്യനായ മാണി സാറിനും ഇക്കാര്യത്തിൽ പങ്കുണ്ട് എന്നു വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഗവൺമെന്റിന്റെ നല്ല കാര്യങ്ങളുടെ തുടർച്ചയാണിത്. യഥാർത്ഥത്തിൽ സ്വന്തം ഓഫീസുകളിൽ കൃത്യമായും വൈകിയെത്തി കാന്റീനിൽ ചെന്ന് വെടിയും വടയുമായി കഴിഞ്ഞ് ഒടുവിൽ സീറ്റിൽ വന്നിരുന്ന് ചായ കുടിച്ചതിന്റെ ക്ഷീണം മാറ്റി ക്ലോക്കിൽ ഒരു മണിയാകുന്നതും കാത്ത് ചോറുപാത്രവും തുറന്നു വച്ച് തലേന്നു കണ്ട സീരിയലിന്റെ കൗതുകം സഹപ്രവർത്തകരോട് പങ്കുവച്ച് അന്നത്തെ ഡ്യൂട്ടി കഴിഞ്ഞ് പോകുന്ന ഒരു ഗണത്തിന്റെ ഉള്ളിലാണ് ഇത്ര വലിയ മാററം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സഹപ്രവർത്തകരും ഉണ്ടാക്കിയത് എന്നതിൽ അവരെ

LIBRARY ARCHIVES Kerala Legislative Assembly

അഭിനന്ദിക്കുകയാണ്. പ്രിയപ്പെട്ട പ്രതിപക്ഷത്തോട് ഇതാണ് ഞങ്ങൾക്ക് പറയാനുള്ളത്. നിങ്ങളുടെ തലച്ചോറിൽ കാര്യമായ രീതിയിൽ ഫലപുഷ്ഠിയില്ല. അതുണ്ടാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശ്രമിക്കണം. ഈ ഗവൺമെന്റ് ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പ്രതിനിധീകരിക്കുന്ന മണ്ഡലത്തിന്റെ വലിയ ഒരു ഭാഗം അട്ടപ്പാടി മേഖലയാണ്. പാവപ്പെട്ട ആദിവാസികളാണ് അവിടെയുള്ളത്. ഇങ്ങനെ പുകഴ്ത്തിപ്പറയുന്ന ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരിഞ്ച് ഭൂമിപോലും ആദിവാസികൾക്ക് കൊടുത്തിട്ടില്ല എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ അബ്ദുള്ള: ശ്രീ. ബാലേട്ടൻ കർഷകത്തൊഴിലാളി യൂണിയന്റെ കൂടി നേതാവാണ്, ഞാനതംഗീകരിക്കുന്നു. ഞാനതിനെതിരെ പറഞ്ഞുകൊണ്ട് മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട കെ. ഇ. ഇസ്മയിൽ റവന്യൂ മിനിസ്റ്ററായിരുന്ന കാലത്ത് കൊട്ടും കുരവയുമായി പ്രിയപ്പെട്ട അന്നത്തെ മുഖ്യമന്ത്രി സഖാവ് ഇ. കെ. നായനാർ എന്റെ നിയോജകമണ്ഡലത്തിലെ വെച്ചൂപ്പതിയിലും, വെള്ളംകുളത്തും, ശങ്കരമൂപ്പന്റെ കൗണ്ടറിലും, മൂബിയിലും, വരടിമലയിലുമൊക്കെ ആദിവാസികൾക്ക് ഭൂമി കൊടുത്തു. പക്ഷെ അവിടെ ഇന്നുവരെ ഒരു തൃണം പോലും മുളച്ചിട്ടില്ല. ആദിവാസികൾക്ക് കൊടുത്ത ആ ഭൂമി വാസയോഗ്യമല്ല. ഞങ്ങൾ പലയിടത്തും ഈ ഗവൺമെന്റിന്റെ മുന്നിലും ശക്തമായി ഉന്നയിക്കുന്ന കാര്യമാണ്. 1967-നു ശേഷമാണ് കേരളത്തിൽ ശക്തമായ ഭൂപരിഷ്കരണ നിയമം ഉണ്ടായത്. ഇവിടെ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കാൻ ഒട്ടേറെ സമരങ്ങളും പോരാട്ടങ്ങളും നടന്നിട്ടുണ്ട്. 1929-ലെ മലബാർ കുടിയാൻ നിയമം അതിന്റെ ഭാഗമാണ്. സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ ആലി മുസലിയാരുടേയും, ലവക്കുട്ടിയുടേയും, ചമ്പഗോപ്തരുടേയും, വാര്യംകുന്നത്തു കുഞ്ഞഹമ്മദ് ഹാജിയുടെയും നേതൃത്വത്തിൽ നടന്ന ധീരോദാത്തമായ സമരത്തിന്റെ അനന്തര ഫലമാണ് 'കൃഷിഭൂമി കൃഷിക്കാരന്' എന്ന മുദ്രാവാക്യം തത്വത്തിൽ അംഗീകരിച്ചത്. അതിനുശേഷം ആർ. ശങ്കറിന്റെ കാലഘട്ടത്തിൽ നടപടികളുണ്ടായി. 1969-ൽ സഖാവ് ഇ. എം. എസ്. ഭരിക്കുമ്പോഴും ചില നടപടികൾ ഉണ്ടായി. ബഹുമാന്യനായ അന്തരിച്ച കെ. ടി. ജേക്കബിന്റെ കാലത്താണ് സമ്പൂർണ്ണമായി ഭൂപരിഷ്കരണ നിയമത്തിന് അടിസ്ഥാനമിട്ടത്. പക്ഷെ ഇന്നും പട്ടയം കിട്ടാത്ത രണ്ടും മൂന്നും സെന്റ് ഭൂമിയിൽ കഴിയുന്ന പാവപ്പെട്ട ആദിവാസി സുഹൃത്തുക്കൾക്കും മലയോര കർഷകർക്കും സ്വന്തം ഭൂമിയിൽ ഒരു പൊസഷൻ സർട്ടിഫിക്കറ്റ് കിട്ടാൻ നിവൃത്തിയില്ല. അവർക്ക് റേഷൻ കാർഡുണ്ട്, വോട്ടേഴ്സ് ലിസ്റ്റിൽ പേരുണ്ട്. അവരുടെ നികുതി 1998 വരെയാണ് എടുത്തിട്ടുള്ളത്.

ശ്രീ. എം. വി. ജയരാജൻ: അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. നാമമാത്രമായ ഭൂമിയുള്ളവർക്ക് പട്ടയവും കൈവശ രേഖയും കൊടുക്കുന്നില്ല എന്നുള്ളതൊക്കെ ശരിയാണെന്നു പറയുമ്പോൾ തന്നെ ഭൂപരിഷ്കരണ നിയമത്തിന്റെ സത്തയെ

LIBRARY ARCHIVES Kerala Legislative Assembly

അട്ടിമറിക്കുംവിധത്തിൽ ഭൂപരിധിയുടെ സീലിംഗ് ഉയർത്തിയിട്ട് യഥാർത്ഥത്തിൽ വൻകിട ഭൂമി കയ്യേറ്റക്കാർക്ക് അനുകൂലമാകുന്ന വിധത്തിൽ ഒരു നിയമനിർമ്മാണം ഈ നിയമസഭ പാസ്സാക്കേണ്ടി വന്നു എന്ന കാര്യം ശ്രീ. കളത്തിൽ അബ്ദുള്ള സമ്മതിക്കുമോ?

ശ്രീ. കളത്തിൽ അബ്ദുള്ള: ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഫലമായി കൃഷിഭൂമിക്ക് വിസ്തൃതി കൂടിയാലേ ഉൽപ്പാദനം വർദ്ധിക്കൂ എന്ന ഒരു പുതിയ സങ്കൽപ്പം രാഷ്ട്രീയരംഗത്തും, പൊതുമേഖലയിലും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, കേരള ഹൈക്കോടതി മിച്ചഭൂമിയായിട്ടുള്ളതെല്ലാം എടുക്കണമെന്നു പറഞ്ഞ് നടപടിയെടുത്തപ്പോൾ അന്നത്തെ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്തെ അഡ്വക്കേറ്റ് ജനറൽ അവിടെ രക്തച്ചൊരിച്ചിൽ ഉണ്ടാകും എന്നുപറഞ്ഞത് ആദിവാസികൾക്ക് തിരിച്ചുകിട്ടേണ്ട ഭൂമി ആദിവാസി പ്രൊട്ടക്ഷൻ നിയമം അനുസരിച്ച് തിരിച്ചെടുക്കണമെന്ന് ജസ്റ്റീസ് ബാലസുബ്രഹ്മണ്യത്തിന്റെ ജഡ്ജ്മെന്റ് വന്നപ്പോൾ ആ വിധിയെ മറികടക്കാൻ, നിയമ ഭേദഗതി കൊണ്ടുവന്നതും ഇടതുപക്ഷ ഗവൺമെന്റാണെന്ന് അങ്ങേക്ക് അറിയാമോ?

ശ്രീ. കളത്തിൽ അബ്ദുള്ള: ആദിവാസികൾ വോട്ട് ബാങ്കല്ല, അവർ പാവപ്പെട്ട മനുഷ്യരാണ്. അവർക്ക് ആരെയും ജയിപ്പിക്കാനും, തോൽപ്പിക്കാനും കഴിയില്ല. അതുകൊണ്ടുതന്നെ ഞാൻ ഒരു കാര്യം പറയട്ടെ, നമ്മുടെ സംവരണ വ്യവസ്ഥയിൽ അവർക്ക് രണ്ടു ശതമാനം സംവരണം ഉണ്ട്, പക്ഷെ ലഭിച്ചത് 0.89 ശതമാനമാണ്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെകുറിച്ച് ചർച്ച നടന്നപ്പോൾ നിങ്ങളുടെ വേദികളിൽ അടക്കം അത് ഉണ്ടായില്ല. അതുതന്നെയാണ് അവരുടെ ഭൂമിയുടെയും മറ്റു രംഗങ്ങളിലേയും പ്രശ്നം. അവരുടെ കൂടെ നിൽക്കുന്നവരാണ് ഞങ്ങളൊക്കെ. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ ഒരുപാട് സ്ഥലങ്ങളുണ്ട്. കുറുക്കൻ, കുണ്ടോടപ്പട്ടി, പുളിയറ, ഓന്തൻചോല, ചോലക്കാട് കള്ളമലപ്പാക്കുളം തുടങ്ങിയ സ്ഥലങ്ങളിൽ പട്ടയത്തിന്റെ ഒരു കടലാസ് കിട്ടാൻ നികുതിയടയ്ക്കാൻ കർഷകർ ബുദ്ധിമുട്ടുകയാണ്. റീ-സർവ്വെയിൽ അപാകതകൾ ഉണ്ട്. ഒരേക്കർ ഭൂമി കൈവശമുള്ളവന് പത്തേക്കർ ഭൂമിയുടെ കടലാസ് കൊടുത്ത കേസുകൾ വരെയുണ്ട്. പത്ത് ഏക്കർ കൈവശമുള്ളവന് ഒരേക്കറിന്റെ രേഖ കൊടുത്ത കേസുകളും ഉണ്ട്. അതുകൊണ്ട് റീ-സർവ്വെയുടെ അപാകതകൾ തീർക്കണം. 1960 മുതൽ കൈവശമുള്ള ആദിവാസി ഭൂമിക്ക് വാലിഡിറ്റി കൊടുക്കണം. രണ്ടു സെന്റിലും മൂന്നു സെന്റിലും പത്തു സെന്റിലുമൊക്കെ താമസിക്കുന്നവന് പൊസഷൻ സർട്ടിഫിക്കറ്റ് കൊടുക്കണം. ആദിവാസികളുടെ ഭൂമി പ്രശ്നത്തിൽ ഇന്നും വഞ്ചി തിരുനക്കര തന്നെയാണ്. അതുമാറ്റാൻ ഉടൻ നടപടിയുണ്ടാകണം. താലൂക്കു സഭകൾ വെറും ഉപദേശക സമിതികളും ചായ കുടിച്ച് പിരിയുന്ന വേദികളുമാക്കാതെ ഒരു നിയമനിർമ്മാണത്തിലൂടെ താലൂക്ക്സഭകൾ ശാക്തീകരിക്കാൻ നടപടിയുണ്ടാകണം. 1966-ൽ ആരംഭിച്ച സർവേ വളരെയേറെ

2/655/2012—37.

LIBRARY ARCHIVES Kerala Legislative Assembly

ആക്ഷേപങ്ങൾക്ക് ഇടനൽകിക്കൊണ്ട് മുന്നോട്ടുപോകുകയാണ്. മാത്രമല്ല ഐക്യ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് സർവ്വെ രംഗത്ത് 90373 ആപ്ലിക്കേഷൻ കിട്ടിയതിൽ 73494-ഉം തീർപ്പാക്കാൻ അങ്ങേക്ക് കഴിഞ്ഞത് ശ്ലാഘനീയമാണ്. 81 ശതമാനം കാര്യങ്ങളും അങ്ങ് ഈ രംഗത്ത് പൂർത്തിയാക്കിയതിൽ അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. ഈജിപ്ഷ്യൻ പുരാണങ്ങളിലെ ഫിനിക്സ് പക്ഷി ചാരത്തിൽ നിന്നാണ് ഉയിർത്തെഴുന്നേറ്റിട്ടുള്ളത്, ആ പക്ഷിയെപ്പോലെ 400 കോടി രൂപ കടമായിരുന്ന കേരളത്തിലെ ഭവനനിർമ്മാണ ബോർഡിനെ ഏറെക്കുറെ ജീവസുറ്റതാക്കി ഒരുപാട് കാര്യങ്ങൾ ഭവനമേഖലയിൽ ഉണ്ടാക്കാൻ അങ്ങേക്ക് കഴിഞ്ഞു എന്നത് ഏറ്റവും സ്വാഗതാർഹമാണ്. അതിൽ അങ്ങയെ പ്രശംസിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങയുടെ നേതൃത്വത്തിൽ 31,403 വീടുകൾ പൂർത്തീകരിച്ചു. 303 പൊതുഭവനങ്ങൾ ഉണ്ടാക്കി, 354 വീടുകളും 249 ഫ്ളാറ്റുകളും ജനങ്ങൾക്ക് ലേല ത്തിൽ കൊടുത്തു. 54 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞു. എൽ.ഡി.എഫ്. ഭരണകാലത്ത് ആരംഭിച്ച ഒരു സ്കീം ഉണ്ടായിരുന്നു അവരുടെ വികസന രേഖയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടായിരുന്നു. പക്ഷേ പിന്നീട് അത് കണ്ടില്ല. ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ വൃദ്ധ സദനങ്ങളും ശാന്തി സദനങ്ങളും ആരംഭിക്കാനുള്ള നടപടി അങ്ങ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ റവന്യൂ മേഖലയെക്കുറിച്ച് വളരെ വസ്തുനിഷ്ഠമായി പ്രതിപാദിച്ച ഒരു വ്യക്തിയാണ് ബഹുമാന്യനായ ജസ്റ്റീസ് വെള്ളോടി. ആ കമ്മീഷന്റെ നിഗമനങ്ങൾ വളരെ പ്രസക്തമാണ്. നമ്മുടെ കളക്ടർമാരെക്കുറിച്ച് വെള്ളോടി കമ്മീഷൻ പറയുന്ന ഒരുകാര്യമുണ്ട്. അദ്ദേഹം പറയുന്നത് district collectors should not live in ivory towers എന്നാണ്. മുഖ്യമന്ത്രി ജനങ്ങളുടെ അടുത്തേക്കു വന്നു, അവരുടെ വിഷമതകൾ നേരിട്ട് മനസ്സിലാക്കി. നമ്മുടെ കളക്ടർമാർക്ക് എന്തുകൊണ്ട് ആഴ്ചയിൽ രണ്ട് ദിവസം വില്ലേജാഫീസുകളിലും മാസത്തിൽ രണ്ടു ദിവസം താലൂക്ക് ഓഫീസുകളിലും മാസത്തിൽ രണ്ടുദിവസം ആദിവാസി മേഖലയിലും ചെന്നുകൂടാ? കളക്ടർമാർ ഇറങ്ങിയാൽ ജില്ലാഭരണം ചലിക്കും, പല ഫയലുകളിന്മേലും തീരുമാനമെടുക്കാൻ കഴിയും. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം ചുരുക്കുകയാണ്.

ശ്രീ. എം. വി. ജയരാജൻ: ജില്ലാ മേധാവികളായ കളക്ടർമാരും എസ്.പി.-മാരും മിക്കവാറും ജില്ലകളിൽ മലയാളി ഓഫീസർമാരല്ല, ഐ.എ.എസുകാരല്ല, കേരളീയരല്ല, ഈ നാടിന്റെ സംസ്കാരവും സാമൂഹിക പശ്ചാത്തലവും അറിയാത്തവരാണ് ജില്ലാഭരണ നേതൃത്വത്തിൽ ഇരിക്കുന്നതെന്നുള്ളതുകൊണ്ടാണ് ഇത്തരത്തിലുള്ള ഗൗരവമായ പ്രശ്നം വരുന്നതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ അബ്ദുള്ള: എന്റെ ജില്ല പാലക്കാടാണ്. ബഹുമാനപ്പെട്ട ശങ്കർജിയെ ഞാൻ അഭിനന്ദിക്കുകയാണ്. അദ്ദേഹം ധനകാര്യ വകുപ്പു മന്ത്രിയായിരുന്നപ്പോൾ ഞങ്ങൾക്ക് കുറെയൊക്കെ നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഒ. വി. വിജയന്റെ 'തച്ചടാക്കിന്റെ ഇതിഹാസം', ഖസാക്കിന്റെ ഇതിഹാസമെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുന്ന തച്ചടാക്ക് ഗ്രാമം. അവിടെ ഒരു മദ്രസയും അതിൽ ഒരു മുല്ലാക്കയും അതിൽ കുറെ പെൺകുട്ടികളുമുണ്ട്. ഒ. വി. വിജയൻ സാഹിത്യരചന നടത്തിയ കാലഘട്ടത്തിൽ നിന്ന് വ്യത്യസ്തമായി ഒന്നും തച്ചടാക്കിൽ സംഭവിച്ചിട്ടില്ല. പീപ്പിൾസ് പ്ലാനിൽ ഒരുപക്ഷെ ഒരു റോഡ് തച്ചടാക്കിന്റെ ഗ്രാമത്തിന് കിട്ടിയിരിക്കും. ഇതുപോലുള്ള ആയിരക്കണക്കിന് തച്ചടാക്കുകളാണ് എന്റെ ജില്ലയിലുള്ളത്. എന്റെ ജില്ലയിൽ മനുഷ്യർക്ക് പോകാൻ പറ്റിയ റോഡില്ല. ജീപ്പിൽ സഞ്ചരിച്ചാൽ പലപ്പോഴും സ്പൈനൽകോഡ് തകരാറാകും. പി.ഡബ്ള്യു.ഡി. കുറേ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വെള്ളപ്പൊക്കത്തിൽ നൂറുകണക്കിന് റോഡുകളാണ് ഞങ്ങളുടെ ഗ്രാമങ്ങളിൽ തകർന്നിട്ടുള്ളത്. മുഖ്യമന്ത്രിയുടെ ഫണ്ടിൽ നിന്ന് 15 ലക്ഷം രൂപ അടുത്തവർഷം അനുവദിച്ചാൽ പല വില്ലേജാഫീസർമാരും വെള്ളപ്പൊക്കം കൊണ്ടു മാത്രമല്ല കാലപ്പഴക്കവും കൂടിയാണെന്ന് സർട്ടിഫിക്കറ്റ് തന്ന് ആ വികസന പ്രവർത്തനത്തെ മുടക്കുന്നവർ ഇവിടെയുണ്ടെന്നത് ഒരു ദയനീയ സത്യമാണ്. പാലക്കാട് ജില്ലയിലെ ഫ്ളഡിന്റെ ഫണ്ട് പരിശോധിച്ചാൽ അത് മനസ്സിലാക്കാൻ കഴിയും. ശ്രീ. ബാലൻ, ശ്രീ. ചെന്താമരാക്ഷനടക്കമുള്ള ഞങ്ങളുടെ ജില്ലയിലെ മുഴുവൻ എം.എൽ.എ.-മാർക്കുമുള്ള അനുഭവമാണിത്. അതുകൊണ്ട് ഞങ്ങളുടെ ജില്ലയ്ക്ക് വെള്ളപ്പൊക്കദുരിതാശ്വാസത്തിന് കൂടുതൽ പണം അനുവദിച്ച് രക്ഷിക്കാൻ മുന്നോട്ടുവരണം. കേരളത്തിൽ വിദ്യാഭ്യാസരംഗത്ത് ഞങ്ങൾ പിന്നിലാണ്. ഞങ്ങളെ നോക്കാൻ ഒരു മന്ത്രിയുണ്ടായിരുന്നു. ഇന്ന് മന്ത്രിയുമില്ല. നിങ്ങളൊക്കെ ഞങ്ങളുടെ മന്ത്രിമാരാണ്. മുഖ്യമന്ത്രി ഞങ്ങളുടെകൂടി മന്ത്രിയാണ്. ഞങ്ങളുടെ ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകണം, പാടവയൽ വില്ലേജ് കേരളത്തിൽ ഏറ്റവും കൂടുതൽ നിരക്ഷരർ ഉള്ള വില്ലേജാണ്. ആ വില്ലേജ് വിഭജിക്കണം. സാമ്പത്തികമായി കഴിവുണ്ടെങ്കിൽ ചില പുതിയ താലൂക്കുകൾ കൂടി അനുവദിക്കാൻ മുന്നോട്ടുവരണം. അങ്ങയുടെ നേതൃത്വത്തിൽ നടക്കുന്ന ചില്ല നല്ല പരിപാടികളെ ഒരിക്കൽക്കൂടി സ്വാഗതം ചെയ്യുന്നു. കേരളത്തിലെ കർമ്മധീരനായ ഇന്നും ചുറുചുറുക്കോടെ 44 വർഷം കേരളത്തിന്റെ പൊതുജീവിതത്തിൽ ഏറ്റവും വലിയ സംഭാവന ചെയ്ത വ്യക്തിയെന്ന നിലയ്ക്ക് മലയോര മക്കളുടെ കണ്ണീർ ഒപ്പാനുള്ള കൈലേസ് അങ്ങ് വിചാരിച്ചാൽ അങ്ങയുടെ കൈയിലുണ്ടെന്നും ആ കൈലേസ് പുറത്തെടുത്ത് കഴിഞ്ഞ കാലത്ത് തെക്കൻതിരുവിതാംകൂറിൽ അങ്ങ് ഒപ്പിയതുപോലെ മലബാറിലെ കൃഷിക്കാരുടെ ഭൂമി പ്രശ്നത്തിൽ പരിഹാരം കാണാൻ മുന്നോട്ടു വരണമെന്ന് സവിനയം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി വളരെ പരിണതപ്രജ്ഞനായിട്ടുള്ള ഭരണാധികാരിയാണ്. കേരളത്തിന്റെ ജനകീയവികാരം ഉൾക്കൊള്ളാൻ കെൽപ്പുള്ള മലയോര മേഖലയെ സംബന്ധിച്ചിടത്തോളം മലയോരമേഖലകളുടെ ഒരു ആപത്ബാന്ധവനായ റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിച്ച ഡിമാന്റുകളെ ഞാൻ അനുകൂലിക്കുകയാണ്. ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറയുന്നത് abstract concept ആണ്. ജനങ്ങളുടെ മുൻപിൽ പ്രത്യേകമായ ഒരു മുഖമില്ല. ജനങ്ങളെ സംബന്ധിച്ച് ഒരു ഗവൺമെന്റായി കാണുന്നത് പ്രധാനമായും റവന്യു വകുപ്പിനെയാണ്. ഇവിടെ നേരത്തെ പറഞ്ഞതുപോലെ വില്ലേജാഫീസുകൾ, താലൂക്കാഫീസുകൾ, ജില്ലാ കളക്ടറേറ്റ് പ്രധാനമായും മൂന്നു ഭരണകേന്ദ്രങ്ങളാണ്. ഗവൺമെന്റിന് ജനങ്ങളുടെ മുൻപിൽ ഒരു പ്രത്യേക മുഖമുദ്ര ഉണ്ട്. ഈ മൂന്നു സ്ഥാപനങ്ങളും ജനകീയവൽക്കരിക്കാനും ജനങ്ങൾക്ക് ആവശ്യമായ സേവനം ലഭ്യമാക്കാനുമുള്ള സാഹചര്യമുണ്ടാക്കാൻ കഴിയണം. അടുത്ത കാലത്ത് ഏറ്റവും വലിയ സുനാമിദുരന്തമുണ്ടായപ്പോൾ ഗവൺമെന്റിന്റെ പ്രതികരണം എത്രമാത്രം അഭിനന്ദനാർഹമായിരുന്നു. ഇന്നലെവരെ ഉണ്ടാകാത്ത ഒരു ദുരന്തം ഒരു ഫസ്റ്റ് ടൈം എക്സ്പീരിയൻസ്, അത് ലാസ്റ്റ് ടൈം എക്സ്പീരിയൻസായി മാറട്ടെ, അപ്പോൾ അവസരോചിതമായി ഗവൺമെന്റിന്റെ പൂർണ്ണമായ മെഷിനറിയും പ്രവർത്തനവും സജ്ജമായി. മുഖ്യമന്ത്രിയും റവന്യു വകുപ്പുമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും രാഷ്ട്രീയ സാമൂഹിക സാംസ്കാരിക സംഘടനകളും എല്ലാപേരും ആ ദുരന്തം അറിഞ്ഞ് പാഞ്ഞെത്തി നടത്തിയ പ്രവർത്തനങ്ങൾ വലിയ ആശ്വാസം ആ മേഖലയിലുണ്ടാക്കി. ഒന്നാം ഘട്ട പ്രവർത്തനം വളരെ തൃപ്തികരമായിരുന്നു. ഏതാണ്ട് 1.89 ലക്ഷം കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. 254 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. ഇത്രയും ഭയാനകമായ ഒരു അനുഭവം ഉണ്ടായപ്പോൾ ഗവൺമെന്റിന്റേയും ബന്ധപ്പെട്ട ആളുകളുടേയും പൂർണ്ണമായ ശ്രദ്ധയുണ്ടായി. ആരംഭഘട്ടത്തിൽ റിലീഫ് പ്രവർത്തനം വളരെ ഏറെ തൃപ്തികരമായിരുന്നു. പക്ഷെ രണ്ടാം ഘട്ടവും മൂന്നാംഘട്ടവും എങ്ങനെ പോകുന്നുവെന്ന് വിലയിരുത്താൻ തയ്യാറാകണം, തീർച്ചയായും ഇത് അനന്തമായി നീളുന്ന പ്രക്രിയയാകാൻ പാടില്ല. ഈ റിലീഫ് പ്രവർത്തനങ്ങൾ സമയബന്ധിതമാകണം. താൽക്കാലിക വീടുകളുടെ നിർമ്മാണവും സ്ഥിരമായ വീടുകളുടെ നിർമ്മാണവും എത്രയും വേഗം പൂർത്തിയാക്കണം. ആരംഭ ഘട്ടത്തിലുണ്ടായ ആ ജാഗ്രതയും വേഗതയും കൈമോശം വരാനും പാടില്ല. എനിക്ക് അപേക്ഷിക്കാനുള്ളത് സുനാമിക്കുവേണ്ടി വമ്പിച്ച ആനുകൂല്യങ്ങൾ ദേശീയവും അന്തർദേശീയവുമായ പ്രസ്ഥാനങ്ങൾ നൽകുന്നുണ്ട്. ബന്ധപ്പെട്ട പ്രദേശങ്ങളിലുള്ള സുനാമി ബാധിച്ച വീടുകൾ ഭാഗികമായി നഷ്ടപ്പെട്ട ആളുകൾക്കും പൂർണ്ണമായി നഷ്ടപ്പെട്ട ആളുകൾക്കും നിർമ്മിക്കുന്നതിനോടൊപ്പം തന്നെ ബന്ധപ്പെട്ട അഫക്റ്റഡ് ഏരിയയിൽ ഉള്ള ആളുകൾക്കുകൂടി അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം.

ശ്രീ. ടി. കെ ദേവകുമാർ: സുനാമിയുമായി ബന്ധപ്പെട്ട ചർച്ച സഭയിൽ നടന്ന അവസരത്തിൽ അന്ന് സഭയിൽ വെളിപ്പെടുത്തിയ പല കാര്യങ്ങളും വസ്തുതാപരമല്ലായിരുന്നു, എന്ന് അങ്ങേക്ക് ബോദ്ധ്യപ്പെട്ടുകഴിഞ്ഞു. ഒരു കാര്യംകൂടി ഈ ദുരിതാശ്വാസ പ്രവർത്തനത്തിന്റെ കാര്യത്തിലല്ല, ചർച്ചയിപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സുനാമി പ്രദേശത്ത് തകർന്ന റോഡുകളുടെയും മറ്റും പുനരധിവാസപ്രവർത്തനത്തിൽ ആവശ്യമായ ജാഗ്രത പുലർത്തുന്നില്ല എന്നുള്ള പൊതുവായ വിമർശനം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: തീർച്ചയായും ആ ഒരു ആക്ഷേപം കണക്കിലെടുത്തുകൊണ്ട് പുനരധിവാസം ഫലപ്രദമാകണം, അനന്തമായി നീണ്ടുപോകാതെ സമയബന്ധിതമായി പൂർത്തിയാക്കണം. ഇതാണ് ഞാൻ ആവശ്യപ്പെടുന്നത്. ആ ദുരന്തം ഉണ്ടായപ്പോൾ നമ്മൾ ആകെ പകച്ചുനിന്നു. ഇത് ആദ്യത്തെ അനുഭവമായിരുന്നു. അങ്ങനെ പകച്ചുനിന്നെങ്കിലും പെട്ടെന്ന് ഗവൺമെന്റിന് തീരുമാനമെടുക്കാനുള്ള കെൽപ്പുണ്ടായി. ഗവൺമെന്റ് സജീവമായി രംഗത്ത് വന്നു. ശക്തമായി പ്രവർത്തിച്ചു അതിന്റെ ഫലമായി ഉണ്ടായ നടപടികളെ അഭിനന്ദിക്കുകയാണ്. ഇവിടെ റവന്യൂ വകുപ്പിന്റെ ചർച്ചയിൽ പറയുംപോലെ, ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ ജനങ്ങളുടെ മുൻപിലെ ഗവൺമെന്റ് റവന്യൂ വകുപ്പാണ്. റവന്യൂവകുപ്പ് പുനഃസംഘടിപ്പിക്കണം. നേരത്തെ ധാരാളം പരിഷ്കാരങ്ങളുണ്ടായി. അഹമ്മദ് നഗർ പരിഷ്കാരത്തെപ്പറ്റി ഇപ്പോൾ കേൾക്കാനില്ല. ഇന്ന് കാലം മാറി, ശാസ്ത്ര സാങ്കേതിക രംഗത്ത് വ്യാപകമായ മാറ്റങ്ങളുണ്ടായി. ആ മാറ്റങ്ങൾക്കനുസരിച്ചുള്ള ചലനങ്ങൾ റവന്യൂ വകുപ്പിന്റെ ഓരോ മേഖലയിലും ഉണ്ടാകണം. പാലക്കാട് കളക്ടറേറ്റ് സമ്പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്തു എന്നുപറഞ്ഞു. കളക്ടറേറ്റിന്റെ കമ്പ്യൂട്ടറൈസേഷൻ പൂർണമാകണമെങ്കിൽ ആ ജില്ലയിലുള്ള വില്ലേജാഫീസുകളും, താലൂക്ക് ഓഫീസുകളുമായി ലിങ്ക് നെറ്റ് വർക്ക് പൂർത്തിയാകണം. അങ്ങനെ ഫലപ്രദമായി ഘട്ടംഘട്ടമായി കേരളത്തിലെ വില്ലേജാഫീസുകളുടെയും താലൂക്ക് ആഫീസുകളുടെയും കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാകണം. സാധാരണക്കാരായ ആളുകൾ എല്ലാ കാര്യത്തിനും വില്ലേജാഫീസിൽ പോകണം. ചികിൽസയ്ക്ക് സഹായം വേണോ സർട്ടിഫിക്കറ്റ് വേണം, വിദ്യാഭ്യാസ വായ്പ വേണോ, വില്ലേജാഫീസിൽ പോകണം. അങ്ങനെ എന്തു കാര്യത്തിനായാലും വില്ലേജാഫീസുകളിൽ പോകേണ്ട സാഹചര്യമാണ് കേരളത്തിലുള്ളത്. ആ ഓഫീസുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പലപ്പോഴും നാലും അഞ്ചും തവണ പോകേണ്ടി വന്നാലും സാങ്കേതിക കാരണങ്ങൾ പറഞ്ഞ് അവരെ മടക്കി അയയ്ക്കുന്നു. അങ്ങ് ആരംഭിച്ച റവന്യൂ കാർഡ് സമ്പ്രദായം പുനരാരംഭിക്കണം. റവന്യൂ കാർഡാണെങ്കിലും ഫാമിലി പാസ്പോർട്ടാണെങ്കിലും ഓരോ കുടുംബത്തിന്റേയും വിവരങ്ങൾ അടങ്ങുന്ന രേഖകൾ ഉണ്ടാകണം. അവരുടെ വരുമാനത്തെ സംബന്ധിച്ചും കുടുംബാംഗങ്ങളുടെ വിവരം സംബന്ധിച്ചും ഭൂമിയെ സംബന്ധിച്ചും എല്ലാ കാര്യങ്ങളും രേഖപ്പെടുത്തുന്ന ഒരു ഫാമിലി പാസ്പോർട്ട് അല്ലെങ്കിൽ റവന്യൂ കാർഡ് നൽകിയാൽ ഓരോ കാര്യത്തിനും സർക്കാർ ഓഫീസ് പടിക്കൽ പോകേണ്ട ഗതികേടുണ്ടാകില്ല. കംപ്യൂട്ടറൈസേഷൻ പൂർത്തിയാകുമ്പോൾ ഘട്ടംഘട്ടമായിട്ടാണെങ്കിലും കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും അവരുടേതുമായി ബന്ധപ്പെട്ട വിവരങ്ങളടങ്ങുന്ന ഫാമിലി പാസ്പോർട്ടിനുള്ള നടപടികൾ സ്വീകരിക്കണം. ഭൂപരിഷ്കരണ രംഗത്തുണ്ടായ മാറ്റങ്ങൾ, ഇവിടെ ശ്രീ. ബാലൻ പറഞ്ഞു, എന്തോ അപരാധം ചെയ്ത് മിച്ചഭൂമി നഷ്ടപ്പെടുത്തിയെന്ന് ഭയവായി സഭയെ മിസ്‌ലീഡ് ചെയ്യരുത്. മിച്ചഭൂമി ഒരിഞ്ചുപോലും പോയിട്ടില്ല. വർഷങ്ങളായി കൈവശമുള്ള മലയോര കർഷകർക്ക് പട്ടയം കൊടുക്കുന്നുണ്ട്. കേരള ലാൻഡ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

റിഫോംസ് ആക്ട് അമെന്റ് ചെയ്തു. അത് യു.ഡി.എഫ്.-ന്റെ മാത്രം തീരുമാനമല്ല. ദശാബ്ദങ്ങളായി കണ്ണൂർ ജില്ല അടക്കമുള്ള കേരളത്തിലെ ഓരോ ജില്ലയിലും ഉണ്ടായ പ്രക്ഷോഭം കണക്കിലെടുത്തുകൊണ്ട് കേരളത്തിലെ ഭരണ പ്രതിപക്ഷ കക്ഷികളുടെ ഒരു കോൺസെൻസസാണ് ആ നിയമം. ആ നിയമമനുസരിച്ച് മിച്ചഭൂമി കൈവശപ്പെടുത്തുന്നില്ല, കയ്യേറുന്നുമില്ല. വർഷങ്ങളായി ഭൂമി കൈവശമുള്ള മലയോര കർഷകർക്ക് കൈവശഭൂമി പത്ത് ഏക്കറിന് താഴെയാണെങ്കിൽ പട്ടയം കൊടുക്കും. അതാണ് യാഥാർത്ഥ്യം. ഇവിടെ എന്തോ വലിയ ഒരു അപരാധമായി ചിത്രീകരിക്കുന്നു. ഒരു കാര്യം മനസ്സിലാക്കണം. അവിടെ കടലാസിലല്ലാതെ ഫലത്തിൽ മിച്ചഭൂമിയില്ല. ഈ മിച്ചഭൂമി കർഷകർ വിലകൊടുത്ത് വാങ്ങിയതാണ്. അവരുടെ കൈവശം രേഖയുണ്ട്. അവരെ കബളിപ്പിച്ചുകൊണ്ട് അവർക്ക് വിറ്റ ഭൂമി മിച്ചഭൂമിയാക്കിയ ജന്മിമാരുടെ ചൂഷണത്തിൽനിന്ന് അവരെ സംരക്ഷിക്കാൻ കൊണ്ടുവന്ന ഈ നിയമത്തെ ഇങ്ങനെ ചിത്രീകരിക്കുന്നത് നിർഭാഗ്യകരമാണ്.

ശ്രീ. എ. കെ. ബാലൻ: കേരളത്തിൽ ലാൻഡ് റിഫോംസ് ആക്ട് വന്നതിനു ശേഷം മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ട ഭൂമിയെന്ന് പറയുന്നത് 1,30,446 ഏക്കർ ആണ്. അതിൽ 27,827 ഏക്കർ ഭൂമി ഇപ്പോഴും വിതരണം നടത്താതെ ബാക്കിയാണ്. യഥാർത്ഥത്തിൽ ആ ഭൂമിയുടെ വലിയ ഒരു ഭാഗമാണ് നിയമവിരുദ്ധമായി കൃഷിക്കാർ ഇപ്പോൾ കൈവശം വച്ചിരിക്കുന്നത്. Genuine ആയി കൈവശം വച്ച കൃഷിക്കാർക്ക് പ്രൊട്ടക്ഷൻ കൊടുക്കണം. അത് മൂന്നാലഞ്ചേക്കർ വരെ മനസ്സിലാക്കാം. ഭൂമി സ്വതവേ കൈവശമുള്ള കൃഷിക്കാരടക്കം 10 ഏക്കർ എന്ന രൂപത്തിൽ മിച്ചഭൂമിയായി പ്രത്യേകിച്ച് കൈവശം വയ്ക്കുകയാണ്. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ പ്രതികരണം എന്താണ്?

ശ്രീ. കെ. സി. ജോസഫ്: അങ്ങ് പറയുന്നത് ശരിയല്ല. കൈവശഭൂമി 10 ഏക്കറിന് താഴെയാണെങ്കിൽ, അട്ടപ്പാടിയിലേയും പാലക്കാട്ടേയും മലയുടെ മുകളിൽ പത്തേക്കർ ഭൂമി വലിയ കാര്യമാണോ? നഗരഭൂമി അല്ലല്ലോ? എന്റെ നിയോജക മണ്ഡലത്തിലെ കുടിയാൻമല, പാത്തൻപാറ അതുപോലെ ശ്രീ. കെ. പി. മോഹനന്റെ മണ്ഡലത്തിലെ വാഴക്കോട്ട് മല, നരിക്കോട്ടുമല ഈ പ്രദേശങ്ങളിലെല്ലാമുള്ള കൈവശ കൃഷിക്കാരുടെ............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വടക്കേക്കളം എസ്റ്റേറ്റിനെപ്പറ്റിയാണ് താങ്കൾ പറയുന്നതെങ്കിൽ അവിടെയുള്ള ഭൂമി ഫലഭൂയിഷ്ഠതയുള്ളതാണ്. അവിടെ അഞ്ചേക്കറിൽ കൂടുതൽ കൊടുക്കണമെന്ന് അവർപോലും ആവശ്യപ്പെട്ടിട്ടില്ല. അതാണിപ്പോൾ പത്തേക്കർ കൊടുക്കണമെന്ന് പറയുന്നത്. ഇതിന്റെ വൈരുദ്ധ്യമാണ് ശ്രീ. എ. കെ. ബാലൻ പറയുന്നത്. ഇതിന്റെയുള്ളിലൊരു കെണിയുണ്ട്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി: 10 ഏക്കർവച്ച് പതിച്ചുകൊടുക്കണമെന്ന് അങ്ങും സി.പി. ഐ. (എം.)-ഉം മെമ്മോറാണ്ടം തന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ മെമ്മോറാണ്ടം പാസ്സാക്കിയത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സി.പി.ഐ. (എം.) കൊടുത്ത ഒരു മെമ്മോറാണ്ടത്തിലും പത്തേക്കർ കൊടുക്കണമെന്ന് പറഞ്ഞിട്ടില്ല. ഞങ്ങൾ പറഞ്ഞത് രണ്ട് ഹെക്ടർ കൊടുക്കണമെന്നാണ്. അതിൽ കൂടുതൽ കൊടുക്കാനുള്ള തീരുമാനം ബഹുമാനപ്പെട്ട മാണിയുടെ സ്വന്തം തീരുമാനമാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: വളരെ വ്യക്തമായി രണ്ട് ഹെക്ടറെന്ന് പറഞ്ഞിരുന്നു. ഞങ്ങൾ അത് ബില്ലിന്റെ ചർച്ചയിലും ഉന്നയിച്ചതാണ്. എന്നിട്ടും ഇങ്ങനെ ആവർത്തിച്ച് പറയുന്നത് ശരിയല്ല.

ശ്രീ. കെ. സി. ജോസഫ്: ഓൾ പാർട്ടി മീറ്റിംഗിന്റെ മിനിട്ട്സെടുത്ത് പരിശോധിക്കാം. നിങ്ങൾ അടക്കമുള്ളവർ എടുത്ത തീരുമാനമാണ് 10 ഏക്കറിൽ കവിയാതെ എന്നുള്ളത്. പത്തേക്കർ വേണമെന്നില്ല. പത്തേക്കർ വരെ എന്നാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞങ്ങളല്ല മിനിട്ട്സെഴുതുന്നത്. മാണി സാറിന്റെ ഉദ്യോഗസ്ഥരാണ് മിനിട്ട്സെഴുതുന്നത്. ആ മിനിട്ട്സ് ഞങ്ങളുടെ അടിയൊപ്പ് വാങ്ങിയിട്ടാണോ? ആ ബില്ല് ഇവിടെ പാസ്സാക്കുന്ന സമയത്ത് ഞങ്ങൾ ഇറങ്ങിപ്പോയി. ഞങ്ങൾക്ക് സർക്കുലേറ്റ് ചെയ്ത സംഗ്രഹത്തിൽ പറഞ്ഞിരിക്കുന്നത് ഞങ്ങൾ പങ്കെടുത്ത് പാസ്സാക്കി തന്നതുപോലെയാണ്. അതിന് ഞാൻ ഒബ്ജക്ഷൻ എഴുതി കൊടുത്തിട്ടുണ്ട്. നിങ്ങൾ ബോധപൂർവ്വം കബളിപ്പിക്കാനുള്ള ശ്രമം ഇതിന്റെ പേരിൽ നടത്തുന്നുണ്ട്.

ശ്രീ. കെ. എം. മാണി: ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇങ്ങനെ പറഞ്ഞാൽ എങ്ങനെയാണ്? കമ്മിറ്റിയിൽവെച്ച് 4 ഹെക്ടറെന്ന് തീരുമാനിക്കുകയുണ്ടായി. അതിന്റെ മിനിട്ട്സുണ്ട്. മിനിട്ട്സ് തെറ്റായിട്ടാണ് വന്നിട്ടുള്ളതെങ്കിൽ തിരുത്താം. തീരുമാനമായില്ലെന്ന് എഴുതി തരണമായിരുന്നു. അത് തരാതെ ഇവിടെ ഇങ്ങനെ പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ?

ശ്രീ. എ. എൻ. രാജൻ ബാബു: വടക്കേക്കളം മിച്ചഭൂമി തിരിച്ചെടുക്കണമെന്ന വിധിവന്നപ്പോൾ ഇടതുപക്ഷ ഗവണ്മെന്റിന്റെ അഡ്വക്കേറ്റ് ജനറൽ പറഞ്ഞത്, ആ മിച്ചഭൂമിയിൽ നിന്നും ആളുകളെ ഇറക്കിയാൽ രക്തക്കളമുണ്ടാകുമെന്നാണ്. അങ്ങ് എല്ലാ എവിക്ഷനും സ്റ്റേ ചെയ്തുകൊണ്ട് ഓർഡിനൻസ് കൊണ്ടുവന്ന ഗവൺമെന്റിന്റെ പ്രതിനിധിയാണെന്നറിയാമോ?

ശ്രീ. കെ. സി. ജോസഫ്: അത് ശരിയാണ്. വർഷങ്ങളായി കൈവശമുള്ള കൃഷിക്കാരെ ഒഴിപ്പിക്കാൻ കഴിയില്ല. ഇന്നിവർ കാല് മാറുന്നു. ശ്രീ. രാമകൃഷ്ണനടക്കം, ശ്രീ. ബേബി ജോൺ അടക്കം പങ്കെടുത്ത യോഗം മുതലുണ്ടായ കോൺസെൻസാണ് പത്തേക്കർ വരെ എന്നുള്ളത്. നിങ്ങൾ സൗകര്യപൂർവ്വം മാറുന്നു. നിയമത്തെപ്പോലും നിങ്ങൾ ബ്ലാക്ക് മെയിൽ ചെയ്യാൻ ശ്രമിക്കുന്നു. എനിക്കപേക്ഷിക്കാനുള്ളത് ആ നിയമം പാസ്സാക്കണമെന്നാണ്. എത്ര ഭൂമിയാണ് കൈവശമെന്ന് രേഖയിലുള്ളത്? അടിയന്തിരമായി ലാൻഡ് റിഫോംസ് ആക്ടിലെ അമെന്റ്മെന്റനുസരിച്ചുള്ള ഭൂമിയുടെ കൈവശ കൃഷിക്കാർക്ക് പട്ടയവും രേഖകളും നൽകണം. 16,580 കേസുകൾ ലാൻഡ് ട്രിബ്യൂണലിൽ പെൻഡിംഗായിട്ടുണ്ട്. ലാൻഡ് ട്രിബ്യൂണലുണ്ടാക്കി. 16,000 കേസുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ പെൻഡിംഗുണ്ട്. ദയവായി ഈ കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കണം. അതല്ലെങ്കിൽ ഒരിക്കലും തീരത്തില്ല. അങ്ങ് നേരത്തെ ചെയ്തതു പോലെ എല്ലാ ജില്ലകളിലും ലാൻഡ് ട്രിബ്യൂണലിൽ കേസ് തീർക്കാനുള്ള നടപടി സ്വീകരിക്കണം. കാർഷിക കടാശ്വാസ നിയമവും ഈ സർക്കാർ പാസ്സാക്കി. ഈ സഭയിൽ പറഞ്ഞത്, കാർഷിക കടാശ്വാസ നിയമം പാസ്സാക്കിയാൽ 50 കോടിയിലേറെ രൂപ ഗവണ്മെന്റ് കടാശ്വാസമായി നൽകേണ്ടിവരുമെന്നായിരുന്നു. ഞങ്ങൾ പറഞ്ഞത്, ലിമിറ്റ് ചെയ്യാൻ പാടില്ല. അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി പറഞ്ഞത് 50 കോടി രൂപ ഒന്നാം ഘട്ടമായി മാറ്റിവയ്ക്കുന്നു. പണം കൂടുതലായി വേണമെങ്കിൽ നൽകാൻ തയ്യാറാകും. ആറ് മാസം മുമ്പ് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഒരു കോൺഫറൻസിൽ പറഞ്ഞത് കടാശ്വാസ നിയമപ്രകാരം നൽകിയത് 19 കോടി രൂപയെന്നാണ്. ക്ലെയിമുണ്ടായത് 19 കോടി രൂപയ്ക്കാണ്. ഈ സഭ പാസ്സാക്കിയ നിയമത്തിന്റെ വ്യവസ്ഥകൾ പാലിച്ചെങ്കിൽ 70 കോടിയോളം രൂപ വേണ്ടി വരുമായിരുന്നു. ദേവൻ കനിഞ്ഞാലും പൂജാരി കനിയില്ല. ഉദ്യോഗസ്ഥന്മാർ നോക്കുന്നത് എങ്ങനെ നിയമങ്ങൾ ഏറ്റവും മോശമായ രീതിയിൽ നടപ്പിലാക്കാം എങ്ങനെ ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കാം, എങ്ങനെ നിയമം ദുർവ്യാഖ്യാനം ചെയ്യാം. എന്നൊക്കെയാണ്. കടാശ്വാസത്തിന്റെ പ്രയോജനം കർഷകർക്ക് കിട്ടിയിട്ടില്ല. അതുകൊണ്ട് സമഗ്രമായ കടാശ്വാസ നിയമം നടപ്പിലാക്കണം. കാർഷിക രംഗത്ത് മെച്ചപ്പെട്ട സാഹചര്യങ്ങളുണ്ട്. ഇപ്പോഴും കാർഷിക രംഗത്ത് പല വിളകളുടെയും തകർച്ചയിൽനിന്നും കർഷകർക്ക് മോചനം ഉണ്ടാകണം. നാശനഷ്ടങ്ങൾ ഉണ്ടായാൽ കർഷകർക്ക് കിട്ടുന്ന സഹായം നാമമാത്രമാണ്. വാഴയ്ക്ക് 10 രൂപ കൊടുക്കും. അതിനുള്ള ചെലവുമായി യാതൊരു ബന്ധവുമില്ല. നാമമാത്രമായ സഹായം കർഷകർക്ക് ഒരിക്കലും ഗുണകരമല്ല. ഇൻഷ്വറൻസ് കവറേജില്ലാത്ത മേഖലയില്ല. വാഹനാപകടത്തിന് ഇൻഷ്വറൻസ് കവറേജുണ്ട്. കൃഷിക്കാർക്ക് മാത്രം ആനുകൂല്യമില്ല. അങ്ങ് മുൻകൈ എടുത്ത് സമഗ്രമായ കാർഷിക വിള ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കണം. കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം നാമമാത്രമായ സഹായങ്ങൾ ഒരിക്കലും ഗുണപരമായ കാര്യമല്ല. അതുകൊണ്ട് ജൂൺ മാസത്തിൽ സഭ ചേരുമ്പോൾ സമഗ്രമായ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കണം. മറ്റൊരു കാര്യം ഇവിടെ പറഞ്ഞത് താലൂക്ക് സഭകളെക്കുറിച്ചാണ്. താലൂക്ക് സഭകൾ ഇന്ന് കേവലം നോക്കുകുത്തികളാണ്. ഒരിടത്തും വിളിച്ചുകൂട്ടുന്നില്ല. തീർച്ചയായിട്ടും താലൂക്ക് സഭകൾക്ക് സ്റ്റാറ്റ്യൂട്ടറി സ്വഭാവമുണ്ടാകണം. അങ്ങനെയൊരു സ്വഭാവമുണ്ടായാൽ ജനപ്രതിനിധികൾക്കും രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്കും പങ്കാളിത്തമുണ്ടാകും. തീർച്ചയായും ധാരാളം ജനകീയ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ആ ഒരു നിയമം കൊണ്ടുവരണം. അതുപോലെ പല ജില്ലകളിലും ഡി.ഡി.സി. യോഗം ചേരുന്നില്ല. എം.എൽ.എ.-മാരെ സംബന്ധിച്ചിടത്തോളം ജില്ലകളിലെ കാര്യങ്ങളിൽ പൊതുവായ പങ്കാളിത്തമുണ്ടാകുന്ന ഏകവേദി ഡി.ഡി.സി. ആണ്. ജില്ലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള ഫോറമാണത്. ചില ജില്ലകളിൽ അപൂർവ്വമായി വല്ലപ്പോഴും ചേരുന്നു. ആ രീതി

LIBRARY ARCHIVES Kerala Legislative Assembly

മാറ്റി എം.എൽ.എ.-മാർക്ക് പങ്കാളിത്തമുള്ള ജില്ലാ വികസന സമിതികൾ എല്ലാ മാസവും യോഗം ചേരാനുള്ള നിർദ്ദേശം കൊടുക്കണം. അതുപോലെ നമ്മുടെ ഹൗസിംഗ് ബോർഡിന്റെ കാര്യം, ഹൗസിംഗ് ബോർഡ് നടപ്പിലാക്കിയ പദ്ധതികളിൽ, ഇന്ന് ഏതാണ്ട് അഞ്ചര ലക്ഷം വീടുകളെങ്കിലും ആവശ്യമാണെന്നാണ് പറയുന്നത്. സമൂഹത്തിലെ ദുർബല വിഭാഗത്തിന് ഏതാണ്ട് അഞ്ചര ലക്ഷം വീടുകൾ ആവശ്യമായിരിക്കുന്നു. നേരത്തെ ലക്ഷം വീട് പദ്ധതി നടപ്പിലാക്കി. ലക്ഷംവീട് ഇപ്പോൾ ഏതാണ്ട് ഉപയോഗശൂന്യമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഹൗസിംഗ് ബോർഡിന്റെ പ്രയോറിറ്റി thrust area തീർച്ചയായും weaker section-ലുള്ളവർക്കുള്ള പദ്ധതിയായിരിക്കണം.

ശ്രീ. കെ. പി. മോഹനൻ: അങ്ങ് ലക്ഷംവീട് ഉപയോഗശൂന്യമാണെന്ന് പറഞ്ഞു. ഉപയോഗശൂന്യമല്ല. എന്റെ മണ്ഡലത്തിലെ പാട്യം ഗ്രാമപഞ്ചായത്തിൽ ലക്ഷംവീടുകൾ മോഡിഫൈ ചെയ്തു നല്ല വീടുകളാക്കി. പാട്യം പഞ്ചായത്തിന്റെ സഹായത്തോടുകൂടിയാണ് ചെയ്യുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: ലക്ഷംവീടുകളുടെ കൺസെപ്റ്റ് മാറിയിരിക്കുന്നു. നേരത്തെ ലക്ഷംവീടുകൾ രണ്ട് വീട് ചേർത്ത് ഒരു വീടാക്കി. ഇന്ന് അത് ആരും പ്രിഫർ ചെയ്യുന്നില്ല. എല്ലാവർക്കും പ്രൈവസി വേണം. അതുകൊണ്ട് ആ രണ്ട് വീടുകൾ ഒറ്റവീടായി സമയബന്ധിതമായി മാറ്റണം. രണ്ടാമത് പഞ്ചായത്തുകളുടെ സഹായം തേടി തന്നെ, ബ്ലോക്ക് പഞ്ചായത്താണെങ്കിലും, ഗ്രാമപഞ്ചായത്താണെങ്കിലും, സഹായം തേടി ഈ വീടുകളുടെ നവീകരണം നടപ്പിലാക്കണം. ലക്ഷംവീടുകളിൽ ആവശ്യമായ സൗകര്യങ്ങളുണ്ടാക്കണം. ഹൗസിംഗ് ബോർഡിന്റെ പ്രയോറിറ്റി സമ്പന്ന വിഭാഗത്തിലുള്ള ഹൗസിംഗ് സ്കീം ആകാൻ പാടില്ല. ഹൗസിംഗ് ബോർഡിന്റെ പ്രയോറിറ്റി എപ്പോഴും സമൂഹത്തിലെ വീക്കർ സെക്ഷന് വേണ്ടിയുള്ള നിർമ്മാണ പദ്ധതികൾക്കായിരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഹൗസിംഗ് ബോർഡിനെപ്പറ്റി കോൺഗ്രസിന്റെ പ്രധാനപ്പെട്ട ലീഡറാണല്ലോ സംസാരിക്കുന്നത്. റാലിയിൽ പങ്കെടുക്കുന്ന എല്ലാ ബോർഡുകളിലും കോർപ്പറേഷനുകളിലുമുള്ള ആളുകളെ മാറ്റിക്കൊണ്ടിരിക്കുകയാണ്. പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാൻ ശ്രീ. വി. രാമചന്ദ്രൻ ആന്റണി ഗ്രൂപ്പുകാരനായതുകൊണ്ടാണോ അദ്ദേഹത്തെ മാറ്റി ശ്രീ. സി. വി. പത്മരാജനെ പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനാക്കാൻ നിങ്ങൾ തീരുമാനിച്ചത്?

ശ്രീ. കെ. സി. ജോസഫ്: അതൊന്നും ഡിമാന്റിലെ കാര്യമല്ലല്ലോ?

ശ്രീ. കെ. ബാബു: ഭരണപരിഷ്കാര കമ്മീഷന്റെ സെക്രട്ടറിയായി ശ്രീ. വി. ഐ തങ്കപ്പനെ നിയമിച്ച മാർക്സിസ്റ്റ് പാർട്ടിക്ക് ഇക്കാര്യം പറയാൻ ധാർമ്മികമായ എന്തെങ്കിലും അവകാശമുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: ഇവിടെ ഹൗസിംഗ് ബോർഡിന്റെ കാര്യം പറഞ്ഞു, ഹൗസിംഗ് ബോർഡിന്റെ thrust എപ്പോഴും വീക്കർ സെക്ഷനുവേണ്ടിയുള്ള പദ്ധതികളായിരിക്കണം. അഞ്ചര ലക്ഷം വീടുകൾ ഉണ്ടാക്കാനാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളുണ്ടാകണം. അതുപോലെതന്നെ ലക്ഷംവീടുകൾ നവീകരിക്കണം. മറ്റൊരു കാര്യം, കാർഷിക മേഖലയിൽ പ്രയാസങ്ങളുണ്ടായപ്പോൾ ഗവൺമെന്റ് ഒരു ആനുകൂല്യം പ്രഖ്യാപിച്ചു. 29-12-2001 വരെ കടമെടുത്തിട്ടുള്ള കൃഷിക്കാർക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചു. ആ പ്രഖ്യാപനം നടപ്പിലാക്കാൻ ചില ഉദ്യോഗസ്ഥൻമാർ താൽപ്പര്യം കാണിച്ചില്ല. ഗവൺമെന്റ് പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ പരമാവധി നൽകാതിരിക്കാനാണ് അവർ ശ്രമിക്കുന്നത്. ഗവൺമെന്റ് പ്രഖ്യാപിച്ച കാർഷികമേഖലയ്ക്കുള്ള മൊറട്ടോറിയം അടക്കം ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണം. തീർച്ചയായിട്ടും കേരളത്തിന്റെ ഭരണത്തിന്റെ മുഖമുദ്ര റവന്യൂ വകുപ്പാണ്. സമഗ്രമായ പുനഃസംഘടനയിലൂടെ സാധാരണക്കാരന്റെ ആവശ്യങ്ങളിൽ പ്രതികരിക്കുന്ന ഒന്നായി റവന്യൂ വകുപ്പിനെ മാറ്റാനുള്ള മാണി സാറിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ഡിമാന്റുകളെ അനുകൂലിക്കുന്നു.

[അദ്ധ്യക്ഷ വേദിയിൽ മിസ്റ്റർ സ്പീക്കർ]

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സംസ്ഥാനത്തെ ജനങ്ങളുമായി ഏറ്റവും അധികം ബന്ധപ്പെടുന്ന ഭൂനികുതി, ജില്ലാഭരണം, ഭവനനിർമ്മാണം, പ്രകൃതിക്ഷോഭം, ദുരിതാശ്വാസം എന്നീ വകുപ്പുകളിലേക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി കൊണ്ടുവന്നിട്ടുള്ള ധനാഭ്യർത്ഥനകളെ ഇവിടെ ചർച്ച ചെയ്ത മഹാഭൂരിപക്ഷം ആളുകളും ആ വകുപ്പിനെതിരായിട്ടുള്ള, അതിനകത്ത് നടക്കുന്ന പ്രവർത്തനങ്ങൾക്ക് എതിരായിട്ടുള്ള ഒരു പൊതുവികാരം എന്നുള്ള നിലയിലാണ് ചർച്ചയിൽ പങ്കെടുത്തിട്ടുള്ളത്. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ വകുപ്പിനെതിരായി രൂക്ഷമായ വിമർശനം ചർച്ചയിൽ ഉയർന്നുവന്നിട്ടുണ്ട്. അത് ശ്രീ. ജോണി നെല്ലൂരിന്റെ ഭാഗത്തുനിന്നായാലും ഡോ. എം. എ. കുട്ടപ്പന്റെ ഭാഗത്തുനിന്നായാലും പ്രതിപക്ഷ സ്വരത്തിൽ വിമർശനം ഉയർന്നുവന്നിട്ടുണ്ടെങ്കിൽ തീർച്ചയായും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ വകുപ്പിൽ പണ്ട് ആരോ പറഞ്ഞതുപോലെ ഡെൻമാർക്കിൽ എന്തോ ചീഞ്ഞുനാറുന്നു എന്ന പഴമൊല്ലിനെ ഒന്ന് പരിശോധിക്കാൻ, ഉള്ള കുറവുകൾ കണ്ടെത്തി തിരുത്താനാവശ്യമായ ജാഗ്രത കാണിക്കണം. അദ്ധ്വാനവർഗ്ഗ സൂര്യന്, അതിന്റെ തേജസിന് എന്തെങ്കിലും മങ്ങൽ ഉണ്ടാകരുത് എന്നുള്ള സദുദ്ദേശത്തോടുകൂടിയാണ് ഞാൻ ഇത് പറയുന്നത്. തീർച്ചയായും അത് അദ്ദേഹം പരിഗണിക്കുമെന്ന് ഞാൻ കരുതുകയാണ്. ഇവിടെ സാധാരണക്കാരന് ഭൂമി ലഭിക്കാതിരിക്കാൻ ഇടയാക്കുന്ന ചില നിയമനിർമ്മാണങ്ങളെ സംബന്ധിച്ച് പറഞ്ഞു. വൻകിടക്കാരെ സഹായിക്കുന്നതിന് ചില നടപടികൾ പല വഴികളിലൂടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വൻകിട തോട്ടങ്ങളുടെ 5 ശതമാനം വരുന്ന ഭൂമി ചില പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി വകമാറ്റി വിനിയോഗിക്കാമെന്നുള്ള നിലയിൽ ഒരു നിർദ്ദേശമുണ്ട്. കേന്ദ്ര ഭൂപരിഷ്കരണ നിയമത്തെപ്പോലും ലംഘിച്ചുകൊണ്ടാണ് അങ്ങനെയൊരു നീക്കം

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്നത്. അതിന്റെ ഭാഗമായി കേരളത്തിൽ പതിനായിരം കോടി രൂപയുടെ ഭൂമിയെങ്കിലും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ, ദേശീയ സംസ്ഥാന പാതയോരങ്ങളിലെല്ലാം അനധികൃതമായി വിൽക്കുന്ന ഒരു പ്രക്രിയ സജീവമായി നടന്നുകൊണ്ടിരിക്കുകയാണ് എന്നുള്ളത് ഒട്ടും ആശാസ്യമായ സംഗതിയല്ല. അത്തരം കാര്യങ്ങളിൽ വളരെ ശ്രദ്ധേയമായ പരിശോധന വേണ്ടതാണ്. മറ്റൊന്ന്, റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് ഇക്കഴിഞ്ഞ രണ്ട് കൊല്ലമായി 41 കോടി രൂപയുടെ വരവുണ്ടായിട്ടുണ്ട്. എന്നാൽ റിവർ മാനേജ്മെന്റ് ഫണ്ട് ഏത് ലക്ഷ്യത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് രൂപീകരിച്ചത്? മണൽവാരൽമൂലമുണ്ടാകുന്ന പുഴയുടെ കരയിടിച്ചിൽ തടയുന്നതിനും അത് സംരക്ഷിക്കുന്നതിനുമാവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിന് വേണ്ടിയാണ് റിവർ മാനേജ്മെന്റ് ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. ആ ഫണ്ട് വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് ശ്രീ. ടി. എം. ജേക്കബും ബഹുമാനപ്പെട്ട മാണി സാറും തമ്മിൽ ശക്തമായ തർക്കങ്ങളുണ്ടായിരുന്നു. അന്ന് മാണി സാറിനെ ഒന്ന് തട്ടിനോക്കുന്നതിന് ഈ സഭയിലുൾപ്പെടെ ശ്രീ. ടി. എം. ജേക്കബ് ശ്രമിച്ചത് നമ്മളാരും മറന്നിട്ടില്ല. എന്നാൽ അന്ന് മാണി സാറിന്റെ കൂടെ താൽപ്പര്യപ്രകാരമാണ് പിന്നീട് യു.ഡി.എഫ്-ന് അകത്ത് സുനാമി വീശിയപ്പോൾ ജേക്കബിന്റെ കസേര പോയത്. ഇന്നിപ്പോൾ മാണി സാറിനോട് മുട്ടാൻ തയ്യാറുള്ള ഒരു മന്ത്രിയല്ല ജലവിഭവ വകുപ്പ് കൈകാര്യം ചെയ്യുന്നത്. എന്നിട്ടുപോലും റിവർ മാനേജ്മെന്റ് ഫണ്ട് ഏത് ഉദ്ദേശ്യത്തോടെയാണ് രൂപീകരിച്ചത് ആ ഉദ്ദേശ്യത്തിന് വേണ്ടി ഒരൊറ്റ നയാപൈസ പോലും അതിൽ നിന്നും ചെലവഴിച്ചിട്ടില്ല എന്നുള്ളത് നമ്മൾ പരിശോധിക്കേണ്ട സംഗതിയാണ്. എന്നാൽ റിവർ മാനേജ്മെന്റ് ഫണ്ട് പെട്രോൾ അടിക്കുന്നതിനും അതുപോലെതന്നെ അതുമായി ബന്ധപ്പെട്ട ഫോമുകൾ പ്രിന്റ് ചെയ്യുന്നതിനുമെല്ലാം വകമാറ്റി ചെലവഴിച്ചു എന്നുള്ളത് അദ്ദേഹം തന്നെ നിയമസഭയിൽ രേഖാമൂലം തന്ന മറുപടിയിൽ സൂചിപ്പിക്കുന്നുണ്ട്. അപ്പോൾ വകമാറ്റി ചെലവഴിക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന കാര്യങ്ങൾ ശക്തമായ പരിശോധനയ്ക്ക് വിധേയമാക്കണം. പാട്ടകുടിശ്ശിക റദ്ദാക്കിയത് സംബന്ധിച്ച് ശ്രീ. ജോസഫ് എം. പുതുശ്ശേരി പറഞ്ഞു. അന്ന് പറഞ്ഞത് വലിയ തുക കുടിശ്ശികയായി നിൽക്കുന്നതുകൊണ്ട് അടയ്ക്കാൻ ആളുകൾ വൈമനസ്യം കാണിക്കുകയാണ് എന്നാണ്. അതുകൊണ്ട് ആ തുക കുറച്ച് കൊടുത്താൽ ആളുകൾ അടയ്ക്കുമെന്ന് പറഞ്ഞത് സദുദ്ദേശപരമായി പറഞ്ഞതാണ് എന്നാണ് എല്ലാവരും കരുതിയത്. ഏകദേശം 100 കോടി രൂപയാണ് കേരളത്തിന്റെ ഖജനാവിലേക്ക് വരേണ്ടിയിരുന്ന തുക. എന്നാൽ ഇങ്ങനെ 100 കണക്കിന് കോടി രൂപ ഇളവ് ചെയ്ത് കൊടുത്തിട്ടും പാട്ടകുടിശ്ശികയായി സംസ്ഥാന ഗവൺമെന്റിലേക്ക് വരേണ്ട തുക ഇനിയും വന്നിട്ടില്ല എന്നുള്ളത് നിസ്സാരമായ സംഗതിയല്ല. തീർച്ചയായും അത് ഗൗരവതരമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇവിടെ ഭൂമി അനധികൃതമായി കയ്യേറുന്നത്, അവിഹിതമായി പട്ടയം സമ്പാദിക്കുന്നത് എന്നിവയുമായി ബന്ധപ്പെട്ടുള്ള ചില ആക്ഷേപങ്ങൾ ഉയർന്നുവന്നു. ബഹുമാനപ്പെട്ട മാണി സാറിന്റെ പ്രിയപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ശിഷ്യനായിരുന്നല്ലോ ശ്രീ. പി. സി. തോമസ്. അദ്ദേഹം നൽകിയിട്ടുള്ള ഒരു പരാതി അടിസ്ഥാനപ്പെടുത്തിക്കൊണ്ട്, രാജൻ മധേക്കർ ചൂണ്ടിക്കാണിച്ച ചില പരാതികൾ ഉൾപ്പെടെ വച്ചുകൊണ്ട്, ഒരു വിജിലൻസ് കേസ് മൂന്നാറിലെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ തീർച്ചയായും പരിണതപ്രജ്ഞനായ ഒരു മന്ത്രി എന്നുള്ള നിലയിൽ പ്രതിക്കൂട്ടിൽ ആകാതിരിക്കുന്നതിന്, അതുപോലെ ഇതിന് കൂട്ട് നിന്നു എന്ന ആക്ഷേപം വരാതിരിക്കുന്നതിന് തീർച്ചയായും അങ്ങയുടെ ഭാഗത്തുനിന്നു ഇടപെടൽ ഉണ്ടാകണം. ഇതിന് ഒരു കാരണവശാലും കൂട്ട് നിൽക്കാൻ പാടില്ലാത്തതാണ്. ഈ കാര്യങ്ങളിൽ എല്ലാം അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചകൾ എന്താണ് എന്നും ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നുള്ള വീഴ്ച എന്താണെന്നും പരിശോധിച്ച് തിരുത്തുന്നതിനാവശ്യമായ സംവിധാനം ഉണ്ടാകണം. മൂന്നാറിൽ ഇതുപോലെ ചില സ്പെസിഫിക്കായിട്ടുള്ള പ്രശ്നങ്ങൾ വന്നിട്ടുണ്ട്. മൂന്നാർ ടൗണിൽ ഇടക്കാട്ടുക്കുഴിക്കാരുടെ ഒരു ഹോട്ടലുണ്ട്. അദ്ദേഹത്തിനറിയാം എന്നു ഞാൻ കരുതുന്നു. മനോഹരമായ ഒരു അരുവിയുടെ തീരത്താണ് ആ പുറംപോക്ക് ഭൂമി. അത് ഹോട്ടലിന് പതിച്ചുകൊടുത്തു. വിഴിഞ്ഞത്തും ഇതുപോലെ ഒരു ആക്ഷേപം വന്നിട്ടുണ്ട്. തീർച്ചയായും ഇത്തരം ആക്ഷേപങ്ങൾ വരാതിരിക്കാൻ നമ്മുടേതുപോലെ ഒരു സംസ്ഥാനത്ത് പരിമിതമായ ഭൂമി ഒരു കാരണവശാലും ദുരുപയോഗപ്പെടുത്താതിരിക്കാൻ ജാഗ്രത പാലിക്കേണ്ടുന്ന ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഒരു വിട്ടുവീഴ്ചയും അത്തരം പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകാൻ പാടില്ല. ഇത്തരം ആക്ഷേപങ്ങളും വിമർശനങ്ങളും ഗൗരവബുദ്ധിയോടെ പരിശോധിച്ച് കുറവുകൾ പരിഹരിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാകേണ്ടതാണ്.

ശ്രീ. എ. കെ. മണി : ആ ലിസ്റ്റ് വിജിലൻസിന്റെ കൈയിലുണ്ടല്ലോ ആ ഫയൽ എടുക്കാൻ പറയുമോ? അതുകൂടി ആ ഡിമാന്റിൽ പറയാൻ പാടില്ലേ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, ഇത് പരിശോധിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാകണം. എവിടെയാണ് തിരിമറികൾ നടക്കുന്നത് എവിടെയാണ് പോരായ്മകൾ നടക്കുന്നത് ഇത് പരിശോധിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാകണം എന്നുതന്നെയാണ് ഞാൻ ആവശ്യപ്പെടുന്നത്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം നമ്മുടെ സംസ്ഥാനത്തിനകത്ത് പല പ്രദേശങ്ങളിലും പ്രകൃതിക്ഷോഭങ്ങളും ദുരന്തങ്ങളും ഉണ്ടാകുമ്പോൾ അവയെ നേരിടുന്നതിനുള്ള സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. വരൾച്ചയും വെള്ളപ്പൊക്കവും സൃഷ്ടിക്കുന്ന കെടുതികളെ നേരിടുന്നതിനുള്ള ഡിസാസ്റ്റർ മാനേജുമെന്റ് സംവിധാനം ഫലപ്രദമാക്കണം. സുനാമി ഉണ്ടായ പശ്ചാത്തലത്തിൽ, അതുപോലെ ഭീകരമായ ദുരിതങ്ങൾ വിതയ്ക്കുന്ന പ്രകൃതിയുടെ കടന്നാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു പ്രതിരോധ അതോറിറ്റി രൂപീകരിക്കാൻ പോവുകയാണ്. സുനാമി ദുരന്തം ഉണ്ടായ പശ്ചാത്തലത്തിൽ അതിനുവേണ്ടിട്ട് പ്രത്യേകമായി ഒരു മന്ത്രിയും ഒരു വകുപ്പും ഉണ്ടാക്കുമെന്നു നമ്മുടെ ഗവൺമെന്റ് പ്രഖ്യാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഡിസാസ്റ്റർ മാനേജുമെന്റുണ്ടാക്കി. ആദ്യഘട്ടത്തിൽ സുനാമി ദുരന്തവുമായിട്ടുള്ള ഇടപെടലിനെ സംബന്ധിച്ച് പ്രതിപക്ഷത്തുനിന്നു ഒരു ആരോപണവും വന്നില്ല. ഇതുമായി ബന്ധപ്പെട്ട് പ്രത്യേക ചർച്ച നിയമസഭയിൽ നടക്കുന്ന അവസരത്തിൽ ശക്തമായ നിലയിൽത്തന്നെ ഇതിൽ വന്നിട്ടുള്ള കുറവുകൾ ചൂണ്ടിക്കാണിക്കുന്നതിന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നു നടപടികൾ ഉണ്ടായി. അന്ന് ബഹുമാനപ്പെട്ട കെ. എം. മാണി ഇത്തരം വിമർശനങ്ങളെ പാടെ തള്ളിക്കളയുകയും പ്രതിരോധ സംവിധാനവും ജനങ്ങൾക്ക് ആവശ്യമായ മറ്റെല്ലാ സഹായവും എത്തിച്ചുകൊടുക്കുന്ന കാര്യങ്ങളിൽ ഏറ്റവും ഫലപ്രദമായി ഇടപെട്ട ഒരു ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ് എന്ന് വിശദീകരിക്കുകയുണ്ടായി. അങ്ങ് കഴിവുള്ള മന്ത്രിയാണ്. അക്കാര്യത്തിൽ ഞങ്ങൾക്ക് തർക്കമില്ല. ഏറ്റവും അനുഭവപരിചയമുള്ള മന്ത്രിയാണ്. പക്ഷേ ഒരു മന്ത്രിയെന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ അനുഭവവും കഴിവും എത്രകണ്ട് പ്രയോഗിച്ചാലും ഇത്തരം പ്രതിസന്ധിയുണ്ടാകുന്ന അവസരത്തിൽ അതിനെ മറികടക്കാൻ ഈ പ്രവർത്തനം മാത്രം പോരാ. അതിന് ഒരു ടീം വർക്ക് ആവശ്യമാണ്. അങ്ങനെ ഒരു ടീം വർക്ക് ഉണ്ടാക്കി ഇത്തരം പ്രതിസന്ധി ഘട്ടങ്ങളിൽ ഇടപെട്ട് ജനങ്ങൾക്ക് ആവശ്യമായ സഹായം എത്തിച്ചു കൊടുക്കുന്നതിന് നിർബന്ധപൂർവ്വമായി ശ്രമിക്കേണ്ട ഒന്നാം ഘട്ടത്തിൽ ആ ഗവൺമെന്റിന് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞ നേട്ടം പിന്നീടുള്ള പ്രവർത്തനങ്ങളുമായി തട്ടിച്ചു നോക്കുന്ന അവസരത്തിൽ വട്ടപൂജ്യമാണെന്നു പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. മാർച്ച് മാസം 31-ാം തീയതിക്കകം പുനരധിവാസ പ്രവൃത്തികൾ പൂർത്തീകരിക്കുമെന്നല്ലേ പറഞ്ഞത്? പുനരധിവാസ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് ആവശ്യമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അത് പൂർത്തീകരിക്കാൻ ആവശ്യമായ സംവിധാനവും ഉണ്ടാക്കുന്നില്ല. മൂവായിരത്തോളം വീടുകൾ നഷ്ടപ്പെട്ടു. ആ വീടുകൾ ഉണ്ടാക്കുന്നതിനുവേണ്ടി വിവിധ സന്നദ്ധ ഏജൻസികളെ ചുമതലപ്പെടുത്തി. ഞങ്ങൾക്ക് തർക്കമില്ല. മാതാ അമൃതാനന്ദമയി മഠം, കത്തോലിക്ക സഭ അതുപോലെ മറ്റു ചില ഏജൻസികളും തുടങ്ങിയവർ മുന്നോട്ടുവന്നു. കേരളത്തെപ്പോലെ വൈകാരികമായി ചിന്തിക്കുകയും വളരെ പെട്ടെന്നു പൊട്ടിത്തെറിക്കുകയും ചെയ്യുന്ന ഒരു വിഭാഗത്തെ ഈ നാട്ടിലെ മതന്യൂനപക്ഷ വർഗീയതയുടെ ഭൂരിപക്ഷ വർഗീയതയുടെ കൈകളിൽ പാവകളാക്കുന്ന അവസ്ഥയുണ്ടായാൽ കേരള തീരത്ത് സുനാമി വിതച്ചതിനേക്കാൾ വലിയ ദുരന്തം ഇതിന്റെ ഭാഗമായി ഉണ്ടാകുമെന്നുള്ള തിരിച്ചറിവ് നമുക്കുണ്ടാകണം. അത്തരത്തിലേയ്ക്ക് കാര്യങ്ങൾ പോകുന്നത് ശരിയല്ല. മന്ത്രിമാർക്ക് ഉൾപ്പെടെ അത്തരം പ്രദേശങ്ങളിൽ സമാധാനത്തോടെ കടന്നുചെല്ലാൻ സാധിക്കുന്നില്ല. അരാഷ്ട്രീയക്കാരുടെ കൈകളിൽ ഈ പ്രദേശത്തെ ആളുകൾ പെട്ടുപോകുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിയും മന്ത്രിമാരുൾപ്പെടെയുള്ളവരെ തടഞ്ഞുവയ്ക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടാവുകയാണ്. അരാഷ്ട്രീയക്കാരുടെ കൈകളിൽ ഇത്തരം ആളുകൾ ചെന്നുപെട്ടാൽ അപകടകരമായ സ്ഥിതിയുണ്ടാകും. അതുകൊണ്ട് ഇവിടുത്തെ പരിസ്ഥിതിയേയും ജനങ്ങളേയും സംരക്ഷിച്ചുകൊണ്ടായിരിക്കണം പുനരധിവാസ പ്രവർത്തനം നടത്തേണ്ടത്. അവരുടെ സാമൂഹിക

LIBRARY ARCHIVES Kerala Legislative Assembly

യാഥാർത്ഥ്യങ്ങൾ പരിശോധിച്ചുകൊണ്ട് അരാഷ്ട്രീയക്കാരുടെ കൈകളിലേയ്ക്ക് തീവ്രവാദികളുടെ കൈകളിലേയ്ക്ക് ഈ ജനത മാറിപ്പോകാതിരിക്കുന്നതിനാവശ്യമായ ജാഗ്രതയോടുകൂടിയ രാഷ്ട്രീയ ഇടപെടൽ നടത്തിക്കൊണ്ടുള്ള പുനരധിവാസം അല്ലാതെ നടന്നാൽ നമ്മുടെ തീരദേശത്ത് ഇനിയുള്ള കാലം സമാധാനത്തിന്റേതാ യിരിക്കില്ല, അസമാധാനത്തിന്റേതായിരിക്കും എന്ന തിരിച്ചറിവ് ഗവൺമെന്റിനുണ്ടാകണം. ഞാൻ ഒരു കാര്യംകൂടി സൂചിപ്പിക്കുകയാണ്. ഫണ്ട് വകമാറ്റി ചെലവഴിക്കുന്നു ദുരുപയോഗ പ്പെടുത്തുന്നു എന്നു പറഞ്ഞത് ബഹുമാനപ്പെട്ട ലീഡർ ശ്രീ. കെ. കരുണാകരനാണ്. ഇതിൽ എത്ര വസ്തുതയുണ്ടെന്ന് പരിശോധിക്കേണ്ടത് ഗവൺമെന്റാണ്. 246 കോടി രൂപ കേന്ദ്ര ഗവൺമെന്റ് തന്നു. 70 കോടി രൂപകൂടി തരുമെന്നു പറഞ്ഞു. പതിനെട്ടോളം കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പിരിഞ്ഞു കിട്ടി. ഇത്ര തുക ഉണ്ടായിട്ടും അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി കാശു വിനിയോഗിച്ചതിനെസംബന്ധിച്ച് സത്യസന്ധമായ ഒരു സ്റ്റേറ്റുമെന്റ് ഈ സഭയ്ക്ക് മുമ്പാകെ വയ്ക്കാൻ ഇനിയും സർക്കാരിന് സാധിച്ചിട്ടില്ല. എന്തുകൊണ്ട് ഇങ്ങനെയുണ്ടാകുന്നു. ഇതുസംബന്ധിച്ചുള്ള ആക്ഷേപങ്ങളും വിമർശനങ്ങളും ഉയർന്നുവരുന്ന അവസരത്തിൽ സംശയരഹിത മായി മറുപടി പറയാൻ സാധിക്കണം. ഇതുമായി ബന്ധപ്പെട്ട് ചില ആളുകൾ ചില കാര്യങ്ങൾ ചുളുവിൽ തട്ടിയെടുക്കുന്നതിനുവേണ്ടി രാഷ്ട്രീയ കരുനീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് നമ്മൾ പരിശോധിക്കണം.

ശ്രീ. ടി. കെ. ദേവകുമാർ : സർ, സുനാമി ദുരന്തം ഉണ്ടായതിന്റെ തൊട്ടടുത്ത ദിവസംതന്നെ ആലപ്പാട്ടിനും ആറാട്ടുപ്പുഴയ്ക്കും വേണ്ടി രണ്ടു പാക്കേജ് പ്രഖ്യാപി ക്കുവാൻ രണ്ട് ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ വിജ്ഞാപനം വന്നിട്ട് ഇതുവരെ ആ പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല എന്നത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, ഇവിടെ ഡോ. എം. എ. കുട്ടപ്പൻ സംസാരിച്ചപ്പോൾതന്നെ അത് ബോധ്യമായല്ലോ? അദ്ദേഹം പറയുന്നത് എറണാകുളത്ത് ഈ പറയുന്ന കാര്യങ്ങളൊന്നും നടന്നിട്ടില്ല. അതുപോലെ ശ്രീ. ടി. കെ. ദേവകുമാറും മറ്റ് എം.എൽ.എ.-മാരും അവരുടെ പ്രദേശങ്ങളിൽ ഈ പറഞ്ഞ കാര്യങ്ങൾ ഒന്നും നടന്നിട്ടില്ല എന്നാണ് പറഞ്ഞത്. ഇവിടങ്ങളിൽ ഒന്നും പുനരധിവാസം മെച്ചപ്പെടു ത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്താതെയുള്ള അന്തരീക്ഷത്തിലാണോ കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നടക്കുന്നത്? ജനങ്ങളെ ബോധ്യപ്പെടുത്തേണ്ട ബാധ്യത ഗവൺമെന്റിനുണ്ട്. ആ ബാധ്യത ഗവൺമെന്റ് ഫലപ്രദമായി നിർവ്വഹിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥി ക്കാനുള്ളത്. സ്പെസിഫിക്കായി ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കാം. തോട്ടപ്പള്ളി ഹാച്ചറി വർഷങ്ങളായി അടച്ചുപൂട്ടി കിടക്കുകയാണ്. യു.ഡി.എഫ്.-ലെ ഒരു ഭരണ കക്ഷിനേതാവിന്റെ ഹാച്ചറിയാണ്. ആ ഹാച്ചറി സുനാമി ദുരന്തത്തിൽ തകർന്നു പോയതാണെന്നു പറഞ്ഞിട്ട് 45 ലക്ഷം രൂപ സുനാമി ദുരിതാശ്വാസ ഫണ്ടിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

തട്ടിയെടുക്കാൻ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി ഒരു വലിയ നീക്കം നടക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇത് അറിഞ്ഞിട്ടുണ്ടാകുമോയെന്നു എനിക്ക് അറിയില്ല. അറിഞ്ഞിട്ടില്ലെങ്കിൽ ഇത് ഗൗരവത്തിൽ എടുത്ത് ഈ ആക്ഷേപം ശരിയാണെങ്കിൽ ഒരു കാരണവശാലും ഒരു ചില്ലിക്കാശുപോലും ദുരിതം അനുഭവിക്കുന്ന ജനങ്ങൾക്കല്ലാതെ ആർക്കെങ്കിലും തട്ടിയെടുക്കാൻ ആവശ്യമായ ഒരു അവസരവും ഉണ്ടാക്കിക്കൊടുക്കുന്ന നില അങ്ങയുടെ ഭാഗത്തുനിന്നു ഉണ്ടായിക്കൂടാ. അത് തടയാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണം. ഈ പ്രതിസന്ധി വന്ന ഘട്ടത്തിൽ തീരദേശത്ത് താമസിക്കുന്ന മുഴുവൻ ആളുകൾക്കും സൗജന്യ റേഷൻ നൽകുന്നതിന് തീരുമാനിച്ചു. മാർച്ച് മാസം ഏഴാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി കാസർഗോഡ് ജില്ലയിൽ വന്നപ്പോൾ തീരദേശത്ത് താമസിക്കുന്ന ആയിരക്കണക്കിന് ജനങ്ങൾക്ക് സൗജന്യ റേഷൻ നൽകിയതിന്റെ ലക്ഷക്കണക്കിന് രൂപയുടെ കുടിശ്ശിക കൊടുക്കാത്തതിനെക്കുറിച്ച് മുഖ്യമന്ത്രിയോട് റേഷൻ ഡീലർമാർ പരാതി പറഞ്ഞു. നേരത്തെ സൂചിപ്പിച്ചതുപോലെ വരൾച്ച ദുരിതാശ്വാസവുമായി ബന്ധപ്പെട്ടു ചെയ്ത പ്രവൃത്തികളുടെ പണം കൊടുക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിൽ കാസർഗോഡ് കുറവ് വന്നിട്ടുണ്ട്. അത് കൊടുക്കണം. അതുപോലെ തന്നെ സൗജന്യ റേഷനുമായി ബന്ധപ്പെട്ട് ഇനിയും വല്ല കാശും കൊടുക്കാനുണ്ടെങ്കിൽ അത് കൊടുക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണം. കാസർഗോഡ് ജില്ലയോട്, ഞങ്ങൾ സാധാരണ നിലയിൽ പറയാറുള്ളതാണ് ഞങ്ങളെ അവഗണിക്കലും പരിഗണിക്കാതിരിക്കലും ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ഒരു ചെയ്തിയായി മാറിയിരിക്കുകയാണ് എന്ന്. കാസർഗോഡ് ജില്ലയിൽ 2004-ൽ ഉണ്ടായ വെള്ളപ്പൊക്ക ദുരിതത്തിന്റെ ഭാഗമായിട്ട് അഞ്ചുകോടിയിൽ ചില്വാനം രൂപയുടെ നഷ്ടം ഉണ്ടായി. 5,00,17,841 രൂപയുടെ നഷ്ടം ഉണ്ടായപ്പോൾ ഞങ്ങളുടെ ജില്ലയിലാകെ ധനസഹായമായി കൊടുത്തിട്ടുള്ളത് 18,56,025 രൂപ മാത്രമാണ്. വീടുകൾ പൂർണ്ണമായി തകർന്നതിനും ഭാഗികമായി തകർന്ന വീടുകൾ നന്നാക്കുന്നതിനും വൻ തോതിൽ വിള നഷ്ടം ഉണ്ടായ മേഖലയ്ക്ക് മാന്യമായ നിലയിലുള്ള ധനസഹായം നൽകുന്നതിനാവശ്യമായ ഒരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായില്ല. ഇത്തരം കാര്യങ്ങളെ ഫലപ്രദമായ നിലയിൽ പരിശോധിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണം. ഈകാര്യങ്ങളിൽ വിശദമായ ഒരു പരിശോധന നടത്തി അതിലുള്ള കുറവുകൾ കണ്ടെത്തി തിരുത്താൻ ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കണം. സുനാമി ദുരന്തത്തിന് ഇരയായവർക്ക് ലഭ്യമാക്കേണ്ടുന്ന സഹായങ്ങൾ-പല സ്ഥലങ്ങളിലും അതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ശക്തമായി വരുകയാണ്. അത്തരം ആക്ഷേപങ്ങളും വിമർശനങ്ങളും ഒഴിവാക്കുന്നതിനാവശ്യമായ ശക്തമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നു ഉണ്ടാകേണ്ടതുണ്ട്. ആ നിലയിൽ കാര്യങ്ങൾ ചെയ്യാൻ ആവശ്യമായ ഒരു സമീപനം ഗവൺമെൻറ് സ്വീകരിക്കണം. വരൾച്ചയും വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ടുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കാസർഗോഡ് ജില്ലയോട് കാണിക്കുന്ന സമീപനം

LIBRARY ARCHIVES Kerala Legislative Assembly

തിരുത്താൻ സർക്കാർ തയ്യാറാകണം. ഇവിടെ സൂചിപ്പിച്ചല്ലോ തീരദേശത്ത് സർക്കാർ ഇടപെടൽ ഇല്ലാത്തതുകൊണ്ട് അരാഷ്ട്രീയവൽക്കരിക്കുന്ന ഒരു പ്രവർത്തനത്തിന്റെ ഭാഗമായി വൻ തോതിലുള്ള പ്രശ്നങ്ങൾ ഇനിയങ്ങോട്ട് ഉണ്ടാകാൻ പോവുകയാണ് എന്ന്. ആ പ്രശ്നങ്ങളുടെ ഭാഗമല്ലേ നമ്മൾ കണ്ണൂർ കണ്ടത്. എല്ലാ മേഖലകളിലും പൂർണ്ണമായി പരാജയപ്പെട്ട ഗവൺമെന്റിന്റെ വിഹ്വലമായ അവസ്ഥയാണ് നമുക്ക് ഈ സഭയിൽ കാണാൻ കഴിയുന്നത്. ജനങ്ങളുടെ പ്രയാസങ്ങൾ കണ്ടറിഞ്ഞു പരിഹരിക്കുന്നതിന് ആവശ്യമായ ഒരു സംവിധാനം ഉണ്ടാക്കുവാൻ സാധിക്കുന്നില്ല. പല കാര്യങ്ങളിലും ഗവൺമെന്റിന് ഒറ്റക്കെട്ടായി ഒരു നിലപാടെടുക്കുവാൻ സാധിക്കുന്നില്ല. കണ്ണൂർ ജില്ലയിലും കേരളത്തിന്റെ വടക്കൻ മേഖലയിലും സമാധാനമുണ്ടായത്, ഈ ഗവൺമെന്റിന്റെ മെച്ചപ്പെട്ട പോലീസ് നയത്തിന്റെയും രാഷ്ട്രീയ ഇച്ഛാശക്തിയുടേയും ഭാഗമായിട്ടെന്നാണ് ഇതുവരെ പറഞ്ഞിരുന്നത്. ഒരു പകൽ 10.30-ന് ബസ്സിനകത്ത് ഒരു വെട്ട് നടന്നപ്പോൾ ഇതുവരെ കണ്ണൂർ ജില്ല കണ്ടിട്ടില്ലാത്ത, കേരളത്തിന്റെ വടക്കൻ ജില്ല കണ്ടിട്ടില്ലാത്ത തീഷ്ണമായ ദുരന്തത്തിലേയ്ക്ക് ആ പ്രദേശം മാറി. ഇങ്ങനെയുള്ള അക്രമങ്ങൾ ഉണ്ടാകുമ്പോൾ ഇതുവരെ സി. പി. ഐ. (എം.) നെയാണ് പ്രതിക്കൂട്ടിൽ നിർത്തി എല്ലാവരും വിചാരണ ചെയ്യാൻ മുൻകൂട്ടി തയ്യാറായിരുന്നത്. ഈ ആക്ഷേപങ്ങളും വിമർശനങ്ങളുമെല്ലാം ഉയർന്നുവരുന്ന അവസരത്തിൽ ഞങ്ങൾ ശക്തമായിത്തന്നെ പറഞ്ഞിരുന്നു, അവിടെ സമാധാനമുണ്ടാക്കുന്നത് അവിടത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഇച്ഛാശക്തിയുടെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ സ്വീകരിക്കുന്ന ശരിയായ നിലപാടിന്റെ ഭാഗമായിട്ടാണ് എന്ന്. അന്ന് അത് അംഗീകരിക്കുവാൻ കൂട്ടാക്കാത്ത ആളുകൾക്ക് ഇപ്പോൾ ബോധ്യപ്പെട്ടിട്ടുണ്ടാകും. അശരണരായ നിരാലംബരായ ആളുകൾക്ക് എതിരായി തലങ്ങും വിലങ്ങും കടന്നാക്രമണങ്ങളും കയ്യേറ്റങ്ങളും തീവയ്പുകളും നടക്കുമ്പോൾ നിസ്സംഗനായി നില്ക്കുന്ന ഒരു പോലീസിനെയാണ് കണ്ണൂരും കാസർഗോട്ടും കോഴിക്കോടിന്റെ പല ഭാഗങ്ങളിലും നമുക്ക് കാണാൻ സാധിച്ചത്. നിർണ്ണായകമായ പ്രശ്നങ്ങളിൽ ഉചിതമായ സമയത്ത് നിർണ്ണായകമായ തീരുമാനങ്ങൾ എടുക്കുന്നതിന് ഗവൺമെന്റിന് പലപ്പോഴും സാധിക്കാത്ത പിടിപ്പുകെട്ട ഒരു അവസ്ഥയിലേയ്ക്ക് ഗവൺമെന്റിന്റെ എല്ലാ ഭരണ സംവിധാനങ്ങളും പോകുന്നു എന്നുള്ളതാണ് ഇത്തരമൊരു അവസ്ഥ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുന്നതിന് ഇടവരുത്തിയിട്ടുള്ളത്. ഈ കാര്യങ്ങളെ സംബന്ധിച്ച് ഗൗരവതരമായ ഒരു പരിശോധന തീർച്ചയായും നമുക്ക് ആവശ്യമാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വകുപ്പ്, ബഹുമാനപ്പെട്ട മാണിയുടെ നേതൃത്വത്തിലുള്ള ഈ വകുപ്പ് എല്ലാ ജനങ്ങളുമായും ബന്ധപ്പെടുന്ന, എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്യുന്ന ഒരു വകുപ്പായി ഇതിനെ അവർ കാണുകയാണ്. അവരെ വേണ്ടത്ര പരിഗണിക്കുകയോ അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയോ ചെയ്യാതെ മുന്നോട്ടു പോകുന്നത് കേരളംപോലുള്ള ഒരു സംസ്ഥാനത്തിന് ഭൂഷണമല്ല. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ധനാഭ്യർത്ഥനകളുടെ ചർച്ചാവേളയിൽ സഭയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ഉയർന്നുവന്നിരിക്കുന്ന നല്ല നിർദ്ദേശങ്ങൾ ഗവൺമെൻറ് തീർച്ചയായും വളരെ ഗൗരവപൂർവ്വം പരിശോധിക്കുന്നതും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് ഞാൻ ആദ്യമേ ഉറപ്പു നല്കട്ടെ. കാര്യമായ വിമർശനങ്ങൾ ഒന്നും ഉയർന്നു വന്നില്ല എന്നുള്ളതിൽ എനിക്ക് ആശ്വാസമുണ്ട്. പക്ഷേ പൊതുവായിട്ടുള്ള ചില പരാമർശങ്ങളുണ്ട്. പൊതുവായി ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം തീർച്ചയായിട്ടും ഞാൻ മറുപടി പറയാം. എല്ലാവർക്കും അറിയാവുന്നതു പോലെ റവന്യൂ ഡിപ്പാർട്ടുമെന്റ് ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് അല്ല. അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റാണ്. ആ നിലയ്ക്ക് റവന്യൂ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രാധാന്യം ശക്തമാക്കുന്നതിനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. ഞങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യമെന്നു പറയുന്നത് സർക്കാരിന്റെ വരുമാന മാർഗ്ഗം പരിരക്ഷിച്ചു കൊടുക്കുക എന്നുള്ളതാണ്. സർക്കാരിന്റെ വരുമാന മാർഗ്ഗങ്ങൾ പരിരക്ഷിക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം വളരെ താല്പര്യപൂർവ്വം ഗവൺമെന്റ് പ്രവർത്തിക്കുകയുണ്ടായി എന്നുള്ളതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. ഉദാഹരണത്തിന് ഡോ. എം. എ. കുട്ടപ്പൻ തന്നെ ഇവിടെ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി, എൽ. ഡി. എഫ് സർക്കാരിന്റെ ആദ്യത്തെ നാലു വർഷവും ഈ സർക്കാരിന്റെ ആദ്യത്തെ നാലു വർഷവും തമ്മിൽ താരതമ്യപ്പെടുത്തുകയാണെന്നുണ്ടെങ്കിൽ റവന്യൂ റിക്കവറിയെ സംബന്ധിച്ചിടത്തോളം അമ്പത്തിനാലു ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. അതുപോലെ ലാന്റ് റവന്യൂ എന്നു പറഞ്ഞാൽ, റവന്യൂ റിക്കവറി അല്ലാത്ത ലാന്റ് റവന്യൂവിനെ സംബന്ധിച്ചിടത്തോളം എൺപത്തിയെട്ടു ശതമാനം വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞു. ആ നിലയ്ക്ക് നല്ല ഒരു റെക്കോർഡാണ് റവന്യൂ ഡിപ്പാർട്ടുമെന്റിന് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുള്ളത് എന്നുള്ളതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. അതുപോലെതന്നെ ഈ വകുപ്പിന്റെ ഭരണം ഏറ്റെടുത്ത കാലഘട്ടം മുതൽ ഗുഡ് ഗവേണൻസ് എന്നുള്ള ആശയം റവന്യൂ വകുപ്പിന്റെ വിവിധ തലങ്ങളിൽ നടപ്പാക്കുന്നതിനുവേണ്ടിയാണ് ഞാൻ ശ്രദ്ധിച്ചിട്ടുള്ളത്. ഗുഡ് ഗവേണൻസ് ഉണ്ടാകണമെന്നുണ്ടെങ്കിൽ തീർച്ചയായും ഇ-ഗവേണൻസും അതോടൊപ്പം ഉണ്ടാകണം. ഇതു രണ്ടും പൊരുത്തപ്പെടുത്തിക്കൊണ്ടുള്ള പരിഷ്കാരങ്ങൾ റവന്യൂ ഡിപ്പാർട്ടുമെന്റിൽ വരുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി പ്രവർത്തിക്കുകയാണ്.

മി. സ്പീക്കർ : അരുണാചൽ പ്രദേശ് ഡെപ്യൂട്ടി സ്പീക്കർ നമ്മുടെ വി.ഐ.പി. ഗാലറിയിൽ ഉണ്ട്. ഞാൻ അദ്ദേഹത്തെ ഹാർദ്ദമായി സ്വാഗതം ചെയ്യുകയാണ്.

ശ്രീ. കെ. എം. മാണി : ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സാധാരണക്കാർക്കും പാവപ്പെട്ടവർക്കും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്നുള്ളതാണ് പ്രധാനം. പാവപ്പെട്ട ആളുകളുണ്ട്. അവരുടെ കാര്യങ്ങൾ ചുവപ്പുനാടയിൽപ്പെട്ട് തടയാൻ പാടില്ല. അവരുടെ ആവശ്യങ്ങൾ സമയത്ത് നിറവേറ്റിക്കൊടുക്കണം.

2/655/2012—39.

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് മെച്ചപ്പെട്ട സേവനം എത്തിച്ചു കൊടുക്കണമെന്നുള്ളത് ഉറപ്പു വരുത്തണമെന്നുള്ളതാണ് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്ന് എന്ന് എടുത്തു പറയാൻ എനിക്ക് ആഗ്രഹമുണ്ട്. ഇവിടെ ഇ-ഗവേണൻസിനെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു കാര്യം പറയട്ടെ. പാലക്കാട് ജില്ല മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്യുകയുണ്ടായി. അവിടെ എക്വിപ്മെന്റ്സ് മാത്രമേയുള്ളൂ, കുറേയൊക്കെ പ്രവർത്തനമില്ല എന്നു പറഞ്ഞു. എഴുപത്തിയഞ്ചു ശതമാനം പ്രവർത്തനമുണ്ടെങ്കിൽപ്പോലും സാറ്റിസ്ഫൈഡ് ആണ്. ഒരു വ്യവസ്ഥിതിയിൽനിന്നും വേറൊരു വ്യവസ്ഥിതിയിലേയ്ക്കുള്ള മാറ്റമാണ്. പാലക്കാട് ജില്ലാ കളക്ടറേറ്റ് മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്തതിൽ എഴുപത്തിയഞ്ചു ശതമാനം ഇംപ്രൂവ്മെൻറ് ഉണ്ടെങ്കിൽ ഈ ഗവൺമെന്റിന് സംതൃപ്തിയേയുള്ളൂ. ആ നിലയ്ക്കാണ് ഞാൻ അതിനെ Evaluate ചെയ്യാൻ ആഗ്രഹിക്കുന്നത്. നമ്മൾ അതിനെ Evaluate ചെയ്തപ്പോൾ അത് ഒരു വിജയമാണെന്നു കണ്ടതുകൊണ്ട് എം. ജി. പി.-യുടെ സഹായത്തോടു കൂടി മറ്റ് പതിമൂന്നു ജില്ലാ കളക്ടറേറ്റുകളും 2005-06 വർഷത്തിൽത്തന്നെ കമ്പ്യൂട്ടറൈസ് ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. എന്നു മാത്രമല്ല, കഴിഞ്ഞവർഷം അറുപത്തിമൂന്ന് താലൂക്ക് ഓഫീസുകളിലെ ഇരുപത് ഇനം സർട്ടിഫിക്കറ്റുകൾ കമ്പ്യൂട്ടറിൽക്കൂടി നല്കുന്നതിന് നടപടികൾ സ്വീകരിച്ചു. അന്ന് അതൊരു വൻ വിജയമായിരുന്നു. 2005-06-ൽ, സംസ്ഥാനത്തെ അറുപത്തിമൂന്ന് താലൂക്കാഫീസുകളും കംപ്ലീറ്റായി കമ്പ്യൂട്ടറൈസ് ചെയ്യാൻ ഉദ്ദേശിക്കുകയാണ്. വലിയ വിപ്ലവമാണ് വരാൻ പോകുന്നത്. അതു മാത്രമല്ല, റീ-സർവ്വെ പൂർത്തിയാക്കിയ അഞ്ഞൂറ്റിയാറ് വില്ലേജ് ഓഫീസുകൾ കംപ്ലീറ്റായി കമ്പ്യൂട്ടറൈസ് ചെയ്യാൻ പോകുന്നു. ലാന്റ് റെക്കോർഡുകൾ മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്യുകയാണ്. വില്ലേജ് ഓഫീസുകളും താലൂക്ക് ഓഫീസുകളും തമ്മിൽ ഇന്റർ ലിങ്ക് ചെയ്യുകയാണ്. എന്നു മാത്രമല്ല റവന്യൂ ഓഫീസുകൾ മുഴുവൻ ഇന്റർലിങ്ക് ചെയ്തുകൊണ്ട് റവന്യൂ റെക്കോർഡുകൾ മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്യുന്നു എന്നുള്ളത് നമ്മുടെ സംസ്ഥാനത്ത് റവന്യൂ ഭരണത്തിൽ ഉണ്ടാകാൻ പോകുന്ന ഏറ്റവും വലിയ ഒരു മാറ്റമാണ് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അതുമാത്രം ഉണ്ടാക്കിയാൽ മതി. എന്നെ സംബന്ധിച്ചിടത്തോളം വലിയ ഒരു സംതൃപ്തിയാണ്. ഈ കാര്യത്തെ സംബന്ധിച്ച് വലിയ മാറ്റം വരുത്തുവാൻ കഴിയുന്നു എന്നുള്ളതിലുള്ള സംതൃപ്തി തീർച്ചയായിട്ടും ഉണ്ടാകും. സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ വില്ലേജ് താലൂക്ക് ഓഫീസുകളിൽ ബന്ധപ്പെട്ട റവന്യൂ റെക്കോർഡുകൾ അപ്ഡേറ്റ് ചെയ്യപ്പെടും. രജിസ്ട്രാർ ഓഫീസിൽ രജിസ്ട്രേഷൻ നടക്കുന്ന സന്ദർഭത്തിൽത്തന്നെ റവന്യൂ ഓഫീസിൽ തണ്ടപ്പേരിൽ മാറ്റം വരുത്തുകയും പോക്കുവരവ് ചെയ്യപ്പെടുകയും ചെയ്യും. ഇത് വിപ്ലവകരമായ ഒരു മാറ്റമാണ്. അത് കൈവരിക്കാൻ റവന്യൂ വകുപ്പിനു കഴിയുമെന്നാണ് ഞാൻ ആശിക്കുന്നത്. ഏതായാലും 2005-06 വർഷം റവന്യൂ വകുപ്പിനെ സംബന്ധിച്ചിടത്തോളം പ്രധാന വർഷമായിരിക്കും എന്ന് ഞാൻ കരുതുകയാണ്. അസസ്മെന്റിനെ സംബന്ധിച്ചിടത്തോളം, 1-1-1977-നു ശേഷം

LIBRARY ARCHIVES Kerala Legislative Assembly

മലയോര കൃഷിക്കാർക്കു ഇതിനോടകം ആകെ 38,806 കേസുകളിൽ പട്ടയം നല്കിയിട്ടുണ്ട്. ഇനി 6450 കേസുകളിൽ പട്ടയം കൊടുക്കേണ്ടതായിട്ടുണ്ട്. പലരും തറവില അടയ്ക്കുന്നതിൽ വരുത്തിയ കാലവിളംബം കൊണ്ടാണ് പട്ടയം കൊടുക്കാൻ താമസം വരുന്നത്. അല്ലാതെ ഗവൺമെന്റിന്റെ അനവധാനത എന്ന് പറയാൻ കഴിയുകയില്ല. 2005-06-ൽ ഈ 6,450 കേസുകളിലും പട്ടയം നല്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. നൂറു ദിന പരിപാടിയിൽ ഇരുപത്തയ്യായിരം പേർക്ക് പട്ടയം കൊടുക്കാമെന്ന് ഗവൺമെന്റ് പറഞ്ഞു. വലിയ റെക്കോർഡ് അല്ലേ ആ രംഗത്ത് ഉണ്ടായത്? പ്രതിപക്ഷം തീർച്ചയായും ഗവൺമെന്റിനെ അഭിനന്ദിക്കേണ്ടതാണ്. ഇരുപത്തിയേഴായിരത്തി പതിനഞ്ചു പേർക്ക് അസ്സൽ പട്ടയവും കൈവശ രേഖയും കൊടുക്കാൻ കഴിഞ്ഞു എന്നു പറഞ്ഞാൽ വലിയ ഒരു റെക്കോർഡ് ആണ് ആ രംഗത്ത് ഉണ്ടായിരിക്കുന്നത് എന്നു ഞാൻ പ്രത്യേകം എടുത്തു പറയട്ടെ.

<u>ശ്രീ. പി. എസ്. സുപാൽ:</u> സർ, വനം വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി ജോയിന്റ് വെരിഫിക്കേഷൻ നടത്തി വനം മേഖലയിൽ ഉള്ളവർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നിർദ്ദേശമുണ്ട്. ഇതിന് വലിയ കാലതാമസമാണ് നേരിടുന്നത്. അതുകൊണ്ട് വളരെ ഗൗരവമായി ഈ പ്രശ്നം പരിഗണിച്ച് പ്രത്യേകമായി ഒരു യോഗം വിളിച്ചു ചേർത്ത് ഈ കാര്യത്തിൽ അടിയന്തിരമായ തീരുമാനം എടുക്കുന്നതിനും തുടർപ്രവർത്തനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. എം. മാണി:</u> അതിനുള്ള നടപടി സ്വീകരിച്ചു. ഇരുപത്തിയയ്യാ യിരത്തിൽ ചില്വാനം ഹെക്ടറിനു മാത്രമാണ് കേന്ദ്രത്തിൽനിന്നും അനുമതി കിട്ടിയിരിക്കുന്നത്. ഇനിയും കുറേ ഭൂമിക്കു കൂടി കേന്ദ്ര വനം സംരക്ഷണ നിയമപ്രകാരം പട്ടയത്തിനുള്ള അനുമതി വാങ്ങേണ്ടതുണ്ട്. അതിന് ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കി കേന്ദ്ര ഗവൺമെന്റിനെ സമീപിക്കുന്നതാണ്. അപ്പോൾ ബഹുമാന്യനായ മെമ്പർ പറഞ്ഞ ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാകും. അതുപോലെ തന്നെ മറ്റൊരു പ്രശ്നമുണ്ട്. ഫോറസ്റ്റ് ഭൂമിയോട്ചേർന്ന്

2.00 P.M.] ഏതെങ്കിലും തരത്തിലുള്ള ഭൂമി കൈവശമുള്ള കർഷകരെ സംബന്ധിച്ചിട ത്തോളം അവർ അനുഭവിച്ചു വന്ന ഒരു ബുദ്ധിമുട്ട്, ഗവൺമെന്റ് നികുതി സ്വീകരിക്കുന്നില്ല എന്നുള്ളതാണ് ഒരു കാലത്ത് നികുതി എടുത്തതാണ് അത് ഫോറസ്റ്റ് ഭൂമി ആയിരിക്കുമോ എന്ന് സംശയമുള്ളതുകൊണ്ടാണ്. ഒരുപാട് കാലമായി കർഷകരുടെ കൈവശമിരിക്കുന്ന സ്ഥിര ദേഹണ്ഡങ്ങൾ വച്ചുപിടിപ്പിച്ചിരിക്കുന്ന ഭൂമി യിന്മേൽ നികുതി വാങ്ങിക്കൊണ്ടിരുന്നത് നിർത്തൽ ചെയ്തത് തെറ്റായിപ്പോയി എന്ന താണ് ഗവൺമെന്റിന്റെ അഭിപ്രായം. അതുകൊണ്ട് ഗവൺമെന്റ് അതിനുള്ള ജി. ഒ. അടുത്തദിവസം ഇറക്കുന്നതാണ് അതായത്, നികുതി സ്വീകരിച്ചിട്ടുണ്ടെങ്കിൽ തുടർന്നും നികുതി സ്വീകരിക്കാൻ ഗവൺമെന്റ് നിർദ്ദേശം നൽകുകയാണ്. അത് ഫോറസ്റ്റ് ഭൂമിയാണോ എന്നുള്ള സംശയമുണ്ടെങ്കിൽ ജോയിന്റ് വെരിഫിക്കേഷൻ ഉടൻ നടത്തും എന്നിട്ട് ഫോറസ്റ്റ് ഭൂമിയാണെങ്കിൽ ഉടൻ പിടിച്ചെടുക്കുക, അല്ലെങ്കിൽ കൃഷിക്കാർക്ക് ബുദ്ധിമുട്ടില്ലാത്ത നിലയിൽ അത് അനുവദിക്കുന്നതിനുവേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികളെടുക്കുക. മണൽവാരലിനെ സംബന്ധിച്ച് ഒരു കാര്യം ഞാൻ പറയട്ടെ, മണൽ വാരൽ നിയമം വളരെ കർശനമായാണ് ഗവൺമെന്റ് പാലിക്കുന്നത്. എന്ത് നടപടികൾ സ്വീകരിച്ചു എന്നുള്ളതിനെക്കുറിച്ച് ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. തിരുവനന്തപുരത്ത് 1887 കേസ്സുകളും കൊല്ലത്ത് 736 കേസ്സുകളും ആലപ്പുഴയിൽ 119 കേസ്സുകളും കോട്ടയത്ത് 226 കേസ്സുകളും ഇടുക്കിയിൽ 88 കേസ്സുകളും എറണാകുളത്ത് 315 കേസ്സുകളും തൃശ്ശൂരിൽ 112 കേസ്സുകളും പാലക്കാട്ട് 240 കേസ്സുകളും മലപ്പുറത്ത് 912 കേസ്സുകളും പത്തനംതിട്ടയിൽ 637 കേസ്സുകളും രജിസ്റ്റർ ചെയ്തു. ഏതാണ്ട് 20 കോടി രൂപ ഫൈൻ ഈടാക്കി. മണൽ മാഫിയയെക്കുറിച്ച് ഇവിടെ പറഞ്ഞു. വാസ്തവത്തിൽ മണൽ മാഫിയ ശക്തമാണ്. ഈ മാഫിയായെ നേരിടാൻ റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് ജീവഭയംപോലും ഉണ്ട്. ഇത്രയും കേസ്സുകൾ രജിസ്റ്റർ ചെയ്ത് ഫൈനിട്ടു എന്നുപറഞ്ഞാൽ എത്രമാത്രം വലിയ പെർഫോമൻസ് ആ രംഗത്ത് കാഴചവയ്ക്കാൻ കഴിഞ്ഞു എന്ന് ഓർത്തുപോകയാണ്. സംസ്ഥാനമൊട്ടാകെ കയ്യേറ്റം നടക്കുകയാണ് എന്ന് ശ്രീ. രാജു എബ്രഹാം പറഞ്ഞു. ഇങ്ങനെ ജനറലൈസ് ചെയ്ത് പറഞ്ഞിട്ട് കാര്യമില്ല. Land Tenancy Act അനുസരിച്ച് റവന്യൂവിനാണ് ഈ ഭൂമി മുഴുവൻ സംരക്ഷിക്കേണ്ട ചുമതല. പക്ഷേ പുഴപ്പുറമ്പോക്ക്, ആറ്റുപുറമ്പോക്ക്, തോട്ടുപുറമ്പോക്ക് കയ്യേറ്റങ്ങളെ സംബന്ധിച്ചിടത്തോളം ലോക്കൽ സെൽഫ് ഗവൺമെന്റാണ് നടപടിയെടുക്കുന്നത്. കുറെ ഭൂമി പബ്ലിക് സേക്ടേഴ്സിന് കൊടുത്തിട്ടുണ്ട്. അവിടെ കയ്യേറ്റം ഉണ്ടായാൽ അവരാണ് നടപടിയെടുക്കേണ്ടത്. അവർ പോലീസിലും ഗവൺമെന്റിലും റിപ്പോർട്ട് ചെയ്യണം. എവിടെയെങ്കിലും കയ്യേറ്റ മുണ്ടായാൽ ഉടൻ റവന്യൂ വകുപ്പ് എന്നുപറഞ്ഞു പൊതുവായ വിമർശനം നടത്തുന്ന തിൽ അർത്ഥമില്ല. യു. ഡി. എഫ്. അധികാരത്തിൽ വന്നതിനുശേഷം 14,063 കേസ്സു കൾ രജിസ്റ്റർ ചെയ്തു. 10,034 കേസ്സുകൾ ഒഴിപ്പിക്കാൻ ഉത്തരവ് കൊടുക്കുകയും ചെയ്തു. 6005 കേസ്സുകൾ ഒഴിപ്പിച്ചിട്ടുണ്ട്. 4029 കേസ്സുകൾ വിവിധ ഘട്ടങ്ങളിൽ ഇരി ക്കുകയാണ്. ഈ ഫിഗേഴ്സ് തന്നെ തെളിയിക്കുന്നത് റവന്യൂ ഡിപ്പാർട്ടുമെന്റിൽ യാതൊരു അനാസ്ഥയും ഇല്ലെന്നതാണ്. എവിടെ കയ്യേറ്റം റിപ്പോർട്ട് ചെയ്യുന്നുവോ അവിടെ ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഭരണകക്ഷിയിലെയും പ്രതിപക്ഷത്തേയും അംഗങ്ങൾ മണൽ മാഫിയയെക്കുറിച്ച് സംസാരിച്ചു. റവന്യൂ ഡിപ്പാർട്ടുമെന്റും ഗവൺമെന്റും നിരവധി കേസ്സുകളെടുക്കുകയും മണൽ പിടിച്ചെടുക്കുകയും അതിന് 20 കോടിയോളം രൂപ ഫൈനിടുകയും ചെയ്തു. ഈ സംസ്ഥാനത്ത് നടക്കുന്ന കൺസ്ട്രക്ഷൻ വർക്കുകൾക്കുള്ള മണൽ നമുക്ക് ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. മണൽ ഇല്ലാത്ത സാഹചര്യത്തിൽ കൺസ്ട്രക്ഷൻ വർക്ക് നടത്താൻ മണലോ അതിന് പകരമോ ഉള്ള സംവിധാനത്തെ കുറിച്ച് ഒരു തീരുമാനമെടുക്കാത്തിടത്തോളം കാലം യാതൊരു നിയന്ത്രണവുമില്ലാതെ ആളുകൾക്ക് മണൽ വാരേണ്ടി വരും. അതിന് ആരേയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഇതിനുപകരം എന്താണെന്നുള്ളതെന്ന് ഗവൺമെന്റ് തീരുമാനിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ കെ. എം. മാണി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒരു വലിയ കാര്യമാണ്. ഇതിനുവേണ്ടി കടലിൽനിന്ന് മണൽ വാരി ശുദ്ധീകരിക്കാൻ തീരുമാനിച്ചതാണ്. അപ്പോൾ അത് പരിസ്ഥിതിയെ ബാധിക്കുമെന്നു പറഞ്ഞ് പ്രക്ഷോഭമായി. അങ്ങനെ അത് നിർത്തിവച്ചു. ഇതിന് ആൾട്ടർനേറ്റീവായി പാറപ്പൊടി ഉപയോഗിക്കാൻ ഉദ്ദേശിക്കുകയാണ്. അതിന് കളക്ടർമാർക്കും നിർമ്മിതിക്കും എഴുതിയിട്ടുണ്ട്. അവയ്ലബിളായിട്ടുള്ള റവന്യൂ ഭൂമിയിൽ ക്വാറികൾ തുടങ്ങി. റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചു പാറപ്പൊടിയുണ്ടാക്കുന്നതിനുള്ള നടപടികളിലേക്ക് കടക്കുകയാണ്. തീർച്ചയായും ഈ വർഷം മണലിനു പകരമുള്ള മെറ്റീരിയൽ പ്രത്യേകിച്ച് പാറപ്പൊടി വ്യാപകമാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അതിനുള്ള സംവിധാനം ഗവൺമെന്റ് കൊണ്ടുവരുന്നതാണ്. കണ്ണൻ ദേവൻ കമ്പനിയുടെ കേസ് എന്താണെന്ന് ചോദിച്ചാൽ 1977-ൽ ആദ്യം ഒരു നിയമം കൊണ്ടുവന്നു. എന്നിട്ട് കൃഷി ചെയ്ത ഭൂമി മുഴുവൻ ഗവൺമെന്റിന്റേതായി നിക്ഷിപ്തമാക്കി. അതു കഴിഞ്ഞ് അവർക്ക് ആവശ്യമുള്ള ഭൂമി വിട്ടുകൊടുത്തു. അതിനെ സംബന്ധിച്ചിടത്തോളം തർക്കം ഉണ്ടായില്ല. ഹൈക്കോടതി ലാൻഡ് ബോർഡിന് റഫർ ചെയ്തു. ലാൻഡ് ബോർഡ് അവാർഡ് കൊടുത്തിട്ടുണ്ട്. ആ അവാർഡിലെ ഫിഗർ അനുസരിച്ച് പ്ലാന്റേഷൻ മേഖലയായി ടാറ്റായ്ക്ക് ആദ്യം കൊടുത്തത് 34,120 ഏക്കറാണ്. രണ്ടാമത് ഗവൺമെന്റ് അവരുടെ ആൻസിലിയറി ഉപയോഗത്തിനും എക്സ്പാൻഷനുവേണ്ടി കൊടുത്തത് 23,239 ഏക്കറാണ്. ഇത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. അങ്ങനെ 57,359 ഏക്കറാണ് ടാറ്റായ്ക്ക് കൊടുത്തത്. പക്ഷേ അവർ അതിൽനിന്ന് കുറെ ഭൂമി അന്യാധീനപ്പെടുത്തുകയാണുണ്ടായത്. അതിന് മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ ആർ.ഡി.ഒ. നടപടി എടുത്തപ്പോൾ ടാറ്റാ കോടതിയിൽ പോയി. കോടതി സ്റ്റേ കൊടുത്തു. എന്നിട്ട് ലാൻഡ് ബോർഡിനോട് പരിശോധിക്കാൻ പറഞ്ഞു. നിങ്ങളുടെ കാലത്ത് ലാൻഡ് ബോർഡ് പറഞ്ഞത് എന്താണെന്നുവച്ചാൽ പാട്ടക്കാരന് കിട്ടിയ ഭൂമി വീണ്ടും അവർക്ക് ഇഷ്ടമുള്ളവർക്ക് കൊടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട് എന്നാണ്. അതിനെതിരെ ഒരു ചെറുവിരൽപോലും അനക്കാൻ എൽ.ഡി.എഫ്.-ന് കഴിഞ്ഞിട്ടില്ല. അവരാണ് ഇപ്പോൾ ഞങ്ങളെ നോക്കി ടാറ്റയുടെ ഭൂമി അന്യാധീനപ്പെടുത്തുന്നു. ഗവൺമെന്റ് അതിനെതിരെ നടപടി എടുത്തില്ല എന്നൊക്കെ പറയുന്നത്. ഗവൺമെന്റ് വളരെ പ്രശസ്തമായ നിലയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ടാറ്റാ അന്യാധീനപ്പെടുത്തിയ ഭൂമി മുഴുവൻ പിടിച്ചെടുക്കുന്നതിനുള്ള ബില്ലിന് 2004-ൽ രൂപം കൊടുത്തതാണ്. അത് കേന്ദ്രത്തിന്റെ അംഗീകാരത്തിനായി അയച്ചപ്പോൾ അവർ അതിൽ ക്വറി ഇട്ട്. അതിന് മറുപടിയും കൊടുത്തു കേന്ദ്ര ഗവൺമെന്റ് പറഞ്ഞ ചില കാര്യങ്ങളൊക്കെ ഞങ്ങൾ സമ്മതിച്ചു. അവസാനം കേന്ദ്രത്തിൽ നിന്ന് ചില നിർദ്ദേശങ്ങൾ വന്നു. ആ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബില്ലിന് അന്തിമരൂപം കൊടുത്തുകൊണ്ട് കാബിനറ്റിന്റെ അംഗീകാരത്തിന് പോവുകയാണ്. ആ ബിൽ യു.ഡി.എഫ്. മന്ത്രിസഭ അംഗീകരിച്ചു കഴിഞ്ഞാൽ ടാറ്റാ അന്യാധീനപ്പെടുത്തിയ മുഴുവൻ ഭൂമിയും പിടിച്ചെടുത്തു കർഷകർക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് ഞാൻ പറയുകയാണ്. ടാറ്റാ അല്ല എത്ര വലിയ സാമ്പത്തിക ശക്തിയായാലും

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ ഭൂമി അവരുടെ കൈവശമുണ്ടെങ്കിൽ അത് പിടിച്ചെടുക്കുമെന്നതിൽ യാതൊരു സന്ദേഹവുമില്ല. ബഹുമാന്യനായ പി. സി. ജോർജ് റിട്ടയർ ചെയ്ത ചില ഉദ്യോഗസ്ഥന്മാരെ സസ്പെൻഡ് ചെയ്തു എന്നുപറഞ്ഞു. റിട്ടയർ ചെയ്ത ആരേയും സസ്പെൻഡ് ചെയ്തുകൊണ്ട് ഗവൺമെന്റ് ഉത്തരവ് ഇറക്കിയിട്ടില്ല. പക്ഷേ പത്രത്തിൽ ഒരു റിപ്പോർട്ട് കൊടുത്തപ്പോൾ അതിൽ പിശക് വന്നു എന്നല്ലാതെ ഇതുവരെ റിട്ടയർ ചെയ്ത ആരെയും ഗവൺമെന്റ് സസ്പെൻഡ് ചെയ്തിട്ടില്ല. ഇവിടെ തെറ്റ് ചെയ്ത ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം വിജിലൻസ് റിപ്പോർട്ട് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയവരുടെ മേൽ നടപടി സ്വീകരിക്കുകയും സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട രാജൻ മധേക്കറുടെ റിപ്പോർട്ടിനെപ്പറ്റി എത്ര വലിയ കോലാഹലമാണുണ്ടായത്. ഇപ്പോൾ അവർ വലിയ ലോഹ്യത്തിലാണ്. രാജൻ മധേക്കരുടെ റിപ്പോർട്ടിൽ ഇടുക്കിയിലെ ഒരു ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെയും മറ്റു ചിലരുടെ പേരുകളുമാണുള്ളത്. പക്ഷെ രാജൻ മധേക്കർ ഇതിൽ സവിശേഷമായി പറയുന്ന കാര്യങ്ങൾ ആർ.ഡി.ഒ. അന്വേഷിച്ച് റിപ്പോർട്ട് ഗവൺമെന്റിന് നൽകുകയും അതിൻമേൽ അന്വേഷണം നടത്താൻ ഗവൺമെന്റ് ഉത്തരവിടുകയും ചെയ്തു. രാജൻ മധേക്കറുടെ റിപ്പോർട്ടിൻമേൽ എന്ത് നടപടി എടുത്തു എന്ന് ചോദിക്കുന്നതിൽ അർത്ഥമില്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്നു എന്നു പറഞ്ഞ റിപ്പോർട്ട് തെറ്റാണ്. നാല് സെന്റാണോ എട്ട് സെന്റാണോ എന്ന് കൃത്യമായി ഞാൻ ഓർക്കുന്നില്ല. അത് ലാന്റ് ട്രൈബ്യൂണൽ നിയമപ്രകാരം അദ്ദേഹത്തിന് പതിച്ചുകൊടുത്തിരിക്കുന്ന ഭൂമിയാണ്. അത് സംബന്ധിച്ച് വന്ന പത്ര വാർത്തയ്ക്കെതിരായി പഞ്ചായത്ത് പ്രസിഡന്റ് ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ അങ്ങ് കൂടി പങ്കെടുത്ത യോഗത്തിൽ കെ.എസ്.ഇ.ബി.-യുടെ പദ്ധതി പ്രദേശത്തിന്റെ ഭാഗമായി മാറ്റിയിട്ടിരുന്ന ഭൂമി പെരുഞ്ചാങ്കുട്ടിയിലെ അയ്യായിരത്തോളം കർഷകർക്കും, രാജാക്കാട് ഇരട്ടയാർ ബൈസൻവാലി മേഖലയിൽ ഇതുപോലെ ആവശ്യത്തിനുവേണ്ടി തിരിച്ചിട്ടിരുന്നതാണ്. ഈ കർഷകർക്ക് പട്ടയം കൊടുക്കുന്ന കാര്യം പരിഗണിക്കുമെന്ന് പറഞ്ഞിരുന്നു. എന്നാൽ പെരിഞ്ചാങ്കുട്ടിയിലെ കർഷകർക്കും രാജാക്കാട്ടിലെയും ഇരട്ടയാറിലേയും ബൈസൻവാലിയിലേയും കർഷകർക്കും പട്ടയം കൊടുക്കാനുള്ള നടപടികൾ എന്തെങ്കിലും ആയിട്ടുണ്ടോ? അതു സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്നുകൂടി പറയുന്നത് നല്ലതായിരിക്കും.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട റോഷി അഗസ്റ്റിനും ഇതേ ആവശ്യം തന്നെ ഉന്നയിച്ചിരുന്നു. കെ.എസ്.ഇ.ബി.-യുടെ ആവശ്യത്തിനല്ല എന്ന് പറഞ്ഞിരിക്കുന്ന സ്ഥലം തീർച്ചയായിട്ടും കർഷകർക്ക് പതിച്ച് കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവിടെ ഒരുകാര്യം പറയട്ടെ, ഇടുക്കിയിലെ വാഗമൺ മുൺ മലയിൽ പത്തേക്കർ കയ്യേറ്റമുള്ളതായി റിപ്പോർട്ട് കിട്ടിയിരുന്നു. 27-09-04 ൽ അത് മുഴുവനും ഒഴിപ്പിച്ചു. ഉടുമ്പൻചോല താലൂക്കിൽ ആദിവാസികളുടെ ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

കയ്യേറിയതായും റിപ്പോർട്ടുണ്ടായിരുന്നു. അത് മുഴുവനും ഒഴിപ്പിച്ചു. യു.ഡി.എഫ്. വന്നതിനുശേഷം ദേവികുളം താലൂക്കിൽ 121 കയ്യേറ്റക്കാരെ ഒഴിപ്പിച്ചിട്ടുണ്ട്. 135 ഏക്കർ കയ്യേറിയ 121 കേസുകളിൽ 91 കേസുകൾ ഒഴിപ്പിച്ചിട്ടുണ്ട്. 42 ഏക്കർ കയ്യേറ്റവും വീണ്ടെടുത്തു. ബാക്കി 30 പേരുടെ കയ്യേറ്റമാണ്. 93 ഏക്കറിൽ വരുന്ന 30 കയ്യേറ്റക്കാരെയാണ് ഒഴിപ്പിക്കാനുള്ളത്. അതിൻമേൽ ഹൈക്കോടതി സ്റ്റേയാണ്. സ്റ്റേയുള്ളതുകൊണ്ട് നമുക്ക് ഒന്നിനും നിർവ്വാഹമില്ല. സ്റ്റേയില്ലാത്ത മുഴുവൻ കേസുകളെ സംബന്ധിച്ചും ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു എന്നുള്ള കാര്യം മെമ്പർമാരെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

